# പതിനഞ്ചാം കേരള നിയമസഭ

# പത്താം സമ്മേളനം

2024 ഫെബ്രുവരി 13, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--377]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 2505 മുതൽ 2661 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 2662 മുതൽ 2743 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 2744 മുതൽ 2820 വരെ |
| തുറമുഖം - സഹകരണ വകുപ്പ് മന്ത്രി | : 2821 മുതൽ 2881 വരെ |

**<u>വ്യക്തിഗത വേൾഡ് റിക്കാർഡ് ജേതാക്കളായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കൽ</u>**

2505 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുണിവേഴ്സൽ റിക്കാർഡ്സ് ഫോറം, ലിംക ബുക്ക് ഓഫ് വേൾഡ് റിക്കാർഡ്, ഗിന്നസ് വേൾഡ് റിക്കാർഡ് എന്നിവ നേടുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാനും കൂടുതൽ കുട്ടികളെ ഇത്തരം ഉദ്യമങ്ങളിലേക്ക് ആകർഷിക്കുന്നതിനുമായി ധനസഹായ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കാമോ?

**<u>മസാല ബോണ്ടുകളുടെ വ്യവഹാരം</u>**

2506 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്ത മസാല ബോണ്ടുകളുടെ വ്യവഹാരത്തിൽ നിന്നും സർക്കാരിന് എത്ര രൂപ ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

**<u>2023-24 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ ധനസമാഹരണം</u>**

2507 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ധനസമാഹരണ പദ്ധതികളുടെ ലക്ഷ്യവും അതിൽ നിന്ന് കൈവരിച്ച നേട്ടവും വിശദമാക്കാമോ;

(ബി) 2023-24 ബജറ്റ് പ്രകാരം പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക എത്രയായിരുന്ന

എന്നും പ്രതീക്ഷിച്ച കേന്ദ്ര പ്രത്യേക ധനസഹായം എത്രയായിരുന്നു എന്നും അറിയിക്കുമോ; ഇതിൽ എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) 2023-24 ബജറ്റ് പ്രകാരം വിദേശ സഹായ പദ്ധതികൾക്കുള്ള ധനസഹായവും അധിക കേന്ദ്രസഹായവും എത്രയായിരുന്നു; എത്ര കൈവരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) 2023-24 ബജറ്റ് പ്രകാരം എസ്.എൽ.ആർ. ആധാരമാക്കിയുള്ള പൊതുകടമെടുപ്പ് തുക എത്രയായിരുന്നു എന്നും ഇതുവഴി ലഭിച്ചത് എത്ര കോടി രൂപയായിരുന്നു എന്നും അറിയിക്കുമോ;

(ഇ) 2023-24 സാമ്പത്തിക വർഷത്തിൽ ധനകാര്യ കമ്മീഷന്റെ പ്രത്യേക ഗ്രാന്റുകൾ വഴി ലക്ഷ്യമിട്ടത് എത്രയായിരുന്നു എന്നും ലഭിച്ചത് എത്ര കോടി രൂപയെന്നും വ്യക്തമാക്കാമോ?

## വിപണി വായ്പ

2508 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിപണി വായ്പയായി ഓരോ സാമ്പത്തിക വർഷവും സർക്കാർ സമാഹരിച്ച തുക എത്രയാണ്; പ്രസ്തുത വായ്പകളുടെ പലിശ നിരക്ക് എത്രയാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത വായ്പകൾ ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചതെന്നുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

## ബുക്ക് ഓഫ് ഫിനാൻഷ്യൽ പവേഴ്സ്

2509 **ഡോ. മാത്യൂ കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ധനകാര്യ വകുപ്പ് ബുക്ക് ഓഫ് ഫിനാൻഷ്യൽ പവേഴ്സ് എന്ന ഔദ്യോഗിക ഡോക്യുമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) എന്തെല്ലാം വിവരങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ?

## കേരളത്തിന് ലഭിച്ച കേന്ദ്ര ധനസഹായവും നികുതി വിഹിതവും

2510 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വരുമാനം സമാഹരിക്കുന്നതിൽ മികച്ച പ്രകടനം കാഴ്ചവച്ചിട്ടും സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നുള്ള ധനസഹായവും നികുതി വിഹിതവും

കുറയ്ക്കുകയാണുണ്ടായത് എന്നത് ആധികാരികമായി വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജനങ്ങൾക്ക് സൗജന്യങ്ങൾ പാടില്ലെന്ന കേന്ദ്ര നിലപാട് സംസ്ഥാനം തള്ളിക്കളഞ്ഞിട്ടുണ്ടോ; വികസന, ക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരു കുറവും വരുത്താതെ സംസ്ഥാനത്തെ വികസന ലക്ഷ്യങ്ങളിലേക്ക് നയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നവ ഉദാര സാമ്പത്തിക നയം തീവ്രമായി നടപ്പാക്കുന്ന രാജ്യത്ത്, കൃത്യമായ ബദൽ വഴികൾ തേടിക്കൊണ്ട് ഈ സർക്കാർ പ്രവർത്തിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ധനകമ്മീഷൻ നിശ്ചയിച്ച സമയക്രമം അനുസരിച്ചുള്ള ധനദൃഢീകരണ പ്രവർത്തനങ്ങൾ സംസ്ഥാനം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ധനകാര്യ കമ്മീഷൻ ഗ്രാന്റ്</u>

2511 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കഴിഞ്ഞ മൂന്ന് ധനകാര്യ കമ്മീഷനുകളുടെ (13,14,15 എന്നിവ) ശിപാർശകൾ പ്രകാരം ലഭിച്ച ഗ്രാന്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റിൽ സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ നൽകാനുള്ള കുടിശിക എത്രയാണെന്ന് വ്യക്തമാക്കാമോ?

## <u>സംസ്ഥാന സർക്കാരിന്റെ കുടിശ്ശിക</u>

2512 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികൾ, ഉച്ചഭക്ഷണ പദ്ധതി, സർക്കാർ കരാറുകാർക്ക് നൽകാനുള്ള തുക, ജീവനക്കാരുടെ ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും, ലൈഫ് പദ്ധതി എന്നിവയിൽ 31.12.2023 തീയതി വരെ എത്ര രൂപയുടെ കുടിശ്ശികയുണ്ടെന്ന് ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഇവയിൽ ഓരോന്നിനും എത്ര തുകയുടെ കുടിശ്ശിക വീതം കൊടുത്ത് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കുടിശ്ശിക തുക ഏത് രീതിയിലാണ് കണ്ടെത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ 31.12.2023 തീയതി വരെ എത്ര രൂപയുടെ കുടിശ്ശികയുണ്ട്; ആയതിന്റെ കണക്കുകൾ ലഭ്യമാക്കുമോ; കുടിശ്ശികയില്ലാതെ പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>സർഫാസി, സിബിൽ സ്കോർ എന്നിവ മൂലമുള്ള ബുദ്ധിമുട്ടുകൾ</u>

2513 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**

**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി ആക്റ്റ്, സിബിൽ സ്കോർ സംവിധാനം തുടങ്ങിയവ മൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ മൂലം സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) സിബിൽ സ്കോർ സംവിധാനത്തിലൂടെ സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന നടപടി റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കേന്ദ്രസഹായം ലഭ്യമാക്കാൻ നടപടി

2514 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പദ്ധതികൾ, ഗ്രാന്റുകൾ, നികുതി വിഹിതം എന്നീ ഇനത്തിലുള്ള കേന്ദ്രസഹായം കുടിശ്ശികയായുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവ ലഭ്യമാക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## ലണ്ടൻ സ്റ്റോക്ക് എക്സ്ചെയ്ഞ്ചിൽ ലിസ്റ്റ് ചെയ്ത മസാല ബോണ്ടുകൾ

2515 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സെല്ലിങ് വഴി മസാല ബോണ്ടുകൾ നൽകിയത് ഏത് സ്ഥാപനത്തിനാണെന്ന് വിശദമാക്കാമോ;

(ബി) പ്രൈമറി സെല്ലിങ് വഴി ബോണ്ട് വാങ്ങിയ സ്ഥാപനമാണോ ലണ്ടൻ സ്റ്റോക്ക് എക്സ്ചെയ്ഞ്ചിൽ ആയത് ലിസ്റ്റ് ചെയ്തത് എന്ന് വ്യക്തമാക്കാമോ;

(സി) ലണ്ടൻ സ്റ്റോക്ക് എക്സ്ചെയ്ഞ്ചിൽ ലിസ്റ്റ് ചെയ്ത മസാല ബോണ്ടുകളുടെ വ്യവഹാരത്തിൽ നിന്നും സർക്കാരിന് പണം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കേരള ഫിനാൻഷ്യൽ കോഡിൽ ഭേദഗതി

2516 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോഡ് ഭേദഗതി ചെയ്യുന്നതിനായി നാളിതുവരെ എത്ര സർക്കാർ ഉത്തരവുകൾ ബന്ധപ്പെട്ട വകുപ്പിൽ ലഭിച്ചിട്ടുണ്ട്; അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ ലഭ്യമാക്കിയ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം ഭേദഗതികൾ കേരള ഫിനാൻഷ്യൽ കോഡിൽ വരുത്തിയിട്ടുണ്ട്; ഏതെല്ലാം ഭേദഗതികൾ വരുത്തുന്നതിനായി അവശേഷിക്കുന്നുണ്ട്; ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടും കേരള ഫിനാൻഷ്യൽ കോഡിൽ ബന്ധപ്പെട്ട ഭേദഗതി വരുത്താത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

## നികുതിയും ഫീസും വർദ്ധിപ്പിച്ചത് വഴി സമാഹരിച്ച തുകയും നികുതി കുടിശ്ശികയും

2517 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21-ലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷത്തെ ബജറ്റിലും നികുതി, ഫീസ്, ഫെയർ വാല്യൂ എന്നിവ വർദ്ധിപ്പിച്ചത് വഴി തദ്ദേശസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ മുഖേന ഓരോ വർഷവും എത്ര തുകയാണ് അധിക വിഭവസമാഹരണമായി ലക്ഷ്യം വച്ചിരുന്നത്; ആയതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ലക്ഷ്യം വച്ച തുകയിൽ ഓരോ വർഷവും എത്ര തുക വീതം സമാഹരിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന നികുതി കുടിശ്ശിക എത്രയാണെന്നും അതിനുശേഷം ഓരോ വർഷവും അവസാനിക്കുമ്പോൾ ഉണ്ടായിരുന്ന നികുതി കുടിശ്ശിക എത്രയാണെന്നും നിലവിലെ കുടിശ്ശിക എത്രയാണെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ?

## പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി

2518 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; എങ്കിൽ അതിലെ നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ കാര്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ സംയോജിത ചരക്ക് സേവന നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ പ്രവർത്തനം നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## 2023-24 ബജറ്റിലെ പദ്ധതികളുടെ പുരോഗതി

2519 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന ന്യൂ എനർജി പാർക്കുകൾ, ഗ്രീൻ ഹൈഡ്രജൻ ഹബ്, ഇ.വി കൺസോർഷ്യം എന്നീ പദ്ധതികളുടെ പുരോഗതിയും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

## സംസ്ഥാനത്തിന്റെ റവന്യൂ ചെലവ്

2520 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റവന്യൂ ചെലവ്, മൂലധന ചെലവ്, വായ്പ തിരിച്ചടവിന്റെ ചെലവ് എന്നീ മൂന്ന് ഘടകങ്ങളിലും 2016-21 സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ഉണ്ടായിട്ടുള്ള ചെലവ് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിന്റെ റവന്യൂ ചെലവിൽ വികസന ചെലവ്, വികസനേതര ചെലവ് എന്നിവ എത്ര വീതമാണെന്നും ആകെ റവന്യൂ ചെലവിന്റെ എത്ര ശതമാനമാണെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ സംസ്ഥാനത്തിന്റെ മൂലധന ചെലവ് ഏതൊക്കെ ഇനത്തിലാണ് ഉണ്ടായിട്ടുള്ളത് എന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ടുകൾ

2521 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീമതി ഉമ തോമസ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ജി.എസ്.ടി ഇനത്തിൽ ഇരുപത്തയ്യായിരം കോടി രൂപ സംസ്ഥാനം നഷ്ടപ്പെടുത്തിയെന്ന് നിരീക്ഷിക്കുന്നതായി പറയപ്പെടുന്ന എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ അഞ്ചാമത്തേയും ആറാമത്തെയും റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) റിപ്പോർട്ട് അംഗീകരിക്കാത്തതിനെ തുടർന്ന് കമ്മിറ്റി ചെയർമാൻ രാജി സമർപ്പിച്ച എന്ന ആക്ഷേപം വസ്തുതാപരമാണോ; വിശദമാക്കാമോ?

## സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് വിവരങ്ങൾ

2522 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റവന്യൂ ചെലവ്, മൂലധന ചെലവ്, വായ്പ തിരിച്ചടവിന്റെ ചെലവ് എന്നീ മൂന്ന് ഘടകങ്ങളിലും ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ഉണ്ടായിട്ടുള്ള ചെലവ് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിന്റെ റവന്യൂ ചെലവിൽ വികസന ചെലവ്, വികസനേതര ചെലവ് എന്നിവ എത്ര വീതമാണെന്നും ആകെ റവന്യൂ ചെലവിന്റെ എത്ര ശതമാനമാണെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ സംസ്ഥാനത്തിന്റെ മൂലധന ചെലവ് ഏതൊക്കെ

ഇനത്തിലാണ് ഉണ്ടായിട്ടുള്ളതെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

**<u>ഇന്ധന വരുമാനം</u>**

2523 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ നടപ്പിലാക്കിയ ഇന്ധന സെസ്സും തുടർന്നുണ്ടായ ഇന്ധന വിലവർധനവ് കാരണവും സംസ്ഥാനത്ത് ഇന്ധന വിൽപ്പന പ്രതേകിച്ച് ഡീസൽ ഇന്ധനത്തിന്റെ വിൽപ്പന ഗണ്യമായി കുറഞ്ഞിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വാണിജ്യ വാഹനങ്ങളും സ്വകാര്യ വാഹനങ്ങളും അയൽ സംസ്ഥാനങ്ങളിൽ നിന്ന് വൻ തോതിൽ ഇന്ധനം നിറയ്ക്കുന്നത് കാരണം സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; ഇത് മറികടക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് അറിയിക്കുമോ;

(സി) ജനങ്ങൾ വ്യപകമായി ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നത് കാരണം ഇന്ധന വിൽപ്പനയിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വരുമാനം കുറഞ്ഞിട്ടുണ്ടോ; ഇലക്ട്രിക് വാഹനങ്ങൾ ആളുകൾ കൂടുതലായി ഉപയോഗിക്കുമ്പോൾ ഇന്ധന വില്പനയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന് പകരം വരുമാനം കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>റീ ബിൽഡ് കേരള</u>**

2524 **ശ്രീ. ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരളയ്ക്കായി 2022-2023 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതി വിഹിതം എത്രയാണ്; 2023-2024 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതി വിഹിതം എത്രയാണ്; 2022-2023 നെ അപേക്ഷിച്ച് 2023-2024 ലെ പദ്ധതി വിഹിതത്തിൽ ഉണ്ടായ കുറവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

**<u>മെഡിസെപ്പ് പദ്ധതി</u>**

2525 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ചില ആശുപത്രികൾ ഉപഭോക്താവിന് ബില്ല് നൽകാതെ ക്ലയിം നൽകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**<u>കോർ ഓഫ് ദ കോർ, കോർ എന്നീ സ്കീമുകൾ പ്രകാരമുള്ള പദ്ധതികൾ</u>**

2526 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പദ്ധതികളായ കോർ ഓഫ് ദ കോർ, കോർ എന്നീ സ്കീമുകൾ പ്രകാരം 2016-2021 ലെ സർക്കാരിന്റെ കാലം മുതൽ സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണെന്നും നാളിതുവരെ ഓരോ പദ്ധതിക്കും ലഭിച്ചിട്ടുള്ള കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണെന്നും വ്യക്തമാക്കുമോ?

## വായ്പാ തിരിച്ചടവ്

2527 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് ഗ്യാരണ്ടിയിൽ നാളിതുവരെയായി എടുത്ത വായ്പകളുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ മുതലിനത്തിലും പലിശയിനത്തിലും തിരിച്ചടച്ച ആകെത്തുക ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) കിഫ്ബി മുഖേന നാളിതുവരെ എടുത്ത വായ്പകളുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ മുതലിനത്തിലും പലിശയിനത്തിലും തിരിച്ചടച്ച ആകെത്തുക ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) കേരള സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി മുഖേന നാളിതുവരെ എടുത്ത വായ്പകളുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ മുതലിനത്തിലും പലിശയിനത്തിലും തിരിച്ചടച്ച ആകെത്തുക ഇനം തിരിച്ചു ലഭ്യമാക്കുമോ;

(ഡി) സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന എടുത്ത വായ്പകളുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ തിരിച്ചടവ് നടത്തിയിട്ടുണ്ടോ; എങ്കിൽ മുതലിനത്തിലും പലിശയിനത്തിലും തിരിച്ചടച്ച ആകെത്തുക ഇനം തിരിച്ചു ലഭ്യമാക്കുമോ?

## ലോകബാങ്ക് വായ്പ

2528 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്കിൽ നിന്ന് വിവിധ വകുപ്പുകൾക്കായി സംസ്ഥന സർക്കാർ നിലവിൽ എടുത്തിട്ടുള്ള വായ്പകളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) നിലവിലുള്ള ലോകബാങ്ക് വായ്പകളുടെ പലിശ നിരക്ക്, തിരിച്ചടവ് കാലാവധി, സംസ്ഥാന സർക്കാരിന്റെ മൊത്തം തിരിച്ചടവ് ബാധ്യത എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ലോകബാങ്ക് അല്ലാതെ മറ്റു അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്ന് സംസ്ഥാന സർക്കാർ നിലവിൽ എടുത്തിട്ടുള്ള വായ്പകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ വായ്പകളുടെ പലിശ നിരക്ക്, തിരിച്ചടവ് കാലാവധി, സംസ്ഥാന സർക്കാരിന്റെ മൊത്തം തിരിച്ചടവ് ബാധ്യത എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ

2529 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം

മറുപടി നൽകുമോ:

(എ) 2016-21 കാലയളവിലുള്ള സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ ഇനത്തിൽ സംസ്ഥാന സർക്കാരിന് ഓരോ സാമ്പത്തിക വർഷവും എത്ര തുക ലഭിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

## വിപണി വായ്പയും പലിശയും

2530 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ വിപണി വായ്പയായി ഓരോ സാമ്പത്തിക വർഷവും സമാഹരിച്ച തുക എത്രയാണെന്നും പ്രസ്തുത വായ്പകളുടെ പലിശ നിരക്ക് എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

## സംസ്ഥാനത്തിന്റെ പൊതുവായ കടബാധ്യത

2531 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടബാധ്യതയിൽ ഉൾപ്പെടുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ ഘടകത്തിലും 2016 -21 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ ബാധ്യത എത്ര വീതം ആയിരുന്നു എന്ന് ഇനം തിരിച്ചു വ്യക്തമാക്കുമോ?

## കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ

2532 **ശ്രീ. ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 -2021 കാലയളവിലുള്ള സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും വായ്പ ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക ലഭിച്ചു; വിശദമാക്കാമോ;

(ബി) പ്രസ്തുത തുക ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ?

## സംസ്ഥാനത്തിന്റെ കടബാധ്യത

2533 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടബാധ്യതയിൽ ഉൾപ്പെടുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ ഘടകത്തിലും നിലവിൽ സംസ്ഥാനത്തിന്റെ ബാധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പയുടേയും മുൻകൂർ തുകയുടേയും കുടിശിക 2021-22-ൽ എത്ര കോടി രൂപയായിരുന്നു; ഇത് സംസ്ഥാനത്തിന്റെ പൊതു കടത്തിന്റെ എത്ര ശതമാനം ആയിരുന്നു; വ്യക്തമാക്കാമോ;

(ഡി) കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പയുടേയും മുൻകൂർ തുകയുടേയും കുടിശിക 2022-23 ൽ എത്ര കോടി രൂപയായിരുന്നു; ഇത് സംസ്ഥാനത്തിന്റെ പൊതു കടത്തിന്റെ എത്ര ശതമാനം ആയിരുന്നുവെന്ന് വ്യക്തമാക്കുമോ?

**<u>സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ വായ്പ</u>**

2534 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ വായ്പയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(പി)നം. 53/2019/ഫിൻ. തീയതി, 03.05.2019 ഉത്തരവിനെ തുടർന്ന് കേരള ഫിനാൻഷ്യൽ ചട്ടങ്ങളിൽ ആവശ്യമായ നിയമാനുസൃത ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭേദഗതിക്ക് ഏത് തീയതി മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്; ഭേദഗതി ചെയ്തിട്ടുണ്ടെങ്കിൽ അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വായ്പ അനുവദിക്കുന്ന സമയത്ത് നിശ്ചയിച്ചിട്ടുള്ളതും കേരള ഫിനാൻഷ്യൽ ചട്ടങ്ങൾ 244 ഡി(2) ൽ പറയുന്ന കരാർ ലംഘനങ്ങൾ ഉണ്ടാകുമ്പോൾ ചുമത്തുന്നതുമായ 2.5 ശതമാനം നിരക്കിലുള്ള പിഴപ്പലിശ 18 ശതമാനമായി സ.ഉ.(പി)നം 53/2019/ഫിൻ. തീയതി, 03.05.2019 എന്ന സർക്കാർ ഉത്തരവിലൂടെ ഉയർത്തിയത്, സ.ഉ.(പി)നം. 505/2009/ഫിൻ. തീയതി, 12.11.2009 എന്ന സർക്കാർ ഉത്തരവ് പ്രകാരം 2009 മുതൽ അനുവദിച്ചിട്ടുള്ള എല്ലാ ഭവനവായ്പകൾക്കും ബാധകമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത വർദ്ധനവ്, സർക്കാർ ഉത്തരവിന്റെ/ബന്ധപ്പെട്ട ചട്ട ഭേദഗതി ഉത്തരവിന്റെ തീയതിയ്ക്ക് ശേഷം അനുവദിക്കുന്ന ഭവന വായ്പകൾക്ക് മാത്രമേ നിയമപ്രകാരം ബാധകമാക്കാൻ കഴിയൂ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇതിന്മേലുള്ള സർക്കാരിന്റെ തീരുമാനം വിശദമാക്കാമോ;

(ഡി) ഒരു സർക്കാർ ജീവനക്കാരന് ഭവന വായ്പ അനുവദിക്കുന്ന സമയത്ത് കേരള ഫിനാൻഷ്യൽ ചട്ടങ്ങൾ 244 ഡി(2)ൽ പറയുന്ന കരാർ ലംഘനങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ നിശ്ചയിച്ചിട്ടുള്ള പിഴപ്പലിശ പിന്നീട് ഒരു സർക്കാർ ഉത്തരവിലൂടെ ഭീമമായി ഉയർത്തുന്നത് വായ്പ അനുവദിക്കുന്ന സമയത്ത് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളുടെ ലംഘനമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വായ്പ അനുവദിക്കുന്ന സമയത്ത് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളിൽ പറഞ്ഞിട്ടില്ലാത്ത നിരക്കിലുള്ള പിഴപ്പലിശ ജീവനക്കാരനിൽ നിന്നും നിയമപ്രകാരം ഈടാക്കാൻ കഴിയുമോ; വിശദമാക്കാമോ;

(ഇ) ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും അനുവദിക്കുന്ന ഭവന വായ്പകളിൽ കരാർ ലംഘനങ്ങൾ ഉണ്ടാകുമ്പോൾ ആയത് നേരിയ പലിശ കൂടുതലുള്ള വ്യക്തിഗത വായ്പയായി തരം മാറ്റുന്ന നടപടികൾ മാത്രമാണ് സ്വീകരിക്കുന്നതെന്നിരിക്കെ, സർക്കാർ ജീവനക്കാരന് അനുവദിക്കുന്ന ഭവന വായ്പകളിൽ കരാർ

ലംഘനത്തിന്റെ പിഴപ്പലിശയായി സാധാരണ പലിശയുടെ രണ്ട് ഇരട്ടിയിൽ കൂടുതൽ തുക ഈടാക്കുന്നത് ഏത് ചട്ടങ്ങളുടെ/നിയമത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് അറിയിക്കാമോ;

(എഫ്) പിഴപ്പലിശ ചുമത്തുന്നത് സംബന്ധിച്ച് റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങളിൽ (റഫറൻസ് നമ്പർ ഡിബിഒഡി. ഡിഐആർ. ബിസി. 10/13.03.00/2003-04 ഓഗസ്റ്റ് 14, 2023) വായ്പകളിൽ കരാർ ചട്ടലംഘനം ഉണ്ടാകുന്ന കേസുകളിൽ ചുമത്തുന്ന പിഴപ്പലിശ തികച്ചും ന്യായമായിരിക്കണമെന്നും ആയത് ഒരു വരുമാനമാർഗമായി ഉപയോഗിക്കരുതെന്നുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## ദേശസാൽകൃത ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ ലഭിക്കാത്ത സ്ഥിതിവിശേഷം

2535 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകളിൽ ഭൂരിഭാഗവും വിദ്യാഭ്യാസ വായ്പകൾ നൽകുന്നതിൽ വലിയ വിമുഖത കാണിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉന്നതവിദ്യാഭ്യാസം ആഗ്രഹിച്ച് പഠനം ആരംഭിച്ച കുട്ടികളിൽ പലരും ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടും വായ്പ ലഭിക്കാതെ വിദ്യാഭ്യാസം പാതി വഴിയിൽ ഉപേക്ഷിക്കേണ്ടതായ സ്ഥിതിവിശേഷം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മാനസിക പ്രയാസങ്ങളടക്കമുള്ള വലിയ ബുദ്ധിമുട്ടുണ്ടാക്കുമെന്നിരിക്കെ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പലിശ സബ്സിഡി കുറച്ചത്

2536 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പലിശ സബ്സിഡി കുറച്ചതു കാരണം ഏതെല്ലാം വായ്പകളാണ് പ്രതിസന്ധിയിലായതെന്ന് വ്യക്തമാക്കാമോ;

(ബി) 4% പലിശ സബ്സിഡി കിട്ടിയിരുന്ന കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി ഇനത്തിൽ എത്ര കോടി രൂപ കേന്ദ്രസർക്കാർ നൽകാനുണ്ടെന്ന് അറിയിക്കാമോ?

## മസാല ബോണ്ടുകൾ

2537 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുമെന്നിരിക്കെ ഉയർന്ന പലിശയ്ക്ക് മസാല ബോണ്ടുകൾ വാങ്ങിയതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രൈവറ്റ് പ്ലേസ്മെന്റ് വഴിയാണോ സർക്കാർ മസാല ബോണ്ട് വിറ്റതെന്ന്

വ്യക്തമാക്കാമോ;

(സി) ലണ്ടൻ സ്റ്റോക്ക് എക്സ്ചെയ്ഞ്ചിൽ ലിസ്റ്റ് ചെയ്ത മസാല ബോണ്ടുകളുടെ വ്യവഹാരത്തിൽ നിന്നും സർക്കാരിന് പണം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കിഫ്ബി മുഖേനയുള്ള ജി.എച്ച്.എസ്.എസ് പെരിങ്ങോട്ടുകുറിശ്ശി സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി

2538 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തിയ കിഫ്ബി മുഖേന അനുവദിച്ച 3.88 കോടി രൂപയുടെ (ജി.ഇ.ഡി 006-16-2) ജി.എച്ച്.എസ്.എസ് പെരിങ്ങോട്ടുകുറിശ്ശി സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി (ജി.ഇ.ഡി 006-16-2) നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ഇരവിപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2539 **ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ കിഫ്ബി മുഖേന എത്ര പദ്ധതികൾക്ക് അനുമതി ലഭിച്ചുവെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായവ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

## കിഫ്ബിയുടെ ധന ഇടപാടുകളുടെ വിശദാംശങ്ങൾ

2540 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലെ വിവിധ അക്കൗണ്ടുകളിലായി 31.12.2023 തീയതിയിൽ എന്ത് തുക നീക്കിയിരിപ്പുണ്ട്; കണക്ക് ലഭ്യമാക്കുമോ;

(ബി) കിഫ്ബി ആരംഭിച്ചതിന് ശേഷം 31.12.2023 വരെ എന്ത് തുക സമാഹരിച്ചിട്ടുണ്ടെന്ന കണക്ക്, ഇനവും വർഷവും തിരിച്ച് ലഭ്യമാക്കുമോ;

(സി) വിവിധ ഏജൻസികകളിൽ നിന്നും കിഫ്ബി എടുത്ത വായ്പകൾക്ക് തിരിച്ചടവ് ആരംഭിയ്ക്കുന്ന തീയതി, തിരിച്ചടവ് കാലാവധി ഉൾപ്പടെയുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) കിഫ്ബിയുടെ ഏതെങ്കിലും വായ്പകൾക്കോ ബോണ്ടുകൾക്കോ വിദേശ കറൻസി നിരക്കിൽ തിരിച്ചടയ്ക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അത്തരം വായ്പകളുടെയും ബോണ്ടുകളുടെയും വിശദാംശം ലഭ്യമാക്കുമോ?

## തൃശ്ശൂർ മണത്തല ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ നിർമ്മാണം

2541 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന മണത്തല ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലിന്റെ വിശദാംശം ലഭ്യമാക്കാമോ?

## കിഫ്ബി മസാല ബോണ്ട്

2542 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ടിലൂടെ സമാഹരിച്ച തുക, മുതലും പലിശയും ഉൾപ്പെടെ തിരിച്ചടയ്ക്കേണ്ട തുക, നാളിതുവരെ തിരിച്ചടച്ച തുക എന്നിവ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ;

(ബി) ഏത് കമ്പനി മുഖേനയാണ് കിഫ്ബി മസാല ബോണ്ടിലൂടെ പണം സമാഹരിച്ചതെന്നും പ്രസ്തുത കമ്പനിയെ കണ്ടെത്തിയ രീതി എപ്രകാരമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) 2018 നവംബർ 16ന് സി.ഡി.പി.ക്യൂ. കമ്പനിയുടെ പ്രതിനിധികൾ അന്നത്തെ ധനകാര്യ മന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വിഷയത്തിന്മേലാണ് ചർച്ച നടന്നതെന്നും പ്രസ്തുത ചർച്ചയിൽ ആരൊക്കെ പങ്കെടുത്തുവെന്നും എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തതെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നവീകരണം

2543 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതി പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പൊന്മള ഗവ: യു പി സ്കൂൾ എന്നീ സ്കൂളുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

## കിഫ്ബി പദ്ധതി -കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണം

2544 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## <u>കിഫ്ബി</u>

2545 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 -2021 കാലയളവിലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്; നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) 2016 -2021 കാലയളവിലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കിഫ്ബി എത്ര പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്; എത്ര പദ്ധതികൾ ടെൻഡർ ചെയ്തിട്ടുണ്ട്; എത്ര പദ്ധതികൾ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്; എത്ര പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് എത്ര പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## <u>ദേശീയപാത ഭൂമി ഏറ്റെടുക്കലിന് കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതം</u>

2546 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കലിന് സംസ്ഥാന സർക്കാർ വിഹിതം നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് നൽകേണ്ടത്; വിശദാംശം നൽകാമോ;

(ബി) 2016 -21 -ലെ സർക്കാരിന്റെ കാലഘട്ടം മുതൽ സംസ്ഥാനത്ത് നിലവിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന ദേശീയപാത വികസന പദ്ധതികളിൽ ഓരോന്നിലും ഭൂമി ഏറ്റെടുക്കലിനായി നാളിതുവരെ ലഭിച്ചിട്ടുള്ള കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രവീതം ആണെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ദേശീയപാത വികസന പദ്ധതികളിൽ സർക്കാർ വിഹിതം നൽകുവാൻ സാധിക്കില്ല എന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ; ഇപ്രകാരം കേന്ദ്രത്തെ അറിയിക്കാനുള്ള കാരണം വ്യക്തമാക്കുമോ; ഈ പദ്ധതികളിൽ കേന്ദ്ര വിഹിതം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>വടക്കാഞ്ചേരി ഗവ. ബോയ്സ് ഹയർ സെക്കഡറി സ്കൂൾ കെട്ടിട നിർമ്മാണം</u>

2547 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് മുഖേന നടപ്പിലാക്കുന്നതും കിറ്റ്കോ നിർവ്വഹണ

ഏജൻസിയായിട്ടുള്ളതുമായ വടക്കാഞ്ചേരി മണ്ഡലത്തിലെ വടക്കാഞ്ചേരി ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

### <u>ബാലുശ്ശേരി മണ്ഡലത്തിലെ കിഫ്ബി ഫണ്ട് വിനിയോഗം</u>

2548 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന എത്ര പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കിഫ്ബി മുഖേന ബാലുശ്ശേരി മണ്ഡലത്തിൽ ഫണ്ട് അനുവദിച്ച വിവിധ വികസന പ്രവൃത്തികളുടെ നിലവിലെ പുരോഗതി വകുപ്പുകൾ തിരിച്ച് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോഴിക്കോട് ജില്ലയിൽ പുതിയ കിഫ്ബി പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) കിഫ്ബി ഫണ്ട് അനുവദിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; സാമ്പത്തിക അനുമതി നൽകിയ പ്രവൃത്തികൾ എത്ര സമയത്തിനുള്ളിലാണ് പൂർത്തീകരിച്ച് ബിൽ സമർപ്പിക്കേണ്ടതെന്ന് വിശദമാക്കാമോ?

### <u>കിഫ്ബി മുഖേന അംഗീകാരം നൽകിയ പദ്ധതികൾ</u>

2549 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കിഫിബിയിൽ ഫണ്ട് കണ്ടെത്തുന്നതിനായി എന്തൊക്കെ നടപടികളാണ് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കാമോ?

### <u>ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികൾ</u>

2550 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2016-ന് ശേഷം കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും നിർമ്മാണം പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ അവയുടെ നിർമ്മാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും പൂർത്തീകരിക്കാനുള്ള നടപടികളും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുകകളുടെ വിശദാംശവും ഇവയ്ക്ക് അനുമതി നൽകിയ തീയതികളും ഈ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിക്കുന്നതിന്

എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശവും ഇനം തിരിച്ച് വിശദമാക്കാമോ?

**<u>പാറശ്ശാല മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികൾ</u>**

2551 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

**<u>കൊല്ലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

2552 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ എതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

**<u>കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ അംഗീകാരം ലഭിച്ച കിഫ്ബി പദ്ധതികൾ</u>**

2553 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതി പ്രകാരമുള്ള ഏതൊക്കെ പ്രവൃത്തികൾക്കാണ് നാളിതുവരെ ധനകാര്യ അംഗീകാരം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ കിഫ്ബി പദ്ധതി പ്രകാരമുള്ള ഏതെങ്കിലും പ്രവൃത്തിക്ക് ധനകാര്യ അംഗീകാരം നിരസിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് ധനകാര്യ അംഗീകാരം നൽകാൻ കാലതാമസം നേരിടാനുള്ള കാരണം വ്യക്തമാക്കാമോ?

**<u>കോതമംഗലം നഗരസഭയുടെ കീഴിൽ ആധുനിക ക്രിമറ്റോറിയം നിർമ്മാണം</u>**

2554 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് കോതമംഗലം നഗരസഭയുടെ കീഴിൽ ആധുനിക ക്രിമറ്റോറിയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുമോ; വ്യക്തമാക്കുമോ?

**<u>കിഫ്ബി പദ്ധതികൾ</u>**

2555 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പണം മുടക്കുന്ന എത്ര വികസന പദ്ധതികൾക്കാണ് 2016 മുതൽ 2023 ഡിസംബർ വരെ അംഗീകാരം നൽകിയിട്ടുള്ളത്; ഇതിനായി എത്ര കോടി രൂപയാണ് കിഫ്ബി അനുവദിച്ചത്; വിശദമാക്കാമോ;

(ബി) ഇവയിൽ 2023 ഡിസംബർ വരെ പൂർത്തിയായ പദ്ധതികൾ എത്ര; ഇവയ്ക്ക് മാത്രമായി ചെലവഴിച്ച തുക എത്ര;

(സി) 2021-ന ശേഷം എത്ര പദ്ധതികൾക്ക് കിഫ്ബി വഴി അംഗീകാരവും പണവും നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

## <u>അരൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>

2556 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും നിർവ്വഹണ ഏജൻസിയുടെ പേരും വിശദമാക്കാമോ?

## <u>അടിവാരം-കേളൻമൂല റോഡ് നിർമ്മാണം</u>

2557 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന അടിവാരം-കേളൻമൂല റോഡിന് കിഫ്ബി ധനാനുമതി നൽകുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്ക് ധനാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>വർക്കല മണ്ഡലത്തിലെ കിഫ്ബി ഫണ്ട് വിനിയോഗം</u>

2558 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കിഫ്ബി ഫണ്ട് അനുവദിച്ച പ്രവൃത്തികളിൽ ആരംഭിക്കുവാനുള്ളവ ഏതെല്ലാമെന്നും അവയുടെ നിലവിലുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) ആരംഭിക്കുവാനുള്ള പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് കിഫ്ബി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ റോഡുകൾ

2559 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ പാലക്കാട്-എട്ടിക്കുളം എച്ച്.എസ്. റോഡ്, വെള്ളൂർ-പടിയോട്ടുചാൽ റോഡ് എന്നിവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ എസ്റ്റിമേറ്റ് ധനാനുമതിക്കായി സമർപ്പിക്കാൻ കെ.ആർ.എഫ്.ബി. യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് കിഫ്ബിയിൽ നിന്ന് ധനാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## അരൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്

2560 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അരൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരമുള്ള ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ?

## എം എൽ എമാരുടെ ആസ്തി വികസന പദ്ധതികളിൽ ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന

2561 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. മാരുടെ ആസ്തി വികസന പദ്ധതി വിനിയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളും മറ്റു പ്രവൃത്തികളും ധനകാര്യ ജില്ലാ പരിശോധന വിഭാഗങ്ങൾ എല്ലാ മാസവും പരിശോധന നടത്തി പ്രതിമാസ റിപ്പോർട്ട് ധനകാര്യ (നോഡൽ-ബി) വകുപ്പിൽ സമർപ്പിക്കുന്നുണ്ടോ; ഇത് കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ജില്ലാ പരിശോധന വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സെക്ഷൻ ഓഫീസർക്ക് പകരം അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ജില്ലാ ധനകാര്യ പരിശോധന ഉദ്യോഗസ്ഥനായി നിയമിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## ചലഞ്ച് ഫണ്ട് ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നത്

2562 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായുള്ള ചലഞ്ച് ഫണ്ട് സൗകര്യം ഏതൊക്കെ സ്കൂളുകൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഏറനാട് മണ്ഡലത്തിലെ വികസന പ്രവൃത്തികൾ

2563 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ 2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിൽ എം. എൽ. എ. പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതിനെല്ലാം ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് തുക സഹിതം വിശദമാക്കാമോ;

(സി) അവയിൽ എഗ്രിമെൻറ് വെച്ചത്, പണി പൂർത്തിയാക്കിയത്, സാങ്കേതിക തടസ്സങ്ങൾ മൂലം പൂർത്തിയാക്കാൻ കഴിയാത്തത് എന്നിവ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

## ആസ്തി വികസന ഫണ്ട്

2564 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിൽ നിന്നും റോഡ് ടൈൽ ഇടുന്നതിന് ഓരോന്നിനും പ്രത്യേകം പ്രത്യേകം അനുമതി വാങ്ങേണ്ടതായിട്ട് വരുന്നത് പ്രവൃത്തി ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനിടയാകുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ പ്രവൃത്തികളുടെയും എണ്ണം ഒരുമിച്ച് തിട്ടപ്പെടുത്തി അനുമതി നൽകാനുള്ള നടപടി സ്വീകരിക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ വികസന പദ്ധതികൾ

2565 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതും, പൂർത്തിയാവാത്തതുമായ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ആസ്തി വികസന പദ്ധതികളിൽ ഇതുവരെയുള്ള ടെണ്ടർ സേവിംഗ്സ് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ആസ്തി വികസനഫണ്ട് ഉപയോഗിച്ച് നടക്കുന്ന പ്രവൃത്തികൾ

2566 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടക്കുന്ന പ്രവൃത്തികളിൽ പ്രത്യേക അനുമതിക്കായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കുണ്ടറ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

2567 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതും പൂർത്തീകരിച്ചിട്ടുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയെന്നും അനുവദിച്ചിരുന്ന തുക,ടെണ്ടർ സേവിംഗ്സ് തുക എത്രയെന്നും വിശദമാക്കാമോ?

**പേരാമ്പ്ര മണ്ഡലത്തിലെ പ്രവൃത്തികൾക്ക് പ്രത്യേക അനുമതി**

2568 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ നിന്നും ആസ്തി വികസനഫണ്ട്, പ്രത്യേക വികസനഫണ്ട് എന്നിവയിലെ പ്രവൃത്തികൾക്ക് പ്രത്യേക അനുമതിക്കായി 2023-ൽ എത്ര പ്രൊപ്പോസലുകൾ (കത്തുകൾ) ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര പ്രൊപ്പോസലുകൾക്ക് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്; അവ ഏതൊക്കെയാണ്; വിശദമാക്കാമോ;

(സി) എത്ര പ്രൊപ്പോസലുകൾ നിരസിച്ചിട്ടുണ്ട്; അവ നിരസിക്കപ്പെട്ടതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ?

**കോങ്ങാട് നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

2569 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2022, 2022-2023 സാമ്പത്തിക വർഷങ്ങളിൽ കോങ്ങാട് നിയോജക മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) 2018-2019 മുതൽ 2020-2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കോങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള ടെൻഡർ സേവിംഗ്സ് എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

**കായംകുളം മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട്, ആസ്തിവികസന ഫണ്ട് എന്നിവ വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ**

2570 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ 2005 മുതൽ 2015 വരെ എം.എൽ.എ.യുടെ പ്രത്യേക വികസന നിധി, ആസ്തിവികസന ഫണ്ട് എന്നിവ വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ നിർമ്മാണം ആരംഭിച്ചിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത പദ്ധതികൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്നും കാരണവും വിശദമാക്കാമോ?

## എം.എൽ.എ-എസ്.ഡി.എഫ് ഫണ്ട് വിനിയോഗം

2571 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ-എസ്.ഡി.എഫ് ഫണ്ട് വിനിയോഗിക്കുമ്പോൾ ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന്റെ 10.01.2023-ലെ സ.ഉ.(സാധാ)നം. 191/2023/ധന ഉത്തരവ് അനുസരിച്ച് പ്രവൃത്തികൾ ചെയ്യുന്നതിന് 2023-24 വർഷത്തേയ്ക്ക് മേൽ ഉത്തരവ് നീട്ടി നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

## എം.എൽ.എ ആസ്തി വികസന ഫണ്ട്

2572 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ആസ്തി വികസന ഫണ്ട്, സ്പെഷ്യൽ വികസന നിധി എന്നിവയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതി ആവശ്യമുള്ള സാഹചര്യങ്ങളിൽ എം.എൽ.എ സമർപ്പിക്കുന്ന അപേക്ഷകൾക്ക് പ്രത്യേക അനുമതി ലഭിക്കുവാൻ കാലതാമസമെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സമയബന്ധിതമായി പ്രത്യേകാനുമതികൾ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

## കോതമംഗലം-പെരുമ്പൻകുത്ത് റോഡിലെ പുന്നേക്കാട് കവല വികസനം

2573 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്ന കോതമംഗലം-പെരുമ്പൻകുത്ത് റോഡിലെ പുന്നേക്കാട് കവല വികസനവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിട്ടുള്ള ഫയൽ (നം. 2625007/എൻ.സി-ബി3/199/2023-ധന) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫയലിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയൽ അടിയന്തരമായി തീർപ്പുകൽപ്പിച്ച് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## ക്ഷീര വികസന സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മാണം

2574 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കാമെന്ന് മാർഗ്ഗനിർദ്ദേശം ഉണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ ആസ്തി ഗ്രാമപഞ്ചായത്തുകളുടെയോ സർക്കാരിന്റെയോ അധീനതയിൽ അല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാഹചര്യത്തിൽ ഇത്തരം സഹകരണ സംഘങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിന് മാർഗ്ഗരേഖയിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടനിർമ്മാണം**

2575 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. എ.ഡി.എസി-ൽ തുക അനുവദിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ അനുമതിയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേന്ദ്ര സർക്കാർ ഗ്രാന്റുകൾ**

2576 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2023 ജൂലൈ മാസം വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും എത്ര കോടി രൂപ ഗ്രാന്റ് ഇനത്തിൽ ലഭിച്ചു എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; ഗ്രാന്റ് തുകയുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ?

**ക്ഷേമ പെൻഷനുള്ള കേന്ദ്ര വിഹിതം**

2577 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുള്ള കേന്ദ്രവിഹിതം ലഭിക്കാതെ വരുമ്പോൾ ക്ഷേമ പെൻഷൻ നൽകുന്നതിന് സംസ്ഥാനം എന്ത് നടപടിയാണ് സ്വീകരിച്ച് വന്നിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ക്ഷേമ പെൻഷൻ നൽകുന്നതിനുള്ള കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ 2021-22, 2022-23, 2023-24(2023 ഡിസംബർ വരെ) സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ സംസ്ഥാന ഖജനാവിൽ നിന്നും പ്രസ്തുത ആവശ്യത്തിനായി അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളിലെ കുടിശ്ശിക**

2578 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേന്ദ്ര വിഹിതം ലഭ്യമാക്കാതിരുന്നിട്ടുപോലും പല പദ്ധതികൾക്കും സംസ്ഥാന വിഹിതവും അധിക വിഹിതവും സംസ്ഥാന സർക്കാർ അനുവദിച്ച് വരുന്നുണ്ടോ;

വിശദമാക്കുമോ;

(സി) സംസ്ഥാന വിഹിതം നാല്പത് ശതമാനമോ അതിലധികമോ ഉള്ള പദ്ധതികൾ കേന്ദ്രം നിർദേശിക്കുന്ന പേരുകളിൽ നടത്തുവാനുള്ള സമ്മർദ്ദം എന്ന നിലയിൽ ഇത്തരം പദ്ധതികൾക്ക് അർഹമായ ഗ്രാന്റുകളും വിഹിതവും നൽകുന്നതിൽ കേന്ദ്ര സർക്കാർ മന:പൂർവ്വമായ വീഴ്ച വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## തിരശ്ചീന വികേന്ദ്രീകരണത്തിലൂടെയുള്ള നികുതി വിഹിതം

2579 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട തിരശ്ചീന വികേന്ദ്രീകരണത്തിലൂടെയുള്ള നികുതി വിഹിതം പതിനൊന്നാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ എത്ര ശതമാനം ആയിരുന്നു; 12, 13, 14, 15 ധനകാര്യ കമ്മീഷനുകളുടെ കാലയളവിൽ ഇത് യഥാക്രമം എത്ര ശതമാനമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ മേൽപ്പറഞ്ഞ ഓരോ ധനകാര്യ കമ്മീഷന്റെ കാലയളവിലും സംസ്ഥാനത്തിന് ലഭിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

## കേന്ദ്ര സർക്കാരിന് നൽകിയ നിവേദനങ്ങൾ

2580 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുന്നതിനും കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുള്ള ഗ്രാന്റ് ഉൾപ്പെടെയുള്ളവ ആവശ്യപ്പെട്ടുകൊണ്ടും നാളിതുവരെ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള കത്തുകളുടെയും നിവേദനങ്ങളുടെയും അവയ്ക്ക് കേന്ദ്രസർക്കാർ നൽകിയിട്ടുള്ള മറുപടികളുടെയും പകർപ്പ് ലഭ്യമാക്കുമോ?

## കേരളത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം

2581 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വിവിധയിനങ്ങളിലായി സംസ്ഥാനത്തിന് നൽകേണ്ട സാമ്പത്തിക വിഹിതം കുടിശ്ശിക ആയത് സംബന്ധിച്ച് കേന്ദ്ര ധനമന്ത്രി നടത്തിയ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ യാഥാർത്ഥ്യം വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം തരാതെയും സംസ്ഥാനത്തെ സാമ്പത്തികമായി അസ്ഥിരപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കുന്നു എന്നുള്ള ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത നടപടികൾക്കെതിരെ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; ധനവിഹിതത്തിലെ കുറവ് മൂലം പദ്ധതിനിർവ്വഹണം

തടസപ്പെടാതിരിക്കുവാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ എന്തൊക്കെ;

(ഡി) സംസ്ഥാന നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ്

2582 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് ശിപാർശ ചെയ്ത റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ആകെ എത്രയായിരുന്നു; ഇതിൽ ഓരോ വർഷവും സംസ്ഥാനം കൈപ്പറ്റിയ തുക എത്രയാണ്; ഇനി എത്ര തുക ലഭിക്കാനുണ്ട്; സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ?

## തദ്ദേശ പൊതു സർവീസ്

2583 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതു സർവീസിന്റെ ഭാഗമായി പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തദ്ദേശ വകുപ്പിലെ നിലവിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്തതിന്റെ ഭാഗമായും പുതിയതായി തസ്തിക സൃഷ്ടിച്ചതിന്റെ ഭാഗമായും അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ നബാർഡ് പദ്ധതികൾ

2584 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ നബാർഡ് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) നബാർഡ് മുഖേന പുതുതായി നടപ്പിലാക്കാനുള്ള ഏതൊക്കെ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

## ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം

2585 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിലെ ജീവനക്കാരുടെ തസ്തിക, എണ്ണം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന് ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം പരിശോധിക്കാമോ;

(സി) ചില ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങളിൽ സെക്ഷൻ ഓഫീസറും ഒരു

അസിസ്റ്റന്റും മാത്രമേയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം പരിശോധിക്കാമോ;

(ഡി) ഒരു സെക്ഷൻ ഓഫീസർ, മൂന്ന് അസിസ്റ്റന്റ് , ഒരു കംപ്യൂട്ടർ അസിസ്റ്റന്റ് എന്ന രീതിയിൽ ക്രമീകരിച്ച് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങളെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ മേഖല, താലൂക്ക്, ജില്ലാതല ഓഫീസുകളിലെ പരിശോധന കുറ്റമറ്റതാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>പെൻഷൻകാരുടെ ആനുകൂല്യങ്ങൾ</u>**

2586 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നൽകുവാനുള്ള പെൻഷൻ റിവിഷൻ അരിയർ, പുതുക്കിയ ഡി.ആർ, എന്നിവ എപ്പോൾ നൽകുവാനാകും എന്നറിയിക്കാമോ; വിരമിച്ച ജീവനക്കാർക്ക് നൽകുവാനുള്ള ഇത്തരം ആനുകൂല്യം നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കാതെ മരണപ്പെട്ട് പോയ എത്ര പെൻഷൻകാരുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; ഇത്തരം ആനുകൂല്യങ്ങൾ അടിയന്തരമായി അവരുടെ ആശ്രിതർക്ക് നൽകുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പെൻഷൻകാർക്ക് നൽകിയിട്ടുള്ള മെഡിസെപ്പ് പദ്ധതിയിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇത് സംബന്ധിച്ച് പെൻഷനേഴ്സ് സംഘടനകൾ നൽകിയ നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ?

**<u>എൻ.പി.എസ്. ജീവനക്കാർക്കുള്ള സർക്കാർ വിഹിതം</u>**

2587 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.പി.എസ് ജീവനക്കാർക്കുള്ള സർക്കാർ വിഹിതം മറ്റ് സംസ്ഥാനങ്ങളുടേതുപോലെ പതിനാലു ശതമാനമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) എൻ.പി.എസ്. ജീവനക്കാർക്ക് ഡി.സി.ആർ.ജി. പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) എൻ.പി.എസ്. ജീവനക്കാരുടെ കേന്ദ്ര അക്കൗണ്ടിൽ നിന്നും നാളിതുവരെ സർക്കാർ എത്ര രൂപ കടം എടുത്തിട്ടുണ്ട്; വർഷം തിരിച്ച് വ്യക്തമാക്കാമോ?

**<u>ജീവനക്കാർക്ക് പെൻ നമ്പർ അനുവദിക്കുന്നതിന് നടപടി</u>**

2588 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ ഉൾപ്പെട്ടതും 2019 മുതൽ സർക്കാർ ജീവനക്കാരായി വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ മുനിസിപ്പൽ കോമൺ സർവീസിൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് പെൻ നമ്പർ അനുവദിക്കുന്നതിനുള്ള തടസ്സം വിശദമാക്കാമോ;

(ബി) ധനകാര്യ വകുപ്പിന്റെ സർക്കുലർ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പെൻ നമ്പറാണ് നൽകേണ്ടത് എന്നിരിക്കെ സർക്കാർ ജീവനക്കാരാക്കി മാറ്റിയ നഗരസഭാ ജീവനക്കാർക്ക് പെൻ നമ്പർ അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പഞ്ചായത്ത് ഫണ്ടിൽ നിന്നും ശമ്പളം നൽകുന്ന പഞ്ചായത്ത് ജീവനക്കാർക്ക് പെൻ നമ്പർ അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>**മെഡിസെപ്പ് പദ്ധതി പ്രകാരമുള്ള പെന്റിംഗ് ക്ലെയിമുകൾ**</u>

2589 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ഡിസംബർ വരെ മെഡിസെപ്പ് പ്രീമിയം ഇനത്തിൽ എത്ര രൂപ ഇൻഷ്വറൻസ് കമ്പനിയ്ക്ക് ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) 2023 ഡിസംബർ വരെ എത്ര രൂപയുടെ ക്ലെയിമുകൾക്കാണ് അംഗീകാരം നൽകിയത്;

(സി) മെഡിസെപ്പ് പദ്ധതി പ്രകാരം എത്ര രൂപയുടെ ക്ലെയിമുകൾ പെന്റിംഗിലുണ്ട്; വിശദമാക്കാമോ?

<u>**ജില്ലാ ധനകാര്യ പരിശോധനാ ഉദ്യോഗസ്ഥരുടെ നിയമനം**</u>

2590 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ധനകാര്യ പരിശോധന ഓഫീസർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 22.02.2017-ലെ സ.ഉ.(കൈ) നം. 563/ 2017/ധന നമ്പർ ഉത്തരവിന്റെയും ജില്ലാ ലോൺ റീകൺസീലിയേഷൻ ഓഫീസർമാരുടെ നിയമനവുമായി ബന്ധപ്പെട്ട 17.01.1992-ലെ 546660/ഭരണം എ2 /1991/ധന നമ്പർ ഓഫീസ് ഉത്തരവിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) 22.02.2017-ലെ സ.ഉ.(കൈ) നം. 563/ 2017/ധന നമ്പർ ഉത്തരവിൽ സ്ത്രീ ശാക്തീകരണം, ലിംഗനീതി എന്നീ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അട്ടിമറിക്കുന്ന വ്യവസ്ഥകൾ/വാക്കുകൾ ഉൾക്കൊള്ളിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപ്രകാരം ലിംഗവിവേചനം പ്രകടിപ്പിക്കുന്ന വ്യവസ്ഥകൾ/വാക്കുകൾ പ്രസ്തുത ഉത്തരവിൽ നിന്നും നീക്കം ചെയ്ത് ജില്ലാ ധനകാര്യ പരിശോധന ഉദ്യോഗസ്ഥരുടെ നിയമനത്തിനായി ലിംഗഭേദമില്ലാതെ ധനകാര്യ വകുപ്പിലെ സെക്ഷൻ ഓഫീസർമാരുടെ പൊതു സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര

വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

**ബഡ്ജറ്റിൽ തുക അനുവദിച്ച ചിറ്റൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

2591 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ചിറ്റൂർ നിയോജകമണ്ഡലത്തിൽ ഇരുപത് ശതമാനം തുക അനുവദിച്ച ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകാത്തതെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, അനുമതിക്കായി വകുപ്പിൽ സമർപ്പിച്ചിരുന്നോ; വിശദമാക്കാമോ?

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പുതിയ മന്ദിര നിർമ്മാണം**

2592 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പുതിയ മന്ദിര നിർമ്മാണത്തിന് ബഡ്ജറ്റിൽ അനുവദിച്ച 6 കോടി രൂപയുടെ പ്രവൃത്തിക്ക് ആരോഗ്യ വകുപ്പ് പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് വിഭാഗം വഴി നൽകിയ ഡി.പി.ആർ അനുസരിച്ച് ധനകാര്യവിഭാഗം ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

**കണ്ണൂർ വനിതാ കോളേജിൽ കിഫ്ബിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

2593 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവണ്മെന്റ് വനിതാ കോളേജിൽ കിഫ്ബി പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**കെ.എസ്.ഇ.ബി. യുടെ യു.ജി. കേബിൾ സ്ഥാപിക്കൽ**

2594 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23ലെ ബജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതിയായ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര തിരുവൈരൂർ മഹാദേവക്ഷേത്രം എന്നീ പ്രദേശങ്ങളിൽ കെ.എസ്.ഇ.ബി. യുടെ യു.ജി. കേബിൾ സ്ഥാപിക്കുന്നതിന്റെ അനുമതി വേഗത്തിൽ ലഭ്യമാക്കുമോ?

**കോങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ**

2595 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റിൽ പ്രഖ്യാപിച്ചതും 20% ബജറ്റ് ടോക്കൺ പ്രൊവിഷൻ ലഭിച്ചതുമായ കോങ്ങാട് മണ്ഡലത്തിലെ

പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി ഇനം തിരിച്ച് വിശദമാക്കാമോ?

**നെന്മാറ മണ്ഡലത്തിലെ പദ്ധതികൾ**

2596 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച നെന്മാറ മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡ്**

2597 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 വർഷത്തെ ബജറ്റിൽ പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡിന് 10 കോടി രൂപ അനുവദിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് മറ്റേതെങ്കിലും ഫണ്ട് ഉപയോഗിച്ച് പണി പൂർത്തിയാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബജറ്റിൽ അനുവദിച്ച തുക മേപ്പയ്യൂർ-ചെറുവണ്ണൂർ-ആവള റോഡിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് കത്ത് ലഭിച്ചിരുന്നോ; വിശദമാക്കാമോ;

(ഡി) ധനകാര്യ വകുപ്പിലെ ബി1/105/23സി.പി.ഡബ്ല്യു.ഡി.-പി.എസ്.2/285/23 നമ്പർ ഫയലിൽ എടുത്ത തീരുമാനം വിശദമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

2598 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ചതും 20% ബജറ്റ് പ്രൊവിഷൻ ലഭിച്ചതുമായ കുന്നത്തുനാട് മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണവും വിശദമാക്കാമോ?

**2024-25 വർഷത്തേക്കുള്ള കേന്ദ്ര ഇടക്കാല ബഡ്ജറ്റ്**

2599 **ശ്രീ. ടി. പി .രാമകൃഷ്ണൻ**

**ശ്രീ കെ യു ജനീഷ് കുമാർ**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ 2024-25 വർഷത്തേക്കുള്ള ഇടക്കാല ബഡ്ജറ്റ് സംസ്ഥാനത്തിന്റെ ആവശ്യങ്ങളും താല്പര്യങ്ങളും നിരസിക്കുന്നതും പൊതുവേ നിരാശാജനകവുമാണെന്ന സാമ്പത്തിക വിദഗ്ധന്മാരുടെ അഭിപ്രായം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബജറ്റ് അവതരണത്തിന് മുന്നോടിയായി സംസ്ഥാന സർക്കാർ എന്തെല്ലാം ആവശ്യങ്ങളാണ് കേന്ദ്രസർക്കാരിന്റെ മുന്നിൽ അവതരിപ്പിച്ചിരുന്നതെന്നും ആയതിൽ എന്തെല്ലാം അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) സംസ്ഥാനം ദീർഘനാളായി ആവശ്യപ്പെടുന്ന എയിംസ് പോലുള്ള പുതിയ സ്ഥാപനങ്ങളോ, റെയിവേ വികസന പദ്ധതികളോ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന് അവകാശപ്പെട്ടതും, ന്യായമായതുമായ ആവശ്യങ്ങൾ നിരസിക്കുന്ന കേന്ദ്രസർക്കാരിന്റെ സംസ്ഥാന വിരുദ്ധ നിലപാട് തിരുത്തിക്കുന്നതിനും ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും ശക്തമായ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കാമോ?

### <u>റീ ബിൽഡ് കേരള പദ്ധതിയ്ക്കായി ഉൾപ്പെടുത്തിയിരുന്ന പദ്ധതി വിഹിതം</u>

2600 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരളയ്ക്കായി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതി വിഹിതം എത്രയാണ്; ഇതിൽ കേന്ദ്ര സഹായം എത്രയാണ്; സംസ്ഥാനവിഹിതം എത്രയാണ്; ഇതിൽ ചെലവഴിച്ച തുക എത്ര; വകയിരുത്തിയ തുകയുടെ എത്ര ശതമാനമാണ് ചെലവഴിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

### <u>പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ലക്ഷ്യമിട്ട തുക</u>

2601 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെയുള്ള ബഡ്ജറ്റിൽ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ലക്ഷ്യമിട്ട തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച കണക്കുകൾ വകുപ്പ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഓരോ വകുപ്പിലും മേൽപ്പറഞ്ഞ കാലയളവിൽ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക എത്രയെന്നും പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക ലാപ്സാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2021 മുതൽ നാളിതുവരെയായി നികുതി-നികുതിയേതര വരുമാന ഇനത്തിൽ എത്ര തുക ലഭിച്ചുവെന്ന് അറിയിക്കുമോ?

## സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയുടെ കടമെടുപ്പ്

2602 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയുടെ 2018-2021 കാലയളവിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള സി.എ.ജി. റിപ്പോർട്ടിൽ 2018 മുതൽ ഓരോ വർഷവും കമ്പനി ആവശ്യത്തിലധികം കടമെടുത്തിരുന്നു എന്ന കണ്ടെത്തൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) പെൻഷൻ വിതരണത്തിന് ആവശ്യമായ തുകയെക്കാൾ 4049 കോടി രൂപ അധികമായി 2019-20 കാലയളവിൽ കമ്പനി വായ്പയെടുത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയുടെ 2018 മുതൽ 2021 വരെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള സി.എ.ജി. റിപ്പോർട്ടിലെ 2018-19 വർഷത്തിൽ ബെവ്കോയിൽനിന്ന് 1000 കോടി കമ്പനിക്ക് ലഭിച്ചിട്ടുണ്ടെങ്കിലും വിവരങ്ങളോ വിശദീകരണങ്ങളോ ഇല്ലാത്തതിനാൽ ഇടപാടുകൾ പരിശോധിക്കാനായിട്ടില്ല എന്ന കണ്ടെത്തൽ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം ഗുരുതരമായ കണ്ടെത്തലുകളിൽ സർക്കാർ അന്വേഷണം നടത്തുന്നുണ്ടോ; വിശദമാക്കാമോ?

## സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയുടെ വായ്പാ ബാധ്യത

2603 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഷാഫി പറമ്പിൽ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി പെൻഷൻ വിതരണത്തിനായി എടുക്കുന്ന വായ്പയുടെ ബാദ്ധ്യത സർക്കാരിനായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്നാൽ 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിൽ പലിശ ഇനത്തിൽ 1596 കോടി രൂപ പെൻഷൻ കമ്പനി തന്നെ അടച്ചിട്ടുണ്ടെന്നത് വസ്തുതയാണോ; വിശദമാക്കുമോ;

(സി) പെൻഷൻ വിതരണത്തിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി എടുക്കുന്ന വായ്പയുടെ ബാദ്ധ്യതയിൽ നിന്നും സർക്കാർ പിന്മാറാനുള്ള തീരുമാനത്തിന്റെ ഭാഗമാണ് ഈ നടപടി എന്നത് വസ്തുതയാണോ; വിശദമാക്കാമോ?

## സാമൂഹ്യ സുരക്ഷാ പെൻഷൻ

2604 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 സർക്കാരിന്റെ കാലഘട്ടത്തിൽ 78 മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## ക്ഷേമ പെൻഷനുകളിലെ കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ

2605 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 -2016 കാലത്തെ സർക്കാരിന്റെ കാലത്ത് എത്ര പേർക്കാണ് ക്ഷേമ പെൻഷനുകൾ നൽകി വന്നിരുന്നത്; ഓരോ തരം പെൻഷനും എന്ത് തുക വീതമായിരുന്നു; ഇക്കാലത്ത് ഏതൊക്കെ ക്ഷേമ പെൻഷനുകൾ ആണ് കുടിശ്ശികയായത്; എത്ര മാസം കുടിശ്ശികയാണ് ഉണ്ടായത്; വിശദമാക്കാമോ;

(ബി) 2016-ൽ അധികാരത്തിൽ വന്ന സർക്കാർ, മുൻ സർക്കാരിന്റെ കാലത്ത് ഉണ്ടായ ക്ഷേമപെൻഷൻ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് എന്ത് തുകയാണ് അനുവദിച്ചത്; എത്ര മാസത്തെ കുടിശ്ശിക തീർക്കുന്നതിനാണ് ഈ പണം അനുവദിച്ചത്; വ്യക്തമാക്കാമോ;

(സി) 2016 മുതൽ ക്ഷേമ പെൻഷൻ ഓരോന്നിലും ഗുണഭോക്താക്കളുടെ എണ്ണത്തിലും നൽകുന്ന തുകയിലും വന്ന വർദ്ധനവ് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം ക്ഷേമ പെൻഷനുകളിൽ ആണ് കേന്ദ്ര സർക്കാർ വിഹിതമുള്ളത്; എന്തു തുക വീതമാണ് കേന്ദ്ര സർക്കാർ നൽകുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

## സാമൂഹിക സുരക്ഷാ പെൻഷൻ ഏകീകരണം

2606 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹിക സുരക്ഷാ പെൻഷൻ ലഭിക്കുന്ന ഒരാൾക്ക് ഒരു പെൻഷനായി നിജപ്പെടുത്തി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ക്ഷേമനിധിയിലേക്ക് അംശദായം അടയ്ക്കുന്ന വ്യക്തികൾക്ക് ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്നത് നിയമപരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ ക്ഷേമനിധി പെൻഷൻ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നിജപ്പെടുത്തുന്നതു നിയമപരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി

2607 **ശ്രീ. എ. പി. അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെ 2018 മുതൽ 2021 വരെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് സി.എ.ജി. റിപ്പോർട്ടിലെ കണ്ടെത്തലുകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(സി) പണമിടപാടുകൾ സംബന്ധിച്ച് പാസ്ബുക്ക് അല്ലാതെ മറ്റൊരു രജിസ്റ്ററും കമ്പനി സൂക്ഷിക്കുന്നില്ല എന്നതടക്കമുള്ള പ്രസ്തുത റിപ്പോർട്ടിലെ ഗുരുതരമായ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെ പ്രവർത്തനം സുതാര്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ?

## <u>ക്ഷേമ പെൻഷൻ നൽകുന്നതിന് രൂപീകരിച്ച കമ്പനി</u>

2608 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷൻ നൽകുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ രൂപീകരിച്ച പെൻഷൻ കമ്പനിയുടെ ഘടന എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ക്ഷേമ പെൻഷൻ വിതരണം പൂർണ്ണമായും പ്രസ്തുത കമ്പനിയാണോ നിറവേറ്റുന്നത്; കമ്പനിയുടെ സാമ്പത്തിക സമാഹരണം എങ്ങനെയാണ്; വിശദാംശം ലഭ്യമാക്കാമോ?

## <u>സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം</u>

2609 **ശ്രീ എം നൗഷാദ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; തനത് നികുതി വരുമാനത്തിലെ വാർഷിക വളർച്ചാനിരക്കിൽ മുന്നേറ്റം ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനടിസ്ഥാനമായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## <u>നികുതി വകുപ്പിന്റെ പുനസംഘടന</u>

2610 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വകുപ്പ് പുന:സംഘടിപ്പിച്ചതിലൂടെ എന്തെല്ലാം നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) നികുതി പിരിവിലും നികുതി വെട്ടിപ്പ് തടയുന്നതിലും വകുപ്പിന്റെ പ്രൊഫഷണലിസം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച നികുതി വിഹിതം**

2611 **ശ്രീ. ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന് കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച നികുതി വിഹിതം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാൻഡുകൾ, മറ്റ് ധനസഹായം എന്നീ ഇനങ്ങളിൽ എത്ര കോടി രൂപ വീതമാണ് ലഭിച്ചത് ; സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ?

**വിലക്കയറ്റ തോതും നികുതി വരുമാനവും**

2612 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം കെട്ടിടനിർമ്മാണം,വാണിജ്യം,ചരക്കുസേവനം തുടങ്ങിയ പ്രധാനപ്പെട്ട സെക്ടറുകളിലെ വിലക്കയറ്റ തോതും ആനുപാതികമായുള്ള നികുതി വരുമാനവും തമ്മിലുള്ള അന്തരം സംബന്ധിച്ച് ഏതെങ്കിലും തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**നികുതിയേതര വരുമാനം**

2613 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനത്തിന്റെ സ്രോതസ്സുകൾ ഏതൊക്കെയാണ്;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സ്രോതസ്സിൽ നിന്നും ഓരോ സാമ്പത്തിക വർഷവും ലഭിച്ച നികുതിയേതര വരുമാനം എത്രയെന്നും ആയത് ആകെ നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണെന്നും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വിശദമാക്കുമോ?

**നികുതി ചോർച്ച തടയുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

2614 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിഭവ സമാഹരണത്തിന്റെ ഭാഗമായി നികുതി ചോർച്ച തടയുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) മാഹിയിൽ നിന്ന് റോഡ് മാർഗ്ഗവും കർണാടക റിഫൈനറിയിൽ നിന്നും കടൽമാർഗ്ഗവും പെട്രോളും, ഡീസലും കടത്തുന്നതിലൂടെ നഷ്ടപ്പെടുന്ന നികുതി തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

**ധനക്കമ്മി**

2615 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 -21 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ ധനക്കമ്മി എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ധനക്കമ്മി നേരിടാൻ ഏതൊക്കെ വായ്പ ഇനങ്ങളെയാണ് സംസ്ഥാന സർക്കാർ ആശ്രയിച്ചത്; ഓരോ ഇനത്തിലും സമാഹരിച്ച തുക എത്ര വീതമാണ്; വിശദാംശങ്ങൾ സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

**നെയ്യാറ്റിൻകര മണ്ഡലത്തിൽ പൊഴിയൂർ ആശുപത്രിയ്ക്ക് അനുവദിച്ച തുക**

2616 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 സാമ്പത്തിക വർഷത്തിലെ പൊതുബഡ്ജറ്റിൽ നെയ്യാറ്റിൻകര മണ്ഡലത്തിൽ പൊഴിയൂർ ആശുപത്രിയ്ക്ക് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ-ന് ഭരണാനുമതി നൽകുമോ; വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകിയെങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവ് നമ്പർ വിശദമാക്കാമോ?

**തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ്. ഐ.ഐ.എസ്.ടി വേണ്ടി സ്ഥലം**

2617 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ് ഐ.ഐ.എസ്.ടി. എന്ന സ്ഥാപനത്തിന് സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിൽ സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക അനുവദിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചത് എന്നാണെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ സ്ഥലം ഉടമകൾക്കുള്ള തുക ലഭ്യമാക്കി ഈ സ്ഥലം എന്നേക്ക് ഏറ്റെടുക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം**

2618 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം പ്രകാരം തുക നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ഇത് പ്രകാരം എത്ര മാസത്തെ കാലാവധി നിശ്ചയിച്ചാണ് ബാങ്കുകൾ മുഖേന പണം കൈപ്പറ്റുന്നതിന് അനുമതി നൽകിയിട്ടുള്ളത്;

(സി) സർക്കാർ നിശ്ചയിച്ച കാലയളവിലും കൂടിയ കാലാവധിയിൽ അഡ്വാൻസായി തുക കൈപ്പറ്റുന്നതിന് താൽപര്യപ്പെടുന്ന കരാറുകാർക്ക് ആയതിന് അനുമതി നൽകാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

## ധനകാര്യ വകുപ്പിലെ സൂപ്പർ ന്യൂമററി സമാശ്വാസ തൊഴിൽദാന പദ്ധതി

2619 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 28.12.2015 ലെ സ.ഉ.(കൈ) നം.326/2015/പൊ.ഭ.വ. ഉത്തരവിലെ സൂപ്പർ ന്യൂമററി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ധനകാര്യ വകുപ്പിൽ നിയമിതരായ പതിനെട്ട് അസിസ്റ്റന്റുമാരുടെ തസ്തിക ക്രമീകരണം നടത്തിവരുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) 30.12.2023-ലെ ഉ.പ.സി. 150/2023/ഉ.ഭ.പ.വ. നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം 24.05.1999-ലെ ജി.ഒ. (പി) നമ്പർ 12/99/പി. ആൻഡ് എ.ആർ.ഡി. സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ ധനകാര്യ വകുപ്പിൽ നിയമിതരായ അസ്സിസ്റ്റന്റുമാർക്ക് 11.01.2024-ൽ ധനകാര്യ വകുപ്പിൽ നിന്ന് ലഭ്യമായ വിവരാവകാശ മറുപടി പ്രകാരം ഒൻപതോളം തസ്തികകൾ ഒഴിവ് ഉള്ളതായി കണക്കാക്കപ്പെടുന്നതിൽ നിന്നും അസിസ്റ്റന്റ് തസ്തികകളിൽ നിയമിതരായവരുടെ നിയമന ക്രമീകരണം നടത്തുന്നതിന്മേൽ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ;

(സി) 28.12.2015-ലെ സ.ഉ. (കൈ) നം.326/2015/പൊ.ഭ.വ. ഉത്തരവിലെ സൂപ്പർന്യൂമറി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ധനകാര്യ വകുപ്പിൽ നിയമിതരായ പതിനെട്ട് അസ്സിസ്റ്റന്റുമാർക്ക് ജി.ഒ. (പി) നമ്പർ 12/99/പി. ആൻഡ് എ.ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ധനകാര്യ വകുപ്പിൽ തസ്തിക ക്രമീകരണം നടത്തുന്നതിൽ കാലതാമസം വന്നതിന്റെ കാരണം വിശദമാക്കാമോ?

## ഗ്രാമവികസനത്തിനായി ഉൾപ്പെടുത്തിയിരുന്ന പദ്ധതി വിഹിതത്തിന്റെ ചെലവ്

2620 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഗ്രാമവികസനത്തിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതി വിഹിതം എത്രയാണെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; ആകെയുള്ള വിഹിതത്തിന്റെ എത്ര ശതമാനമാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഗ്രാമവികസനത്തിനായി വകയിരുത്തിയതിൽ പകുതിയോളം തുക

ചെലവഴിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

## വിവരാവകാശ നിയമം

2621 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമം Disclosure Under Section 4(1)(b) പ്രകാരം ഒരു സ്ഥാപനത്തിന്റെ പരിധിയിൽ വരുന്നത് എന്ന് ആ സ്ഥാപനം തന്നെ പ്രസ്താവിച്ചിട്ടുള്ള ഉപസ്ഥാപനങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമോ എന്ന് വ്യക്തമാക്കാമോ?

## സർക്കാർ സ്ഥാപനങ്ങളുടെ വാടക ബാദ്ധ്യത ഒഴിവാക്കാനുള്ള നടപടി

2622 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളുടെ വാടക ബാദ്ധ്യത ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിന്നും ഇത്തരത്തിൽ എത്ര അപേക്ഷകളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## നികുതി വർദ്ധനവിലൂടെ ലഭിച്ച അധിക തുക

2623 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പള-പെൻഷൻ പരിഷ്കരണ കുടിശ്ശിക ഇനത്തിൽ നൽകാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ നികുതി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടും സാമ്പത്തിക സ്ഥിതി മെച്ചപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ വർദ്ധന, ഭൂമിയുടെ ന്യായവില വർദ്ധന എന്നീ ഇനങ്ങളിൽ മുൻ വർഷം ലഭിച്ചതിനെക്കാൾ അധികമായി ലഭിച്ച തുക എത്രയാണെന്ന് അറിയിക്കുമോ?

## കെ.എസ്.എഫ്.ഇ. വായ്പ കുടിശ്ശിക

2624 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. വായ്പ, ചിട്ടി എന്നിവയിൽ കുടിശ്ശിക വന്ന് റിക്കവറി നടപടികൾ നേരിടുന്നവർക്ക് ജപ്തി നടപടികൾ നിർത്തിവച്ച് ആശ്വാസ നടപടികൾ പ്രഖ്യാപിക്കുമോ; വിശദമാക്കാമോ;

(ബി) വായ്പ കുടിശ്ശിക പലിശ ഇളവ് നൽകി തവണകളായി തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയ നടപടി

2625 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതിന് ശേഷം ഇവയുടെ വിറ്റു വരവിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇവ ഏർപ്പെടുത്തുന്നതിന് തൊട്ട് മുൻപുള്ള വർഷം സംസ്ഥാനത്തിന് ഈ ഇനത്തിൽ കിട്ടേണ്ടുന്ന വിഹിതങ്ങളിൽ എത്ര തുക സമാഹരിച്ചു; ഇവ ഏർപ്പെടുത്തിയതിന് ശേഷം എത്ര തുക സമാഹരിച്ചു; കണക്ക് ലഭ്യമാക്കുമോ;

(ബി) പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതിന് ശേഷം അയൽസംസ്ഥാനങ്ങളിലെ പെട്രോൾ പമ്പുകളിൽ നിന്നും വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്ന പ്രവണത കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സെസ് ഏർപ്പെടുത്തുന്നതിന് മുൻപ് ലഭിച്ചിരുന്ന നികുതി വിഹിതത്തിൽ വലിയ ചോർച്ച ഉണ്ടാകുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ സെസ് പിൻവലിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## സേതുബന്ധൻ പദ്ധതിയിൽപ്പെട്ട അമ്പിട്ടാൻപൊട്ടി ശാന്തിഗ്രാമം പാലം

2626 **ശ്രീ. പി. വി. അൻവർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേതുബന്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തി, സെൻട്രൽ റോഡ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ഭരണാനുമതി ലഭ്യമാക്കിയ, നിലമ്പൂർ മണ്ഡലത്തിലെ അമ്പിട്ടാൻപൊട്ടി ശാന്തിഗ്രാമിൽ ചാലിയാറിന് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന പാലത്തിന് സർക്കാരിന്റെ ധനാനുമതി ആവശ്യമുണ്ടോ; പ്രസ്തുത പദ്ധതിയുൾപ്പെടുന്ന ഫയലിൽ ധനകാര്യ വകുപ്പ് തീരുമാനമെടുക്കാൻ താമസിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനകൾക്ക് വിധേയമാക്കേണ്ടതുണ്ടോ; 2019-ലെ പ്രളയത്തിൽ തകർന്ന പാലത്തിന് പകരമുള്ള പാലമായതിനാൽ നടപടികൾ പൂർത്തീകരിച്ച് ധനവകുപ്പിന്റെ അനുമതി എന്നത്തേയ്ക്ക് നൽകാനാകുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഫയൽ ധനവകുപ്പിലെ ഏത് സെക്ഷനിലാണ് നിലവിലുള്ളതെന്നും ഫയൽ നമ്പരടക്കമുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

## മാങ്കാവ് മേത്തോട്ട് താഴം റോഡ്

2627 **ശ്രീ. അഹമ്മദ് ദേവർകോവിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മാങ്കാവ് മേത്തോട്ട് താഴം റോഡിന് സ്ഥലം ഏറ്റെടുപ്പിനുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ?

## ഇരവിപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2628 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് കിലയെ നിർവ്വഹണ ഏജൻസിയാക്കി എത്ര സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്ന് സ്കൂളുകളുടെ പേര് സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2629 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച, കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കൊട്ടില, കല്ല്യാശ്ശേരി, കുഞ്ഞിമംഗലം, ചെറുകുന്ന് ബോയ്സ് എന്നീ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ കെട്ടിട നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

## പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ നവീകരണം

2630 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ നവീകരണം പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) പദ്ധതിക്കായി എത്ര സെന്റ് ഭൂമിയാണ് ഏറ്റെടുക്കേണ്ടത്; ഇതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

## നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2631 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിൽ ഓരോ പദ്ധതിയുടെയും വിശദാംശം നൽകാമോ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികളുടെ ടെണ്ടർ നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കഴനി-പഴമ്പാലക്കോട് റോഡ് പ്രവൃത്തിയുടെ പുരോഗതി

2632 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് മുഖേന അനുവദിച്ച 32.89 കോടി രൂപയുടെ കഴനി-പഴമ്പാലക്കോട് റോഡ് (പി. ഡബ്ല്യൂ. ഡി 004-124) പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത്

ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

**കിഫ്ബി ധനസഹായത്തോടെ വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡ് നിർമ്മാണം**

2633 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാൻ തീരുമാനിച്ച വടകര വില്യാപ്പള്ളി ചേലക്കാട് റോഡിനായി സമർപ്പിച്ച പുതുക്കിയ ഡി. പി. ആർ. പ്രകാരം എത്ര തുകയാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

**കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ്**

2634 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തിയുടെ പുതുക്കിയ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡി.പി.ആർ ആസ്പദമാക്കി സ്വീകരിക്കുന്ന തുടർ നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കിഫ്ബി എഫ്.ഡി.ആർ ടെക്നോളജി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**കൊണ്ടോട്ടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

2635 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ടെണ്ടർ നടപടികൾ പൂർത്തിയാകാത്തവയുടെ ടെണ്ടർ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കിഫ്ബി പദ്ധതി- വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണം**

2636 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; അനുമതി ലഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

**കൂത്തുപറമ്പ് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

2637 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിച്ചുവെന്നും അവയുടെ പുരോഗതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും ആയവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും വിശദമാക്കുമോ?

## ജി. എച്ച്. എസ് തോലന്നൂർ സ്കൂൾ കെട്ടിട നിർമ്മാണം

2638 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന 3.90 കോടി രൂപ അനുവദിച്ച പാലക്കാട് തോലന്നൂർ ജി. എച്ച്. എസ് കെട്ടിട നിർമ്മാണപ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിച്ച് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## കണ്ണമ്പ്ര വ്യവസായ പാർക്കിന്റെ പ്രവൃത്തി പുരോഗതി

2639 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണമ്പ്ര കിൻഫ്ര വ്യവസായ പാർക്കിന്റെ പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## നികുതി കുടിശ്ശിക

2640 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ നികുതി വരുമാനയിനത്തിൽ 2024 ജനുവരി 31 വരെ ലഭിച്ചിട്ടുള്ള ആകെ തുക എത്രയെന്ന് അറിയിക്കാമോ;

(ബി) 2023-24 സാമ്പത്തിക വർഷം വിവിധ നികുതിയിനങ്ങളിൽ സർക്കാരിന് ലഭിക്കാനുള്ള കുടിശ്ശിക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിൽ അബ്കാരി കുടിശ്ശിക, അണ്ടർ വാല്യുവേഷൻ എന്നീ ഇനങ്ങൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) 2024 മാർച്ച് 31ന് മുൻപ് എത്ര കുടിശ്ശിക തുക പിരിച്ചെടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്; ഇതിനായി എന്തെങ്കിലും കർമ്മ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## തനത് നികുതി വരുമാനത്തിന്റെ സ്രോതസ്സുകൾ

2641 **ശ്രീ. സനീഷ്‌കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ സ്രോതസ്സുകൾ ഏതൊക്കെയാണ്;

(ബി) ഓരോ സ്രോതസ്സിൽ നിന്നും മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ലഭിച്ച നികുതി വരുമാനം എത്ര രൂപ വീതമാണ്; ഇത് ആകെ നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണ്; വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ?

**<u>തനത് നികുതി വരുമാന സ്രോതസ്സുകൾ</u>**

2642 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ സ്രോതസ്സുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സ്രോതസ്സിൽ നിന്നും നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ലഭിച്ച നികുതി വരുമാനം എത്ര രൂപ വീതമാണ്; ഇത് ആകെ നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണ്; വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

**<u>അബ്കാരി ആംനെസ്റ്റി പദ്ധതി</u>**

2643 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി കുടിശിക തീർപ്പാക്കാനായി 2023-24-ൽ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അബ്കാരി കുടിശികയിനത്തിൽ ഈ സാമ്പത്തിക വർഷം എത്ര രൂപ പിരിഞ്ഞുകിട്ടി;വ്യക്തമാക്കാമോ?

**<u>നികുതി വെട്ടിപ്പു തടയാൻ നടപടികൾ</u>**

2644 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ച് നികുതി വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം തട്ടിപ്പുകളിലൂടെയുണ്ടാകുന്ന വരുമാന ചോർച്ച കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നികുതി വെട്ടിപ്പു തടയാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ?

## ജി.എസ്.ടി. വരുമാനത്തിലെ വർദ്ധനവ്

2645 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുന:സംഘടനയിലൂടെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താനും ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിനും ബില്ല് ചോദിച്ച് വാങ്ങുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## സർക്കുലാർ ട്രേഡിങ്ങ്

2646 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. ക്ക് കീഴിൽ സർക്കുലാർ ട്രേഡിങ്ങുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്ഥാപനങ്ങളുടെ പേര്, ഐ.റ്റി.സി ഇനത്തിൽ വെട്ടിപ്പ് നടത്തിയ തുക, ചുമത്തിയ പിഴത്തുക, ഈടാക്കിയ പിഴത്തുക , നടപടി സ്വീകരിച്ച തീയതി എന്നിവ നൽകാമോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ ടേൺ ഓവർ പെരുപ്പിച്ച് കാട്ടി ബാങ്കുകളിൽ നിന്നും വൻ തുക വായ്പ വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ വൻതോതിൽ നിക്ഷേപങ്ങൾ സ്വീകരിച്ച് കള്ളപ്പണം വെളിപ്പിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; ഇത്തരം സ്ഥാപനങ്ങളുടെ വിവരങ്ങൾ ഇ.ഡി.ക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ?

## ജി.എസ്.ടി. നികുതി വെട്ടിപ്പ്

2647 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാന ജി.എസ്.ടി. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം സംസ്ഥാനത്ത് എത്ര രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടെന്നും അതുവഴി എത്ര തുക സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## ബേക്കൽ ബീച്ച് ഫെസ്റ്റ്

2648 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബേക്കൽ ബീച്ച് ഫെസ്റ്റ് രണ്ടാം എഡിഷനിൽ ജി.എസ്.ടി ചുമത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ബേക്കൽ ബീച്ച് ഫെസ്റ്റിവൽ ഒന്നാം എഡിഷന് 2022

ഡിസംബർ 24 മുതൽ 2023 ജനവരി 2 വരെ എത്ര രൂപയാണ് ജി.എസ്.ടി ആയി സംഘാടക സമിതി അടക്കേണ്ടത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ടി തുക അടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ സംഘാടക സമിതിയിക്ക് എതിരെ വകുപ്പ് നടപടിയെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## സീക്രട്ട് സർവീസ് ഫണ്ട്

2649 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കു സേവന നികുതി വകുപ്പിൽ ധനകാര്യ വകുപ്പിന്റെ സർക്കുലർ 51/2009/ഫിൻ പ്രകാരം സീക്രട്ട് സർവീസ് ഫണ്ട് ചെലവഴിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഇവർ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്; അതിൽ എത്ര രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇവർ ക്യാഷ് ബുക്കും വൗച്ചറുകളും സൂക്ഷിക്കുന്നതായി പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനയുടെ വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന പണം ഇവരുടെ പേഴ്സണൽ ബാങ്ക് അക്കൗണ്ടിൽ ആണ് സൂക്ഷിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ചട്ടങ്ങൾക്ക് അനുസൃതമാണോ; വിശദമാക്കാമോ;

(ഡി) ഇവർ വരുത്തുന്ന ഓരോ ചെലവും മേലധികാരികൾ പരിശോധിക്കാറുണ്ടോ; സീക്രട്ട് ഫണ്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അല്ലാതെ പണം ചെലവാക്കിയാൽ ആയതിന്റെ ഉത്തരവാദി ആരാണ്; വ്യക്തമാക്കാമോ;

(ഇ) നികുതി വെട്ടിപ്പിനെ സംബന്ധിച്ച് നേരിട്ടു ബന്ധമില്ലാത്ത സംസ്ഥാന അന്യസംസ്ഥാന കേന്ദ്ര ഉദ്യോഗസ്ഥരുടെയും അവരുടെ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും കേരളത്തിലെ ഹോട്ടൽ ബില്ലുകൾക്കും മറ്റ് പാരിതോഷിക ബില്ലുകൾക്കും സീക്രട്ട് ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എഫ്) സീക്രട്ട് ഫണ്ട് ചെലവുകൾ പരിശോധിക്കുവാൻ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന് അധികാരമുണ്ടോ; വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ ജി.എസ്.ടി. കോംപ്ലക്സ് നിർമ്മാണം

2650 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കോംപ്ലക്സ് നിർമ്മിക്കുന്നതിന് കാസർഗോഡ് ജില്ലയിൽ സ്ഥലം റിസർവ്വ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര അളവ് സ്ഥലം എവിടെയാണ് റിസർവ്വ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ എസ്റ്റിമേറ്റ് എപ്പോൾ തയ്യാറാക്കുമെന്നും എത്ര രൂപയുടെ എസ്റ്റിമേറ്റാണ്

ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പ്രവൃത്തിക്ക് തുക മാറ്റിവെച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

**ശ്രീകണ്ഠാപുരം സബ്ട്രഷറി കെട്ടിട നിർമ്മാണം**

2651 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ്ട്രഷറിക്ക് വേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിന് പുതിയ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**ചാത്തന്നൂർ പൂയപ്പള്ളി സബ്ബ് ട്രഷറി കെട്ടിടനിർമ്മാണം**

2652 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പൂയപ്പള്ളി സബ്ബ് ട്രഷറിക്ക് ഗ്രാമ പഞ്ചായത്ത് വാങ്ങി നൽകിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനം ( നം.2533321/എസ്റ്റാ-സി3/2023/ധന ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**ലോട്ടറി സമ്മാനത്തുകയിൽ നിന്നുള്ള ടി.ഡി.എസ്.**

2653 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ലോട്ടറി സമ്മാനമായി പതിനായിരം രൂപയിൽ കൂടുതൽ ലഭിക്കുന്നവരിൽ നിന്ന് മുപ്പത് ശതമാനം ടി.ഡി.എസ്. പിരിക്കണമെന്ന കേന്ദ്ര നിയമത്തിലെ സെക്ഷൻ 194(ബി) സംസ്ഥാനത്ത് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 01-04-2023 മുതൽ 31-10-2023 വരെ പ്രസ്തുത നികുതി പിരിച്ചിട്ടില്ല എന്നതിന്റെ പേരിൽ സംസ്ഥാനത്തെ ജില്ലാ ലോട്ടറി ഓഫീസർമാർ, താലൂക്ക് ലോട്ടറി ഓഫീസർമാർ എന്നിവർക്ക് ഇൻകം ടാക്സ് വകുപ്പിന്റെ നോട്ടീസ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നോട്ടീസ് പ്രകാരം ഓരോ ഓഫീസർക്കും എത്ര രൂപയുടെ നികുതി കുടിശികയുടെ നോട്ടീസാണ് ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിൽ നികുതി ഈടാക്കുന്നത് സംസ്ഥാന ലോട്ടറിയുടെ വില്പനയെയും ചെറുകിട ലോട്ടറി കച്ചവടക്കാരെയും ദോഷകരമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നിയമ ഭേദഗതി ഒഴിവാക്കിക്കിട്ടുന്നതിനു സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

**കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ലാഭം**

2654 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറിയിലൂടെ 2022-23 സാമ്പത്തിക വർഷത്തിൽ എത്ര രൂപ ലാഭം കിട്ടിയിട്ടുണ്ടെന്നും ഈ തുക ഏതൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചതെന്നും അറിയിക്കാമോ?

**ചാത്തന്നൂരിൽ ഭാഗ്യക്കുറി സബ് ഓഫീസ്**

2655 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എത്ര ഭാഗ്യക്കുറി സബ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അറിയിക്കാമോ;

(ബി) ചാത്തന്നൂർ ആസ്ഥാനമായി ഒരു ഭാഗ്യക്കുറി സബ് ഓഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

**കെ.എസ്.എഫ്.ഇ.**

2656 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം ഇന്റർ കോർപ്പറേറ്റ് ലോൺ നൽകിയിട്ടുണ്ട്; പ്രസ്തുത ലോൺ നൽകിയത് എത്ര ശതമാനം പലിശ നിരക്കിലാണെന്നും എന്തൊക്കെ ജാമ്യമായി സ്വീകരിച്ച് കൊണ്ടാണെന്നും വിശദമാക്കാമോ;

(ബി) കേരള സർക്കാർ സ.ഉ.(പി).നം.131/2022/ഫിൻ. പ്രകാരം നടത്തുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ ഗ്രേഡിങ്ങിൽ നിന്ന് കെ.എസ്.എഫ്.ഇ.യെ ഒഴിവാക്കി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം കെ.എസ്.എഫ്.ഇ.യെ ഒഴിവാക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ. നാളിതുവരെ ഏതെല്ലാം ബാങ്കുകളിൽ നിന്ന് എത്ര രൂപ വീതം എത്ര ശതമാനം പലിശനിരക്കിൽ ഏതെല്ലാം തീയതികളിൽ കടമെടുത്തുവെന്നും അവ എന്ത് ആവശ്യങ്ങൾക്ക് വേണ്ടിയായിരുന്നുവെന്നും വിശദമാക്കാമോ;

(ഡി) കേരള സർക്കാർ സ.ഉ.(പി).നം.3/2017 പ്രകാരം കെ.എസ്.എഫ്.ഇ.യിൽ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള മാർഗനിർദേശരേഖ പ്രസിദ്ധീകരിക്കുകയും ആയതു പാലിക്കണമെന്ന് ബഹു.ഹൈക്കോടതി ഉത്തരവായിട്ടും 2017 മുതൽ ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ മാത്രം നടത്തി ട്രാൻസ്ഫർ നോംസ് നടപ്പിലാക്കാതെ നീട്ടികൊണ്ട് പോകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഇ) കെ.എസ്.എഫ്.ഇ.യുടെ ശാഖകളിൽ നിലവിൽ സാമ്പത്തിക തിരിമറിയുമായും ചിട്ടി വായ്പ തട്ടിപ്പുമായും ബന്ധപ്പെട്ട അന്വേഷണങ്ങൾ എത്രയെണ്ണം പൂർത്തിയായിയെന്നും എത്രയെണ്ണം പുരോഗമിക്കുന്നുവെന്നും വ്യക്തമാക്കാമോ;

പ്രസ്തുത വിഷയത്തിൽ ഉൾപ്പെട്ട ശാഖകൾ,ബന്ധപ്പെട്ട ജീവനക്കാർ,തിട്ടപ്പെടുത്തിയ തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) കെ.എസ്.എഫ്.ഇ. ചിട്ടി/ലോൺ തവണകൾ കുടിശികയായാൽ റവന്യൂ റിക്കവറി വിഭാഗത്തിലേക്ക് മാറ്റാൻ സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; സമയബന്ധിതമായി റവന്യൂ റിക്കവറിയിലേക്ക് മാറ്റിയ കുടിശിക അക്കൗണ്ടുകൾ പിരിച്ചെടുക്കുന്നതിൽ പരാജയപെട്ടാൽ തുക ബന്ധപ്പെട്ട ജീവനക്കാരന്റെ റിട്ടയർമെന്റ് ആനുകൂല്യത്തിൽ നിന്ന് ഈടാക്കുമോ അതോ കുടിശികക്കാരന്റെ സ്ഥാവര ജംഗമ വസ്തുക്കൾ ലേലം ചെയ്ത് ഈടാക്കുമോ എന്ന് വ്യക്തമാക്കാമോ; കെ.എസ്.എഫ്.ഇ അവസാനമായി വസ്തു ലേലം ചെയ്തു വിറ്റ് കുടിശിക തുക ഈടാക്കിയത് ഏത് വർഷമാണെന്ന് അറിയിക്കുമോ; കെ.എസ്.എഫ്.ഇ റവന്യൂ റിക്കവറി വിഭാഗം നാളിതു വരെ പിരിച്ചെടുക്കുവാൻ ബാക്കിയുള്ള ആകെ തുക എത്രയാണെന്ന് വിശദമാക്കാമോ;

(ജി) 01.09.2022 മുതൽ നാളിതുവരെ കെ.എസ്.എഫ്.ഇ. യിൽ നിലനിൽക്കുന്ന ഒറ്റ തവണ തീർപ്പാക്കൽ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; കുടിശികയായ അക്കൗണ്ടുകളിൽ 01.09.2022ന് ശേഷം പരമാവധി എത്ര ശതമാനം വരെ ഇളവ് അനുവദിച്ചിട്ടുണ്ട്; കുടിശികയായ അക്കൗണ്ടുകളിൽ 01.09.2022ന് ശേഷം ഇളവ് നൽകിയ അക്കൗണ്ടുകളുടെ എണ്ണം ആകെ തുക എന്നിവ വിശദമാക്കാമോ?

## <u>സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ ആധുനികീകരണം</u>

2657 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ ഡിജിറ്റൽ സംവിധാനത്തിൽ തയ്യാറാക്കുന്ന ഇക്കാലഘട്ടത്തിൽ ഇൻഷ്വറൻസ് സേവനങ്ങളും പൂർണമായും ഡിജിറ്റൽ ആക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) വിരമിച്ച ഉദ്യോഗസ്ഥരുടെ ഇൻഷ്വറൻസ് പാസ് ബുക്കുകൾ അവർ ജോലിചെയ്തിരുന്ന ഓഫീസുകളിലെ അധികാരികളെക്കൊണ്ട് പതിപ്പിച്ച് ഇൻഷ്വറൻസ് വകുപ്പിൽ ഹാജരാക്കുന്ന സംവിധാനം നിർത്തലാക്കി സ്പാർക്കുമായി ബന്ധപ്പെടുത്തി പൂർണമായും ഡിജിറ്റലായി പ്രസ്തുത നടപടികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ?

## <u>ജി.പി.എ.ഐ.എസ്. ഇൻഷ്വറൻസ് പദ്ധതി</u>

2658 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.പി.എ.ഐ.എസ്. ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2023-24-ൽ പ്രീമിയം ഇനത്തിൽ എത്ര രൂപ ലഭിച്ചുവെന്ന് അറിയിക്കാമോ;

(ബി) 2023 ഡിസംബർ വരെ എത്ര രൂപയുടെ ക്ലെയിമുകൾക്കാണ് അംഗീകാരം നൽകിയതെന്നും എത്ര രൂപയുടെ ക്ലെയിമുകൾ പെന്റിംഗിലുണ്ടെന്നും വിശദമാക്കാമോ?

## കാസർഗോഡ് മെഡിസെപ്പ് പദ്ധതിപ്രകാരം ചികിത്സ ലഭ്യമാക്കുന്ന ആശുപത്രികൾ

2659 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് നിലവിൽ മെഡിസെപ്പ് പദ്ധതിപ്രകാരം ചികിത്സ ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കാസർഗോട് ജില്ലയിലെ കൂടുതൽ ആളുകളും വിദഗ്ധ ചികിത്സയ്ക്കായി ആശ്രയിക്കുന്ന കർണ്ണാടകയിലെ മംഗലാപുരത്തെ ആശുപത്രികളെ കൂടുതൽ ആശുപത്രികളെ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## മെഡിസെപ്പ് പദ്ധതി

2660 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിന്റെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ എത്ര കോടി രൂപ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) മെഡിസെപ്പിൽ പുതുതായി സ്വകാര്യ ആശുപത്രികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) മാരക രോഗങ്ങളുടെ ചികിത്സയ്ക്ക് വേണ്ടി രൂപീകരിച്ചിട്ടുള്ള കോർപ്പസ് ഫണ്ടിൽ നിന്നും ഇതുവരെ എത്ര അധിക തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

## മെഡിസെപ്പ് പദ്ധതിയിൽ ആശ്രിതരെ ഉൾപ്പെടുത്തുന്നതിന് നടപടി

2661 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കിയ മെഡിസെപ്പ് പദ്ധതിയിൽ ആശ്രിതരെ ഉൾപ്പെടുത്താൻ സമയം അനുവദിച്ചിരുന്നത് ഏത് തീയതിവരെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തീയതിക്ക് ശേഷം ആശ്രിതരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എത്ര അപേക്ഷകൾ ഓൺലൈനായി സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് ആശ്രിതരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ അപേക്ഷ സമർപ്പിച്ചവരുടെ പ്രൊഫൈലിൽ അശ്രിതരെ ഉൾപ്പെടുത്തിയതായി കാണുകയും, മെഡിസെപ്പ് കാർഡിൽ ആശ്രിതരുടെ പേര് വിവരം ഉൾപ്പെടാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ?

## വെള്ളരിക്കുണ്ട് കോടതി

2662 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് താലൂക്കിൽ കോടതി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) കാഞ്ഞങ്ങാട് കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(ഡി) പ്രസ്തുത നടപടികൾ സംബന്ധിച്ച് ഭൂമി ഏറ്റെടുക്കൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

## <u>മുൻസിഫ് കോടതി സ്ഥാപിക്കുന്നത്</u>

2663 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ആസ്ഥാനമായി പുതിയ മുൻസിഫ് കോടതി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കോടതി പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഒരുക്കിയിട്ടും നിലമ്പൂർ മുൻസിപ്പൽ കോടതി ഇതുവരെയും തുടങ്ങാനാകാത്തതിന്റെ കാരണം വിശദമാക്കാമോ; മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ താലൂക്കായ നിലമ്പൂരിൽ മുൻസിഫ് കോടതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

## <u>നിയമ സഹായ നിധി</u>

2664 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയമ സഹായ നിധിയിലേക്കുള്ള ഫണ്ട് സമാഹരണം എപ്രകാരമെന്ന് വിശദമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം 2024 ജനുവരി 31 വരെ എത്ര തുക ഈ ഫണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; ഇതിൽ ധനവകുപ്പ് എത്ര തുകയുടെ അനുമതിയാണ് നൽകിയത്;

(സി) 2016-17 കാലയളവ് മുതൽ ഈ നിധിയിലേക്ക് ലഭിച്ച തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ?

## <u>ഒഫീഷ്യൽ ലാംഗ്വേജ് കമ്മീഷനിലെ ജീവനക്കാരന് നൽകാനുള്ള ശമ്പള കുടിശ്ശിക</u>

2665 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനാ സ്ഥാപനമായ അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചിട്ടും ജുഡീഷ്യറിയിൽ സേവനമനുഷ്ഠിച്ച കാലഘട്ടത്തിലെ 2016 മുതലുള്ള ശമ്പള കുടിശ്ശിക നിയമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒഫീഷ്യൽ ലാംഗ്വേജ് കമ്മീഷനിലെ ജീവനക്കാരന് നൽകാത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചിട്ടും ഒഫീഷ്യൽ ലാംഗ്വേജ് കമ്മീഷനിലെ

ജീവനക്കാരന് ശമ്പള കുടിശ്ശികയും ശമ്പളവും നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ജീവനക്കാരന് ശമ്പളം നൽകുന്ന സ്പാർക്ക് സംവിധാനത്തിൽ താൽക്കാലികമായ മാറ്റം വരുത്താൻ അക്കൗണ്ടന്റ് ജനറലും നിയമ സെക്രട്ടറിയും നിർദ്ദേശിച്ചിട്ടും ഒഫീഷ്യൽ ലാംഗ്വേജ് കമ്മീഷനിലെ ഡി.ഡി.ഒ അത് നടപ്പിലാക്കിയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഡി.ഡി.ഒ. യിൽ നിന്നും പ്രസ്തുത തുകക്കുള്ള പലിശ ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) രണ്ട് ശസ്ത്രക്രിയകൾ കഴിഞ്ഞ ജീവനക്കാരന് തുടർ ചികിത്സയ്ക്കുള്ള പണം ലഭ്യമാക്കാൻ പ്രസ്തുത കുടിശ്ശിക വേഗം നൽകാൻ നടപടി സ്വീകരിക്കുമോ?

## കിനാലൂരിൽ കെ.എസ്.ഐ.ഡി.സി-യ്ക്ക് അനുവദിച്ച ഭൂമി

2666 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാലൂരിൽ കെ.എസ്.ഐ.ഡി.സി-യുടെ ഉടമസ്ഥതയിൽ എത്ര ഏക്കർ ഭൂമിയാണ് ഉണ്ടായിരുന്നത്; വ്യവസായ ആവശ്യങ്ങൾക്ക് പുറമെ വിവിധ സർക്കാരുകളുടെ കാലത്ത് എത്ര ഭൂമിയാണ് മറ്റ് സ്ഥാപനങ്ങൾക്കായി നൽകിയിട്ടുള്ളത്; ഓരോ സ്ഥാപനങ്ങൾക്കും നൽകിയ ഭൂമിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കിനാലൂരിൽ കെ.എസ്.ഐ.ഡി.സി-യിൽ നിലവിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്; ഈ സ്ഥാപനങ്ങൾക്ക് വ്യവസായ ആവശ്യങ്ങൾക്കായി എത്ര ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) വ്യവസായം ആരംഭിക്കാൻ കഴിയുന്ന എത്ര ഏക്കർ ഭൂമി നിലവിൽ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി-യുടെ കൈവശമുണ്ട്; വ്യക്തമാക്കാമോ?

## ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ ഭൂമി വിൽപ്പന

2667 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ എറണാകുളം കാക്കനാട് ഉള്ള 113 ആർ ഭൂമി വിൽക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഈ പൊതുമേഖലാ സ്ഥാപനത്തിന് തങ്ങളുടെ ഈ ഭൂമി വിൽപ്പനയ്ക്ക് വയ്ക്കേണ്ടിവന്ന സാഹചര്യമുണ്ടായത് എന്തുകൊണ്ടാണ് എന്ന് അറിയിക്കാമോ;

(സി) ഈ ഭൂമി വിൽക്കുന്നതിന് കേരളത്തിലെ പത്രമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും ടെൻഡർ പരസ്യം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളും വസ്തുവകകളും വിറ്റഴിക്കുന്ന കേന്ദ്രസർക്കാർ നയങ്ങളെ വിമർശിക്കുന്ന സംസ്ഥാന സർക്കാരും അതേ നിലപാട് സ്വീകരിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## കെൽപാമിന്റെ പ്രവർത്തനങ്ങൾ

2668 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽപാമിൽ പന അനുബന്ധ തൊഴിലാളികൾക്കായി എന്തൊക്കെ പ്രോജക്ടുകളാണ് 2022ൽ നിലവിൽ വന്ന മാനേജ്മെന്റ് രൂപീകരിച്ചത്; അറിയിക്കുമോ;

(ബി) എൻ.ബി.സി.എഫ്.ഡി.സി.യിൽ നിന്നും ലഭിച്ച ലോൺ കെൽപാം മാനേജ്മെന്റ് ,തൊഴിലാളികളെ കൊണ്ട് പിഴ പലിശ ഉൾപ്പെടെ തിരിച്ചടപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 2021-ൽ സർക്കാർ ഫണ്ട് ലഭിച്ച ചുക്ക് കാപ്പി മിക്സ് പ്രോജക്ടിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് അറിയിക്കുമോ; പ്രസ്തുത പ്രോജക്ടിൽ നിന്നും മാസം എത്ര ലക്ഷം രൂപയുടെ വിറ്റ് വരവുണ്ടെന്ന് അറിയിക്കുമോ;

(ഡി) സെക്രട്ടേറിയറ്റ് അനെക്സ് ബിൽഡിങ്ങിന്റെ മുൻവശത്തുള്ള കെൽപാം ജ്യൂസ് സ്റ്റാൾ എന്ത് കൊണ്ട് പ്രവർത്തനരഹിതമായെന്ന് അറിയിക്കുമോ; ഇതിൽ കോർപറേഷന് ഉണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) 2020-ൽ തൃശ്ശൂർ അൻഫാർമ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ സോഡ ഫില്ലിംഗ് മെഷീന്റെ വാറന്റി നിലനിൽക്കെ കോയമ്പത്തൂർ മോഹൻ ആൻഡ് കോ എന്ന കമ്പനിയിൽ നിന്നോ മറ്റേതെങ്കിലും സ്ഥാപനത്തിൽ നിന്നോ സോഡ ഫില്ലിംഗ് മെഷീൻ വാങ്ങിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>കേരള സെറാമിക്സ് ലിമിറ്റഡ്</u>

2669 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സെറാമിക്സ് ലിമിറ്റഡിൽ നിലവിൽ എംഡി ഉണ്ടോ; മുൻപ് ഉണ്ടായിരുന്ന എം.ഡിയെ ഏത് സാഹചര്യത്തിൽ ആണ് റിയാബ് മെമ്പർ സെക്രട്ടറി ആയി നിയമിച്ചത്; ഇതിനായി ഇന്റർവ്യൂ നടത്തിയിരുന്നോ ; വ്യക്തമാക്കാമോ;

(ബി) നിലവിലെ മെമ്പർ സെക്രട്ടറി പി.എസ്.സി മുഖേന സർക്കാർ ജോലിയിൽ പ്രവേശിച്ച വ്യക്തി ആണോ; പ്രസ്തുത വ്യക്തിയുടെ പേരിൽ വിജിലൻസ് കേസുകൾ എന്തെങ്കിലും ഉണ്ടോ; വിശദമാക്കാമോ?

## <u>മോഡേൺ റൈസ് മിൽ</u>

2670 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തരൂർ നിയോജക മണ്ഡലത്തിലെ കാവശ്ശേരി കല്ലേപ്പുള്ളിയിൽ കെൽപാം എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ പ്രവർത്തനം ആരംഭിച്ച മോഡേൺ റൈസ് മിൽ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നേക്ക് പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാൻ കഴിയും; വ്യക്തമാക്കാമോ?

## <u>കേരള സിറാമിക്സ് കമ്പനിയുടെ നവീകരണം</u>

2671 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ മുതൽ 2021 ഒക്ടോബർ വരെ കേരള സിറാമിക്സ് കമ്പനിയുടെ നവീകരണത്തിനായി 37,57,87,000 രൂപയും കമ്പനിയുടെ കൊല്ലം മുണ്ടക്കൽ ഉള്ള സ്ഥലം വിറ്റവകയിൽ 9,60,28,321 രൂപയും ഗവൺമെന്റ് ഫണ്ടായി ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നവീകരണം ശരിയായ രീതിയിൽ നടക്കാത്തതിനാൽ കമ്പനിക്കുണ്ടായ നഷ്ടത്തെക്കുറിച്ച് വകുപ്പ് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) കെ.എസ്.ഇ.ബി.യ്ക്ക് നൽകാനുള്ള കുടിശ്ശിക തീർപ്പാക്കുന്നതിന് വേണ്ടി കമ്പനിയുടെ സ്ഥലം കെ.എസ്.ഇ.ബി.യ്ക്ക് നൽകുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രദേശത്ത് വീട് നിർമ്മാണത്തിനുള്ള നിരക്ക് സ്ക്വയർഫീറ്റിന് 1600 രൂപ ആണെന്നിരിക്കെ, കമ്പനിയ്ക്ക് ക്ലേ എടുക്കുന്നതിന് വേണ്ടി ഭൂമി വിട്ടു നൽകിയവർക്ക് 15 വീടുകൾ സ്ക്വയർഫീറ്റിന് 3600 രൂപ നിരക്കിൽ കമ്പനി നിർമിച്ചു നൽകിയിട്ടുള്ളത് കേരള സെറാമിക് എം.ഡി.യുടെ തീരുമാനപ്രകാരമാണോ; എങ്കിൽ ഇതുസംബന്ധിച്ച് വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) കമ്പനിയുടെ ഹെഡ് ഓഫീസിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ ഉൾപ്പെടെ ജീവനക്കാരെ പി.എസ്.സി.യിൽ നിന്നും നിയമിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) കേരള സെറാമിക്സിൽ ആറ് വർഷമായിട്ടും പുതിയ എം.ഡി.യെ നിയമിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; നിലവിലെ എം.ഡി.യുടെ പേരിൽ വിജിലൻസ് കേസുകൾ ഉണ്ടോ; വിശദമാക്കുമോ?

### <u>പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ ശമ്പള വിതരണം</u>

2672 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലും കൃത്യമായി ശമ്പളം നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിലാണ് ശമ്പളം മുടങ്ങിയിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളിൽ ശമ്പളം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് കഴിഞ്ഞ അഞ്ച് മാസക്കാലമായി ശമ്പളം നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവർക്ക് കൃത്യമായി ശമ്പളം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

### <u>നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>

2673 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിനു കീഴിൽ ഇപ്പോൾ എത്ര പൊതുമേഖല

സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതൊക്കെ; അവയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

## കെ.എസ്.ഐ.ഇ കാർഗോ കോംപ്ലക്സിലെ തൊഴിൽ സാധ്യത

2674 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാറിന്റെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഇ. യുടെ കീഴിലുള്ള കാലിക്കറ്റ് എയർ കാർഗോ കോംപ്ലക്സിലോ എയർപോർട്ടിലുള്ള എക്സ്പോർട്ട് & ഇംപോർട്ട് യൂണിറ്റിലോ ലോഡിംഗ് & അൺലോഡിംഗ് വിഭാഗത്തിൽ സ്ഥിരമോ താൽക്കാലികമോ ആയി ജോലിക്ക് ആളെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര പേരെയാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങൾ നടത്തുന്നത് കരാർ വ്യവസ്ഥയിലാണോ കെ.എസ്.ഐ.ഇ. നേരിട്ടാണോ അതോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തൊഴിലാളികളുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിദ്യാഭ്യാസ യോഗ്യത എന്താണ്; ഇവരുടെ ശമ്പളം/ദിവസക്കൂലി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

## കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്

2675 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് ഏതെങ്കിലും കാലഘട്ടത്തിൽ കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽ ലിമിറ്റഡ് കമ്പനിയിൽ നിന്നും സിന്തെറ്റിക്ക് റൂട്ടൈൽ വാങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇൽമനൈറ്റിൽ നിന്നും ഇരുമ്പ് വേർതിരിച്ച് സിന്തെറ്റിക്ക് റൂട്ടൈൽ നിർമ്മിക്കുവാനുള്ള സാങ്കേതിക വിദ്യ കെ.എം.എം.എൽ. കമ്പനിയിൽ തന്നെ ഉണ്ടെന്നിരിക്കെ കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽ ലിമിറ്റഡിൽ നിന്നും സിന്തെറ്റിക്ക് റൂട്ടൈൽ വാങ്ങിയ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;?

## കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്

2676 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സ്ഥിതി ചെയ്യുന്ന കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ വൈവിദ്ധ്യവത്കരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിച്ചു വരുന്നത്; വിശദമാക്കാമോ?

**പൊതുമേഖലയിൽ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ**

2677 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷക്കാലയളവിനുള്ളിൽ പൊതുമേഖലയിൽ എത്ര വ്യവസായങ്ങൾ ആരംഭിച്ചുവെന്നും ഏതെല്ലാം സ്ഥാപനങ്ങളാണ് ആരംഭിച്ചതെന്നും ഓരോ സ്ഥാപനവും എന്നാണ് ആരംഭിച്ചതെന്നും വെളിപ്പെടുത്തുമോ;

(ബി) പൊതുമേഖലയിൽ ഇന്ന് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; അവയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(സി) പൊതുമേഖലയിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്**

2678 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും സിന്തെറ്റിക്ക് റൂട്ടൈൽ വാങ്ങിയിട്ടുണ്ട്; വ്യക്തമാക്കാമോ?

**മേക്ക് ഇൻ കേരള പദ്ധതി**

2679 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനവും തൊഴിൽ സംരംഭങ്ങളും നിക്ഷേപ സാധ്യതകളും വർധിപ്പിക്കുന്നതിനായി മേക്ക് ഇൻ കേരള പദ്ധതി വിഭാവനം ചെയ്തു നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതിന്റെ ഭാഗമായി നിക്ഷേപം, നവീകരണം, ഉല്പാദനം, തൊഴിൽ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി ഏതൊക്കെ മേഖലകളിൽ ഇൻസെന്റീവുകൾക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(സി) സംരംഭകരെ ആകർഷിക്കുന്നതിനും സംരംഭം തുടങ്ങുന്നതിനും തുടരുന്നതിനും ആവശ്യമായ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും കെ-സ്വിഫ്റ്റ്, കെ-സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം, മീറ്റ് ദി ഇൻവെസ്റ്റർ എന്നീ പദ്ധതികൾ മുഖേന സാധ്യമാകുന്നുണ്ടോ; വിശദാംശം നൽകുമോ?

**മെഡിക്കൽ ഉപകരണ നിർമ്മാണ മേഖലയിൽ നേടിയ പുരോഗതി**

2680 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ഉപകരണ നിർമ്മാണ മേഖലയിൽ സംസ്ഥാനം നേടിയ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ മേഖലയിലെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 2023-ൽ പ്രഖ്യാപിച്ച വ്യവസായ നയത്തിൽ മെഡിക്കൽ ഉപകരണ നിർമ്മാണ മേഖലയ്ക്ക് മുൻഗണന നൽകിയിട്ടുണ്ടോ; ഈ മേഖലയിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള നൂതന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

## എം.എസ്.എം. ഇ. പ്രോത്സാഹിപ്പിക്കാൻ നടപടി

2681 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എം.എസ്.എം.ഇ. കളെ പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പരിസ്ഥിതി സൗഹാർദ്ദ വ്യവസായ സ്ഥാപനങ്ങൾ

2682 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പുതിയ വ്യവസായ സ്ഥാപനങ്ങൾ, സംരംഭങ്ങൾ, വാഹന നിർമ്മാണ കമ്പനികൾ തുടങ്ങിയവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളിൽ വൻകിട വാഹന നിർമ്മാണ കമ്പനികൾ അടക്കം നിരവധി സംരംഭങ്ങൾ ആരംഭിക്കുകയും ഭീമമായ റവന്യൂ വരുമാനം ലഭിക്കുകയും ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് കേരളത്തിലും പരിസ്ഥിതി സൗഹാർദ്ദമായ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാനും അതുവഴി വരുമാനം കണ്ടെത്തുവാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യം മറികടക്കുവാൻ വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ള നയ സമീപനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന സർക്കാർ പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതിൽ എത്ര സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു; അത്തരം സ്ഥാപനങ്ങളെ പുനർജ്ജീവിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

## സംരംഭകത്വ വികസന പദ്ധതികൾ

2683 **ശ്രീ പി എസ് സുപാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനായി പുതിയ സംരംഭകത്വ വികസന പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംരംഭക വർഷം പദ്ധതിയുടെ തുടർച്ചയായി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മേഖലയുടെ വികസനത്തിനായി 'മിഷൻ 1000 പദ്ധതി' നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രാദേശിക വ്യാവസായിക ക്ലസ്റ്ററുകൾ രൂപീകരിക്കാനും ഓരോ പഞ്ചായത്തും ഒന്നോ രണ്ടോ ഉൽപ്പന്നങ്ങളിൽ കേന്ദ്രീകരിച്ച് അതുമായി ബന്ധപ്പെട്ട വിഭവങ്ങൾ സമാഹരിച്ച് കൂടുതൽ സംഘടിതമായി സംസ്കരിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) സംരംഭക വർഷം പദ്ധതിയിലൂടെ നിലവിൽവന്ന സംരംഭങ്ങളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് എം.എസ്.എം.ഇ. ക്ലിനിക്കുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ സംരംഭങ്ങൾ

2684 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വാമനപുരം മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ആരംഭിച്ചിട്ടുള്ള പുതിയ വ്യവസായ സംരംഭങ്ങൾ എത്രയാണെന്നും അതുവഴി എത്രപേർക്ക് പുതുതായി തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഏകജാലക സംവിധാനം

2685 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഏകജാലക സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങളാണ് പുതുതായി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് അപേക്ഷ നൽകുന്നവർക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നൽകുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ?

## കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്

2686 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്-2018 പ്രകാരം സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആക്ട് പ്രകാരം 30 ദിവസത്തിനുള്ളിൽ ലൈസൻസുകൾ ലഭിക്കുന്നതിന് വേണ്ടി സംരംഭകരിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കുമോ;

(സി) എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ ആക്ട് പ്രകാരം മുൻകൂർ അനുമതി ഇല്ലാതെ ബിസിനസ് ആരംഭിച്ചിട്ടുള്ളത് എത്ര സംരംഭകർ ആയിരുന്നുവെന്ന് ജില്ല തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ?

## വ്യവസായ എസ്റ്റേറ്റുകൾ

2687 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ ഡയറക്ടേറ്റിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കാമോ;

(ബി) വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം നടത്തുന്നതിനും നിശ്ചയിച്ച വ്യവസായ സംരംഭങ്ങൾക്ക് പകരം മറ്റ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും നേരിട്ടിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## അത്താണിയിലെ വ്യവസായ പദ്ധതികളുടെ പുരോഗതി

2688 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്താണി കെൽട്രോൺ പവർ ഡിവൈസിന് കൂടുതൽ സ്ഥലം ലഭ്യമാക്കാനുള്ള നടപടി എത് വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) അത്താണി സിൽക്കിന്റെ സ്ഥലം പ്രയോജനപ്പെടുത്തി പുതിയ വ്യവസായം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തൃശ്ശൂർ നിയോജകമണ്ഡലത്തിലെ പുഴയ്ക്കലുള്ള കിൻഫ്രായുടെ 30 ഏക്കർ സ്ഥലം വ്യവസായത്തിന് ഉപയോഗിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

## ഒരു കുടുംബം ഒരു സംരംഭം പദ്ധതി

2689 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര സംരംഭകർക്ക് സഹായം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര സ്ത്രീ സംരംഭകർക്ക് സഹായം ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതി വഴി കൂടുതൽ സ്ത്രീ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന് തുടർന്നും നടപടികൾ സ്വീകരിക്കുമോ?

## <u>സ്വയംസംരംഭകർക്കായി സഹായ പദ്ധതികൾ</u>

2690 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സ്വയംസംരംഭകർക്കായി വ്യവസായ വകുപ്പ് 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ വിവിധ സഹായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എത്ര തുക ചെലവഴിച്ചു എന്നും എത്ര സംരംഭകർക്ക് ഇത്തരത്തിൽ സഹായം ലഭിച്ചുവെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലങ്ങളിൽ എത്ര തുകയുടെ നിക്ഷേപം ആണ് 2021 മുതൽ ലഭ്യമാക്കിയത് എന്നും എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു എന്നും വ്യക്തമാക്കാമോ?

## <u>യംഗ് ഇന്നവേറ്റിവ് പ്രോഗ്രാം</u>

2691 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷം യംഗ് ഇന്നവേറ്റിവ് പ്രോഗ്രാം വഴി അഭ്യസ്ത വിദ്യരായ യുവാക്കൾക്ക് എത്ര ഇന്നവേറ്റിവ് സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആയവയിൽ സംസ്ഥാനത്ത് ഏറ്റവും അധികം ശ്രദ്ധിക്കപ്പെട്ട യംഗ് ഇന്നവേറ്റിവ് സംരംഭങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഭാവിയിൽ യംഗ് ഇന്നവേറ്റിവ് പ്രോഗ്രാം മുഖേന നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>സിറ്റി ഗ്യാസ് വിതരണ പദ്ധതി</u>

2692 **ഡോ. കെ. ടി. ജലീൽ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. എച്ച്. സലാം**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിവരുന്ന സിറ്റി ഗ്യാസ് വിതരണ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) വ്യാവസായിക, വാണിജ്യ, ഗാർഹിക യൂണിറ്റുകൾക്ക് കുറഞ്ഞ നിരക്കിൽ പ്രകൃതിവാതക ലഭ്യത ഉറപ്പുവരുത്താൻ ഈ പദ്ധതിയിലൂടെ സാധിക്കുമെന്ന്

പ്രതീക്ഷിക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി പ്രതീക്ഷിക്കുന്ന ആകെ ചെലവ് എത്രയെന്നും ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അത് വെളിപ്പെടുത്തുമോ;

(ഡി) സിറ്റി ഗ്യാസ് വിതരണ പദ്ധതിയിലൂടെ എത്ര ഉപഭോക്താക്കൾക്ക് ഇതിനകം കണക്ഷൻ നൽകുന്നതിന് സാധിച്ചിട്ടുണ്ട്; എത്ര ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി എന്നേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ്പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കൊട്ടപ്പുറം പാണ്ടിയാട്ട് പുറം പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം**

2693 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ കൊട്ടപ്പുറം പാണ്ടിയാട്ട് പുറത്ത് പ്രവർത്തിക്കുന്ന അമൻ സ്റ്റീൽ ഒ പ്ലാസ്റ്റ് എന്ന പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിന് എം.എസ്.എം.ഇ. രജിസ്ട്രേഷൻ എന്നാണ് ലഭിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കമ്പനിക്ക് ഏത് തീയതി വരെയാണ് പ്രവർത്തനാനുമതി ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനി മലിനീകരണം ഉണ്ടാക്കുന്നതായുള്ള പരാതിയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കമ്പനിക്കെതിരെ പ്രദേശവാസികൾ നൽകിയ ഹർജിയിൽ ഏതെങ്കിലും കോടതി വിധികൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത കമ്പനി ഇപ്പോൾ പ്രവർത്തനം നിർത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

**പാലക്കാട് ജില്ലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സ്ഥാപനങ്ങൾ**

2694 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകത്വ വികസന പരിപാടികളുടെ ഭാഗമായി പാലക്കാട് ജില്ലയിൽ പുതുതായി എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഇവയ്ക്കായി എത്ര കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും താലൂക്കടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ പേരുകൾ സഹിതം അറിയിക്കാമോ;

(ബി) എത്ര പേർ വനിതാ സംരംഭകരായി പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ കാലയളവിലാണ് ആരംഭിച്ചതെന്നും അറിയിക്കാമോ?

**എം.എസ്.എം.ഇ. സംരംഭങ്ങൾ**

2695 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ. സംരംഭങ്ങൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സംരംഭങ്ങളിൽ എത്ര ആളുകൾ ജോലി ചെയ്യുന്നുണ്ടെന്ന കണക്കെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ചെറുകിട വ്യവസായ പ്രോത്സാഹന പദ്ധതി**

2696 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബാങ്കുകളിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ചെറുകിട വ്യവസായം ആരംഭിക്കുന്നതിലൂടെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അഭ്യസ്തവിദ്യർക്ക് പ്രത്യേക സൗകര്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

**തഴപ്പായ നെയ്ത്ത് വ്യവസായത്തിന്റെ പുനരുദ്ധാരണം**

2697 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുന്നതിനുള്ള പദ്ധതിയിൽ തഴപ്പായ നെയ്ത്ത് വ്യവസായത്തെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ബി) ഒരുകാലത്ത് വളരെ പ്രശസ്തമായിരുന്ന എടവിലങ്ങ് പായ നെയ്ത്ത് ചന്തയെ പുനരുദ്ധരിക്കുന്നതിനും കൈതോലയിൽ നിന്നും പായ കൂടാതെ മറ്റ് വൈവിധ്യമാർന്ന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ?

**പേരാമ്പ്ര മണ്ഡലത്തിൽ വ്യവസായ പാർക്ക്**

2698 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ പത്ത് കോടി രൂപ ചെലവിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; ഇതിനു വേണ്ടി കുറ്റ്യാടി ഇറിഗേഷന്റെ രണ്ട് ഏക്കർ ഭൂമി കൈമാറി കിട്ടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച പഠനത്തിന് വേണ്ടി ഏതെങ്കിലും ഏജൻസിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഏജൻസി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

**പൂഞ്ഞാർ മണ്ഡലത്തിൽ വ്യവസായ പാർക്ക്**

2699 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി എടക്കുന്നം വില്ലേജിലെ ബ്ലോക്ക് നമ്പർ 07, എരുമേലി നോർത്ത് വില്ലേജിലെ ബ്ലോക്ക് നമ്പർ 026, എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക് നമ്പർ 027 എന്നിവിടങ്ങളിലായി കിൻഫ്ര കണ്ടെത്തിയ 150 ഏക്കറോളം ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മണിമലയിൽ വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി

2700 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമല മുക്കടയിൽ റബർ ബോർഡിന് പാട്ടത്തിന് നൽകിയിരിക്കുന്ന 50 ഏക്കർ സ്ഥലം പാട്ടക്കരാർ റദ്ദ് ചെയ്ത് വ്യവസായ വകുപ്പ് ഏറ്റെടുത്ത് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്ന വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുമോ?

## നാളികേര വ്യവസായ പാർക്ക്

2701 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന നാളികേര വ്യവസായ പാർക്കുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) തെങ്ങ് കൃഷി വ്യാപകമായിട്ടുള്ള ഗുരുവായൂർ മണ്ഡലത്തിൽ നാളികേര വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ വ്യവസായ പാർക്ക്

2702 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ വ്യവസായ പാർക്ക് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി പഞ്ചായത്ത് നൽകാമെന്ന് സമ്മതിച്ച സ്ഥലം ഉപയോഗിച്ച് വ്യവസായ പാർക്ക് ആരംഭിക്കാൻ എന്ത് നടപടിയാണ് ഇത് വരെ സ്വീകരിച്ചത് എന്ന് വിശദമാക്കാമോ;

(സി) എന്നത്തേയ്ക്ക് ഈ പദ്ധതി പ്രാവർത്തികമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## എക്സിബിഷൻ കം കൺവെൻഷൻ സെന്റർ ആരംഭിക്കാൻ നടപടി

2703 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പുഴയ്ക്കലിൽ വ്യവസായ വകുപ്പിന്റെ സ്ഥലത്ത് എക്സിബിഷൻ കം കൺവെൻഷൻ സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വ്യവസായ വകുപ്പ് നേരത്തെ തുടക്കം കുറിച്ചതും മധ്യകേരളത്തിലെ വ്യവസായ പാർക്കുകൾക്ക് ഏറെ ഉപകാരപ്രദമാകുന്നതുമായ പ്രസ്തുത പ്രോജക്ട് വകുപ്പ് പിന്നീട് ഉപേക്ഷിക്കുകയായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ

2704 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ചെറുകിട വ്യവസായം ഉൾപ്പെടെ എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ

2705 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ എത്ര ചെറുകിട സംരംഭകർക്ക് വകുപ്പ് അനുമതിയും സഹായങ്ങളും നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടങ്ങളും

2706 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ മാവേലിക്കര നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ സ്ഥലവും കെട്ടിടങ്ങളും ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം/കെട്ടിടം എന്നിവയിൽ നിലവിൽ ഉപയോഗിക്കുന്നവ/ ഉപയോഗിക്കാത്തവ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഈ സ്ഥലങ്ങളിൽ വ്യവസായ

പാർക്കുകളോ പുതിയ സ്റ്റാർട്ടപ്പുകളോ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിലെ വ്യവസായ സംരംഭങ്ങൾ</u>**

2707 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ എഴ് വർഷമായി നിലവിലുള്ള വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വർഷം തിരിച്ചും സംരംഭം തിരിച്ചും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വ്യവസായങ്ങൾക്ക് വകയിരുത്തിയ തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് സംരംഭവും വർഷവും തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വകയിരുത്തിയ തുക തീരെ ചെലവഴിച്ചിട്ടില്ലെങ്കിൽ സംരംഭവും വർഷവും തിരിച്ച് വിശദാംശം നൽകുമോ; പ്രസ്തുത തുക എപ്പോൾ ചെലവഴിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>നെയ്യാറ്റിൻകര മണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ</u>**

2708 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016-17 മുതൽ 2023-24 വരെ എത്ര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളുടെ പേരുവിവരവും സ്ഥലവും വിശദമാക്കാമോ?

**<u>മഞ്ചേശ്വരം താലൂക്ക് വ്യവസായ കേന്ദ്രം</u>**

2709 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് രൂപീകൃതമായി പത്ത് വർഷം പൂർത്തിയായിട്ടും താലൂക്ക് വ്യവസായ കേന്ദ്രം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ താലൂക്കിൽ വ്യവസായ കേന്ദ്രം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി</u>**

2710 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ ഒഴിഞ്ഞുകിടക്കുന്ന എത്ര ഏക്കർ സ്ഥലമുണ്ട്; അത്തരം സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>സംരംഭകത്വ ലൈസൻസിന്റെ ദുരുപയോഗം</u>**

2711 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് അനുവദിക്കുന്ന മൂന്ന് വർഷത്തേക്കുള്ള അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റിന്റെ മറവിൽ ജനദ്രോഹത്തിനും പരിസ്ഥിതി നാശത്തിനും വഴിയൊരുക്കുന്ന തരത്തിൽ ചില സംരംഭകർ വ്യവസായത്തിന്റെ സ്വഭാവം മാറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം കേന്ദ്രങ്ങളിൽ പ്രസ്തുത സർട്ടിഫിക്കറ്റ് പ്രകാരം അനുവദിച്ച വ്യവസായം തന്നെയാണോ നടത്തുന്നതെന്ന് വ്യവസായ വകുപ്പ് പരിശോധന നടത്താറുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സർട്ടിഫിക്കറ്റ് പ്രകാരം അനുവദിച്ചതിന് വിരുദ്ധമായി ജനദ്രോഹത്തിനും പരിസ്ഥിതി നാശത്തിനും വഴിയൊരുക്കുന്ന വ്യവസായമാണ് നടത്തുന്നതെങ്കിൽ വ്യവസായ വകുപ്പ് ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ഡി) മൂന്ന് വർഷത്തേക്കുള്ള അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രവർത്തിക്കുന്ന ഇത്തരം വ്യവസായ സംരംഭങ്ങൾ പരിശോധിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ടോ; ഇല്ലെങ്കിൽ ചില സംരംഭകർ വ്യവസായത്തിന്റെ പ്രവർത്തന രീതി മാറ്റിയാൽ ആയത് പരിശോധിക്കാൻ ചുമതലപ്പെട്ടവർ ആരാണെന്ന് വിശദമാക്കുമോ?

## കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ & റിക്രൂട്ട്മെന്റ്) ബോർഡ്

2712 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ & റിക്രൂട്ട്മെന്റ്) ബോർഡ് എന്നാണ് നിലവിൽ വന്നത്;

(ബി) പ്രസ്തുത ബോർഡിന്റെ ചെയർപേഴ്സനായി ആരെയാണ് നിയമിച്ചിട്ടുള്ളത്;

(സി) ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ട് ; അവരുടെ നിയമനം ഏത് രീതിയിലായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ബോർഡിന്റെ പ്രതിമാസ ചെലവ് ഇനം തിരിച്ച് നൽകാമോ;

(ഇ) പ്രസ്തുത ബോർഡ് നിലവിൽ വന്ന ശേഷം ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് ആരെയൊക്കെ റിക്രൂട്ട് ചെയ്തു എന്ന് വ്യക്തമാക്കാമോ?

## സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ലൈസൻസും അനുമതിയും

2713 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ലൈസൻസും അനുബന്ധ അനുമതിയും ലഭിക്കുന്നതിന് നേരിടുന്ന സാങ്കേതിക തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നൂതന സംരംഭകർക്ക് വായ്പയും പരിശീലനവും ലഭ്യമാക്കുന്നതിന് സ്വീകരിച്ച

നടപടികൾ വ്യക്തമാക്കാമോ?

**<u>വനിതാ സംരംഭകത്വ പദ്ധതി</u>**

2714 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ സംരംഭകത്വ പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാകുന്നുണ്ടോ; വിശദമാക്കാമോ?

**<u>വ്യവസായ സൗഹൃദ അന്തരീക്ഷം</u>**

2715 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകരമായ രീതിയിൽ ഈ സർക്കാർ സ്വീകരിച്ച എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) 2017 മുതൽ 2023 വരെ വ്യവസായ രംഗത്തുണ്ടായ പ്രധാന മുന്നേറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>കെൽപ്പാം നവീകരണ പ്രവർത്തനങ്ങൾ</u>**

2716 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ കൊറ്റാമത്തു പ്രവർത്തിക്കുന്ന കെൽപ്പാമിനു 2023-2024 സാമ്പത്തിക വർഷത്തിൽ നവീകരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചത് എന്ന് വിശദമാക്കാമോ?

**<u>മഞ്ചേരിയിലെ സി.എഫ്.എസ്.സിയുടെ പ്രവർത്തനം</u>**

2717 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ൽ മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ വ്യവസായ വകുപ്പിന് കീഴിൽ സ്ഥാപിതമായ സി.എഫ്.എസ്.സി മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2023 ഡിസംബർ വരെ എത്ര റബ്ബർ കർഷകർക്ക് ഗുണഫലം ലഭിച്ചിട്ടുണ്ട്; എത്ര പരിശീലനങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനത്തിൽ എത്തുന്ന സംരംഭകർക്കും പരിശീലനാർത്ഥികൾക്കും ഫെസിലിറ്റേഷൻ നൽകുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ അഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വർഷങ്ങളായി ഒഴിഞ്ഞു കിടന്നിരുന്ന ഫോർമാൻ (റബർ) തസ്തികയിൽ ബൈ ട്രാൻസ്ഫർ വഴി ജീവനക്കാരനെ നിയമിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ഡി) ഫോർമാൻ (റബർ) തസ്തികയിലേക്ക് അപേക്ഷ നൽകി പ്രസ്തുത തസ്തികയിലേക്ക് നിയമിതനായതിനു ശേഷം ദിവസങ്ങൾക്കുള്ളിൽ പ്രസ്തുത വ്യക്തിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഫോർമാൻ തസ്തികയുമായി ഒരു

ബന്ധവുമില്ലാത്ത മറ്റൊരു തസ്തികയിലേക്ക് നിയമവിരുദ്ധമായി നിയമിച്ചതിനാൽ സ്ഥാപനത്തിന്റെ പ്രവർത്തനം അവതാളത്തിലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ നടപടി പിൻവലിച്ച് ഉദ്യോഗസ്ഥന്റെ സേവനം വ്യവസായ സമൂഹത്തിന് ഉറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(എഫ്) സി.എഫ്.എസ്.സിയിൽ ഒഴിവുള്ള മറ്റ് തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

**കോങ്ങാട് മണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങൾ**

2718 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ ആകെ എത്ര സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; എത്ര കോടി രൂപയുടെ നിക്ഷേപവും തൊഴിലവസരങ്ങളുമാണ് സൃഷ്ടിക്കാൻ സാധിച്ചത് എന്ന് വ്യക്തമാക്കാമോ?

**മഞ്ചേശ്വരം താലൂക്കിൽ വ്യവസായ പാർക്ക്**

2719 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ വ്യവസായ പാർക്ക് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

**കുറ്റ്യാടി മണ്ഡലത്തിൽ സംരംഭകവർഷം പദ്ധതി**

2720 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

**.തൃശ്ശൂർ ജില്ലയിലെ കൊരട്ടി മധുരകോട്സിന്റെ സ്ഥലം**

2721 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കൊരട്ടി മധുര കോട്സിന്റെ സ്ഥലം വ്യവസായ വകുപ്പിന് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

**ആറ്റിങ്ങൽ മണ്ഡലത്തിലെ സ്വയം തൊഴിൽ സംരംഭങ്ങൾ**

2722 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ ആറ്റിങ്ങൽ മണ്ഡലത്തിൽ എത്ര സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**<u>സംരംഭകത്വം പ്രോത്സാഹന പദ്ധതി</u>**

2723 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ടി പ്രവർത്തനങ്ങളുടെ ഫലമായി സർക്കാർ പുതിയ സംരംഭങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംരംഭങ്ങൾക്ക് വളരാനും അഭിവൃദ്ധി പ്രാപിക്കാനും കഴിയുന്ന ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

**<u>യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം</u>**

2724 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിൽ സേവന സംബന്ധമായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭക്ഷ്യ വിതരണം, കാറ്ററിംഗ്, ഹോട്ടൽ എന്നീ മേഖലകളിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ പ്രോത്സാഹനം നൽകുമോ?

**<u>കുറ്റ്യാടി നാളികേര പാർക്ക്</u>**

2725 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നാളികേര പാർക്കിൽ പ്ലോട്ട് തയ്യാറാക്കി വ്യവസായങ്ങൾക്ക് നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

**<u>സി.എം.ആർ.എൽ. കമ്പനി ക്രമക്കേട്</u>**

2726 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി. ക്ക് പങ്കാളിത്തമുള്ള സി.എം.ആർ.എൽ. കമ്പനി ക്രമക്കേട് നടത്തിയതിനെ തുടർന്ന്

കെ.എസ്.ഐ.ഡി.സി.-ക്ക് ലഭിക്കേണ്ട ലാഭവിഹിതത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്ന് കാട്ടി കെ.എസ്.ഐ.ഡി.സി. , സി.എം.ആർ.എൽ. ന കത്ത് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത കത്തിൽ കെ.എസ്.ഐ.ഡി.സി. എന്തൊക്കെ കാര്യങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## <u>പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ പ്രായോഗിക തൊഴിൽ പരിശീലനം</u>

2727 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സാങ്കേതിക കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് അതത് മേഖലയുമായി ബന്ധപ്പെട്ട പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ പ്രായോഗിക തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിനുള്ള നിലവിലെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിലവിലെ തൊഴിലാളികളുടെ പ്രായോഗിക പരിജ്ഞാനം സാങ്കേതിക വിദ്യാർത്ഥികൾക്ക് കൂടുതലായി പകർന്നു നൽകുന്നതിന് സാഹചര്യമൊരുക്കാമോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ പ്രായോഗിക പരിജ്ഞാനം നേടിയവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് കൂടുതൽ സഹായ പദ്ധതികൾ ആവിഷ്കരിക്കാമോ; വ്യക്തമാക്കാമോ?

## <u>സി.എം.ആർ.എൽ.കമ്പനിയിൽ നിന്നുള്ള ലാഭവിഹിതം</u>

2728 **ശ്രീ. ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.ആർ.എൽ. കമ്പനിയിൽ നിന്നുള്ള ലാഭവിഹിതമായി 2016 ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തികവർഷവും കെ.എസ്.ഐ.ഡി.സി.ക്ക് എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2016 ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കെ.എസ്.ഐ.ഡി.സി., സി.എം.ആർ.എൽ. കമ്പനിയുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## <u>മലപ്പുറം ഇൻകെൽ എജ്യുസിറ്റിയിൽ ഭൂമി വിട്ടു നൽകൽ</u>

2729 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പാണക്കാട് വില്ലേജിലെ ഇൻകെൽ എജ്യുസിറ്റിയിൽ ഐ.എച്ച്.ആർ.ഡി.ക്കു കീഴിലുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസിനു സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടു നൽകാൻ സർക്കാർ തയ്യാറാകുമോ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ച് എം.എൽ.എ. നൽകിയ കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## ചെങ്കൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

2730 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കണ്ണൂർ, കാസർഗോഡ് പ്രദേശങ്ങളിലെ ചെങ്കൽ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദേശിക്കുന്നതിനുമായി വകുപ്പുതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച് വ്യവസായ വകുപ്പിലുള്ള എ3/61/2023 ഫയലിൽ എന്ത് തീരുമാനമാണ് കൈകൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ചെങ്കല്ല് വ്യവസായം

2731 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കല്ല് വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമാണോ;

(സി) അനുമതിക്കായി സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ദേശീയപാത നിർമ്മാണം

2732 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത നിർമ്മാണത്തിന് ആവശ്യമായ മണ്ണ് ഖനനം ചെയ്യുന്നതിന് സർക്കാർ ഇളവ് നൽകിയെങ്കിലും നടപടിക്രമങ്ങളിലെ കാലതാമസത്താൽ അതു പ്രാബല്യത്തിൽ വരാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ദേശീയപാത നിർമ്മാണം ത്വരിതപ്പെടുത്തി ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കുളം വൃത്തിയാക്കുന്നതിനുള്ള അനുമതി

2733 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളം വൃത്തിയാക്കുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പാലക്കാട് ജില്ലാ ഓഫീസിൽ ആർ.ഡി.ഒ. യിൽ നിന്നും നിരാക്ഷേപപത്രം അനുവദിച്ച എത്ര അപേക്ഷകൾ 2023-24 കാലയളവിൽ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേൽ നടപടി സ്വികരിക്കാനുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി 2023-24 കാലയളവിൽ ആർ.ഡി.ഒ. ൽ നിന്നും എത്ര നിരാക്ഷേപപത്രം പാലക്കാട് മൈനിംഗ് ആന്റ് ജിയോളജി ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകൾ സർക്കാരിലേക്ക് അയച്ചിട്ടുണ്ടെന്നും എത്ര എണ്ണത്തിനു അനുമതി ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; ഇത്തരം അപേക്ഷകളിന്മേൽ നടപടികൾ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ഇത്തരം അപേക്ഷകളിൽ നിരാക്ഷേപപത്രം ആർ.ഡി.ഒ. യിൽ നിന്നും അനുവദിച്ചിട്ടും സർക്കാരിലേക്ക് അയക്കുന്ന നടപടി വൈകുന്നത് മൂലം പാലക്കാട് ജില്ലയിലെ നെൽകൃഷി ഉൾപ്പെടെ ഉള്ള മറ്റു കാർഷിക വിളകൾ കൃഷി ചെയ്യുന്നതിന് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ഡി) കുളം വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് 2021-22 കാലയളവിൽ അപേക്ഷ സ്വീകരിച്ച് ആയിരം രൂപ ഫീസ് വാങ്ങിയ പാലക്കാട് ജിയോളജി വകുപ്പ്, മേൽ അപേക്ഷകളിന്മേൽ ആവശ്യമായ എല്ലാ രേഖകളും സമർപ്പിച്ചിട്ടും ആർ.ഡി.ഒ. നിരാക്ഷേപപത്രം അനുവദിച്ചിട്ടും കേരള ഹൈക്കോടതിയുടെ രണ്ട് ഉത്തരവുകൾ ഉണ്ടായിരുന്നിട്ടും പ്രസ്തുത അപേക്ഷകൾ നാളിതുവരെ സർക്കാരിലേക്ക് അയയ്ക്കാതെ മാസങ്ങളോളം വൈകിപ്പിക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

**<u>മേജർ, മൈനർ ധാതുക്കളുടെ ഉത്പാദനം</u>**

2734 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന മേജർ ധാതുക്കളും മൈനർ ധാതുക്കളും ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) 2016-21 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ മേജർ ധാതുവും മൈനർ ധാതുവും എത്ര ടൺ വീതം ഉത്പാദിപ്പിച്ചുവെന്നും ഓരോ ഇനത്തിലും റോയൽറ്റിയായി എത്ര തുക വീതം ലഭിച്ചുവെന്നുമുള്ള വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

**<u>ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ഒഴിവുകൾ</u>**

2735 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ എൽ.ഡി. ക്ലർക്ക്/അസിസ്റ്റന്റ് ഗ്രേഡ് തസ്തികയിൽ 31.03.2022-ന് ശേഷമുണ്ടായ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തുവെന്ന വിവരം അറിയിക്കുമോ;

(സി) പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾ

2736 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ സ്ഥലങ്ങളുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രദേശത്തുമുള്ള സ്ഥലങ്ങൾ എത്ര സെന്റ് വീതമാണെന്നും ഈ സ്ഥലങ്ങൾ എത്ര വർഷമായി ഉപയോഗിക്കാതെ കിടക്കുകയാണെന്നും വിശദമാക്കുമോ;

(സി) ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഇത്തരം സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾ തുടങ്ങാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

## തിരുവനന്തപുരം ജില്ലയിലെ കയർ വ്യവസായ സഹകരണ സംഘങ്ങൾ

2737 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര കയർ വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവർത്തനരഹിതമായ കയർ വ്യവസായ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

## കയർ മേഖലയിൽ കൂലി വർദ്ധനവ്

2738 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധനവിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

## തിരുവനന്തപുരം ജില്ലയിലെ കയർ ഉത്പാദനം

2739 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ കയർ സഹകരണ സംഘങ്ങൾ മുഖേന എത്ര ക്വിന്റൽ കയർ ഉത്പാദിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ തിരുവനന്തപുരം ജില്ലയിലെ കയർ സഹകരണ സംഘങ്ങൾ മുഖേന എത്ര ക്വിന്റൽ കയർ ഉത്പാദിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കയർ മേഖലയുടെ സമഗ്ര വികസനം

2740 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീമതി ദെലീമ**

**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖലയുടെ സമഗ്ര വികസനത്തിനായി പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ നടത്തിവന്നിരുന്ന രണ്ടാം പുന:സംഘടനയുടെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വികസന കാഴ്ചപ്പാടോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുമ്പോഴും പ്രസ്തുത മേഖലയിലെ പ്രതിസന്ധികൾ വിട്ടൊഴിയുന്നില്ല എന്നത് വസ്തുതയാണോ; എങ്കിൽ അതിന്റെ കാരണങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടോ; പ്രസ്തുത മേഖലയിൽ ഉള്ളതായി പറയപ്പെടുന്ന പ്രതിസന്ധികളെ കുറിച്ച് പഠിച്ച് പരിഹാരം നിർദ്ദേശിക്കുവാൻ സമിതിയെ നിയോഗിച്ചിരുന്നോ; വിശദമാക്കുമോ;

(സി) കയർ മേഖലയിൽ ഏറ്റവും ആകർഷകമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പുതിയ ഡിസൈനുകൾ ഒരുക്കുന്നതിനുമായി ഏതെങ്കിലും സ്ഥാപനവുമായി ധാരണാപത്രം ഒപ്പ് വച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ?

## പ്രവർത്തനരഹിതമായി കിടക്കുന്ന കയർ സഹകരണ സംഘങ്ങളുടെ ആസ്തികൾ

2741 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്ന കയർ സഹകരണ സംഘങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ; പ്രസ്തുത സഹകരണ സംഘങ്ങളുടെ വസ്തുവകകളും കെട്ടിടങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) പ്രവർത്തനരഹിതമായിട്ടുള്ള പ്രസ്തുത കയർ സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പുനരുജ്ജീവനം സാധ്യമല്ലാത്ത കയർ സഹകരണ സംഘങ്ങളുടെ വസ്തുവകകളും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിനും വിനിയോഗിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ചാത്തന്നൂർ മണ്ഡലത്തിൽ പതിറ്റാണ്ടുകളായി പ്രവർത്തനരഹിതമായ നിലയിലുള്ള കയർ സഹകരണ സംഘങ്ങളുടെ കെട്ടിടങ്ങളും വസ്തുവകകളും അന്യാധീനമായി കിടക്കുന്ന നിലയിലായതിനാൽ നിയമപരമായ നടപടികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ കുടുംബശ്രീകളുടെയോ സർക്കാരിന്റെയോ ആവശ്യങ്ങൾക്കായി ഇവ പ്രയോജനപ്പെടുത്തുന്നതിനു നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കയർ ഭൂവസ്ത്രം പദ്ധതി

2742 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഭൂവസ്ത്രം പദ്ധതി പ്രകാരം പാറശ്ശാല മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) ഓരോ പഞ്ചായത്തിലും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>**കയർ തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ നടപടി**</u>

2743 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ആ മേഖലയിൽ പുതിയ പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കയർ കയറ്റുമതിക്ക് മുന്തിയ പരിഗണന നൽകി ഈ മേഖലയെ ശക്തിപ്പെടുത്താൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>**വൈദ്യുതി ഉല്പാദന മേഖലയിലെ പുരോഗതി**</u>

2744 **ശ്രീ ഒ . ആർ. കേളു**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. എ. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ വൈദ്യുതി ഉല്പാദന മേഖലയിൽ കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇടമൺ-കൊച്ചി പവർ ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇതിലൂടെ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ;

(സി) വൈദ്യുതി ഉല്പാദന പ്രസരണ വിതരണ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കായി ഈ സർക്കാരിന്റെ കാലയളവിൽ ചെലവഴിച്ച തുകയെത്ര; വ്യക്തമാക്കാമോ?

<u>**കർഷകരിൽ നിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി**</u>

2745 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കെ.എസ്.ഇ.ബി. ചേർപ്പ് സെക്ഷനു കീഴിൽ, 2022 ജൂൺ മാസം വരെ സൗജന്യമായി കാർഷിക ആവശ്യത്തിന് വൈദ്യുതി ലഭിച്ചിരുന്ന, കൺസ്യൂമർ നമ്പർ 1156397013722 ആയിട്ടുള്ള ശ്രീ. വിജയൻ വി.എം., വാക്കേപ്പറമ്പ് മഠം, വല്ലച്ചിറ-യ്ക്ക് ജൂലൈ 2022 മുതൽ ഇളവ് പൂർണ്ണമായും റദ്ദ് ചെയ്ത് വൈദ്യുതി ചാർജ്ജ്,

സർചാർജ്ജ്, കുടിശ്ശിക എന്നിവ അടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്നതു മൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇരുപത്തിയഞ്ച് സെന്റ് പുരയിടത്തിൽ കൃഷി ചെയ്തു വരുന്ന പ്രസ്തുത കർഷകനോട് സർചാർജ്ജ്, കുടിശ്ശിക എന്നിവ അടയ്ക്കാൻ ആവശ്യപ്പെടുന്നതും വൈദ്യുതി വിച്ഛേദിക്കുന്നതും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇപ്രകാരം കർഷകരിൽ നിന്നും സർചാർജ്ജും കുടിശ്ശികയും ആവശ്യപ്പെടുന്നത് ഒഴിവാക്കുന്നതിന് ഇതിനായുള്ള സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോ?

## വരന്തരപ്പിള്ളിയിൽ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മാണം

2746 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളിയിൽ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) ഇതിനായി നിർദ്ദേശിച്ച സ്ഥലത്ത് സബ് സ്റ്റേഷൻ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

2747 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കടലുണ്ടി സെക്ഷനു കീഴിലുള്ളതും ചെലേമ്പ്ര പഞ്ചായത്തിൽപ്പെട്ടതുമായ പനയപ്പുറം, വെസ്റ്റ് ചാലിപ്പറമ്പ്, വലിയപറമ്പ് എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ചെലേമ്പ്ര,കുറ്റിപ്പാല,പാറയിൽ,വെസ്റ്റ് ചാലിപ്പറമ്പ് എന്നീ ഭാഗങ്ങളിൽ എ.ബി.സി. (ഏരിയൽ ബണ്ടിൽ കേബിൾസ് ) വലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വള്ളിക്കുന്ന് മണ്ഡലത്തിലെ കടലുണ്ടി, രാമനാട്ടുകര, ചേളാരി, വള്ളിക്കുന്ന് എന്നീ സെക്ഷനുകൾക്ക് കീഴിൽ ചേലേമ്പ്രയിലും വള്ളിക്കുന്നിലും ചേളാരി, വള്ളിക്കുന്ന് സെക്ഷനുകൾക്ക് കീഴിൽ തേഞ്ഞിപ്പലം പഞ്ചായത്തിലും തലപ്പാറ, തിരൂരങ്ങാടി, പരപ്പനങ്ങാടി സെക്ഷനുകൾക്ക് കീഴിൽ മൂന്നിയൂർ പഞ്ചായത്തിലും കുന്നംപുറം, ചേളാരി സെക്ഷനുകൾക്ക് കീഴിൽ പെരുവള്ളൂർ പഞ്ചായത്തിലും കുന്നംപുറം, കൊണ്ടോട്ടി, പുളിക്കൽ, ചേളാരി എന്നീ സെക്ഷനുകൾക്ക് കീഴിൽ പള്ളിക്കൽ പഞ്ചായത്തിലും 2021 ജനുവരി മുതൽ 2024 നാളിതു വരെ കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ടുകൾ വിനിയോഗിച്ച് നടത്തിയ വികസന പ്രവർത്തനങ്ങൾ തരംതിരിച്ച് ലഭ്യമാക്കാമോ?

## ചാർജ്ജിംഗ് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കാൻ നടപടി

2748 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ എങ്കക്കാട് 110 കെ.വി. സബ് സ്റ്റേഷന് സമീപം ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിച്ച് വളരെ നാളുകളായിട്ടും പ്രവർത്തനക്ഷമമല്ലാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പ്രവർത്തന ക്ഷമമാകാത്തതിന്റെ കാരണം വിശദീകരിക്കാമോ;

(സി) ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഡി) ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കാൻ വളരെ കാലതാമസമെടുക്കുന്നതിനാൽ സ്റ്റേഷനും അതിലെ മെഷിനറികളും അനുബന്ധ സംവിധാനങ്ങളും സ്ഥലവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഇ) ചാർജ്ജിങ് സ്റ്റേഷനുകളോടനുബന്ധിച്ച് കഫെറ്റീരിയ പോലുള്ള പദ്ധതികൾ ആലോചനയിലുണ്ടോ?

## വൈദ്യുതി വാങ്ങുന്നതിന് നടപടി

2749 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഏപ്രിൽ, മെയ് മാസങ്ങളിൽ ഉണ്ടാകുന്ന അധിക വൈദ്യുതി ഉപയോഗം നേരിടുന്നതിനായി പുറമെ നിന്ന് വൈദ്യുതി വാങ്ങുന്നതിന് കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആയത് ഏതു നിരക്കിലാണ് വാങ്ങുന്നതെന്ന് വിശദമാക്കാമോ;

(സി) യൂണിറ്റിന് 4.29 രൂപയ്ക്ക് 465 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ പുന:സ്ഥാപിച്ചെങ്കിലും പ്രസ്തുത കരാർ പ്രകാരം വൈദ്യുതി വാങ്ങുന്നതിന് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) ഈ വർഷം ലോഡ് ഷെഡിംഗ് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## പാലക്കാട് ജില്ലയിലെ ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ

2750 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകളാണ് ഉള്ളത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് ചാർജ്ജിംഗ് മെഷീന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സംരംഭകർ നിലവിൽ പദ്ധതിയുടെ ഭാഗമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക പ്രതിസന്ധി

2751 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞവിലയ്ക്ക് വൈദ്യുതി ലഭിച്ചിരുന്ന ദീർഘകാല കരാറുകൾ റദ്ദാക്കിയതും സർക്കാർ വകുപ്പുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കുടിശിക പിരിച്ചെടുക്കാൻ പരാജയപ്പെട്ടതും കെ.എസ്.ഇ.ബി.യെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം കെ.എസ്.ഇ.ബിയുടെ പുതിയ പ്രവൃത്തികൾ എല്ലാംതന്നെ നിർത്തിവയ്ക്കാനും നിലവിലെ പദ്ധതികൾ പുനഃക്രമീകരിക്കാനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>വൈദ്യുതി ബോർഡിന്റെ കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾ</u>

2752 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ നിലവിലെ പദ്ധതി വിഹിതത്തിന്റെ വരവും ചിലവുകളും വിശദീകരിക്കുമോ ;

(ബി) വൈദ്യുതി ബോർഡിന്റെ ഏതൊക്കെ പദ്ധതികൾക്കാണ് കേന്ദ്ര സഹായങ്ങൾ ലഭിക്കുന്നത് വിശദീകരിക്കുമോ?

## <u>തൊടുപുഴയിൽ 220 കെ.വി. സബ് സ്റ്റേഷൻ</u>

2753 **ശ്രീ. പി. ജെ. ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴയിൽ 220 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## <u>കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സ്റ്റാഫ് റീസ്ട്രക്ചറിങ്</u>

2754 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ നിയമന നിരോധനം ഉണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സ്റ്റാഫ് റീസ്ട്രക്ചറിങ് എന്ന് പൂർത്തിയാക്കുമെന്നും ആയതിന്റെ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സ്റ്റാഫ് റീസ്ട്രക്ചറിങ് എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ 10.11.2023-ൽ സർക്കാർ

കെ.എസ്.ഇ.ബി. ലിമിറ്റഡുമായി നടത്തിയ യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ പി.എസ്.സി. മുഖേന നേരിട്ടും തസ്തിക മാറ്റം വഴിയും നിയമിക്കേണ്ട എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത തസ്തികകളിലെ ഒഴിവുകളിൽ എത്രയെണ്ണം നിലവിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യാൻ ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) മേൽ സൂചിപ്പിച്ച തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.യിലേക്ക് അവസാനമായി എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി ചാർജ്ജ് അഡ്വാൻസ് സ്ലാബുകളിൽ സബ്സിഡി നൽകുവാനുള്ള നടപടി

2755 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് മുൻകൂറായി അടയ്ക്കുന്ന ഉപഭോക്താക്കൾക്ക് നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഉപഭോക്താക്കളെ ആകർഷിക്കുവാൻ വൈദ്യുതി ചാർജ്ജിന്റെ വിവിധ അഡ്വാൻസ് സ്ലാബുകളിൽ സബ്സിഡി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വൈദ്യുതി മേഖലയ്ക്കുള്ള കേന്ദ്ര സഹായം

2756 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖലയിലെ നഷ്ടം കുറയ്ക്കുന്നതിനുള്ള കേന്ദ്ര സഹായം ലഭിക്കുന്നതിന് എന്തെങ്കിലും ഉപാധികളുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കെ. എസ്. ഇ. ബി. ക്ക് കുടിശിക ഇനത്തിൽ ലഭിക്കാനുള്ള തുക പിരിച്ചെടുക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിവരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വൈദ്യുതി പ്രസരണ മേഖലയിലെ നഷ്ടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് മണ്ഡലത്തിൽ അനുവദിച്ച ട്രാൻസ്ഫോർമറുകൾ

2757 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ 2023,2024 വർഷങ്ങളിൽ എത്ര ട്രാൻസ്ഫോർമറുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ട്രാൻസ്ഫോർമറുകൾ അനുവദിച്ചത്; ഓരോ ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിന് എത്ര തുക ചെലവായി; വ്യക്തമാക്കാമോ;

(സി) അനുവദിച്ച ട്രാൻസ്ഫോർമറുകൾ അതാത് സ്ഥലങ്ങളിൽ സ്ഥാപിച്ച് കഴിഞ്ഞോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇനി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുണ്ടെന്ന് സ്ഥലം തിരിച്ച് വ്യക്തമാക്കാമോ; ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ഡി) കാസർഗോഡ് മണ്ഡലത്തിൽ ആകെ എത്ര ട്രാൻസ്ഫോർമറുകൾ ഉണ്ടെന്ന് സ്ഥലം തിരിച്ച് വ്യക്തമാക്കാമോ; ഇവയിൽ എത്രയെണ്ണം കാലപ്പഴക്കം മൂലം മാറ്റി സ്ഥാപിക്കേണ്ടതുണ്ടെന്നും പുതിയ ട്രാൻസ്ഫോർമറുകൾ എപ്പോൾ സ്ഥാപിക്കുമെന്നും സ്ഥലം തിരിച്ച് വ്യക്തമാക്കുമോ?

## പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

2758 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) മഞ്ചേരി കിടങ്ങഴി നിറഞ്ഞ പറമ്പ് റഹ്മത്ത് സ്കൂൾ പരിസരത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## നഗര കേന്ദ്രീകൃതമായി കൂടുതൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ

2759 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗര കേന്ദ്രീകൃതമായി കൂടുതൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## വീടിന് ഭീഷണിയായ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

2760 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ അടിമാലി കെ.എസ്.ഇ.ബി. സെക്ഷന് കീഴിൽ കൺസ്യൂമർ നമ്പർ 1156170001O625 ഉടമയുടെ വീടിനോട് ചേർന്ന് അപകടകരമായ രീതിയിലുള്ള വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നല്കിയ പരാതിയിന്മേൽ നാളിതു വരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പരാതി നൽകി ഒരു വർഷത്തിലധികമായിട്ടും പരാതിക്ക് പരിഹാരം കാണാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) എത്ര കാലയളവിനുള്ളിൽ പരാതി പരിഹരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് നടപടി

2761 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമ്മൽ ഗ്രാമപഞ്ചായത്തിലെ മൊകേരി കലാനഗർ, പുറമേരി ഗ്രാമപഞ്ചായത്തിലെ പെരുമുണ്ടച്ചേരി, ആയഞ്ചേരിയിലെ കീരിയങ്ങാടി എന്നീ സ്ഥലങ്ങളിൽ വൈദ്യുതി തടസ്സം ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## കോഴിക്കോട് കുറ്റിക്കാട്ടൂരിൽ കെ.എസ്.ഇ.ബി. സബ് സെന്റർ

2762 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുറ്റിക്കാട്ടൂരിൽ കെ.എസ്.ഇ.ബി. യുടെ ഒരു സബ് സെന്റർ ആരംഭിക്കുന്നതിന് ഉത്തരവായത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ് സെന്റർ ആരംഭിക്കുന്നതിൽ നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ

2763 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ എത്ര ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്; ആയത് ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

## കെ.എസ്.ഇ.ബി. ഓഫീസുകൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനായി നടപടി

2764 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ കെ.എസ്.ഇ.ബി. ഓഫീസുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## റോഡുകളിലെ വൈദ്യുതി പോസ്റ്റുകൾ മാറ്റാൻ നടപടി

2765 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണം കഴിഞ്ഞിട്ടും വൈദ്യുതി പോസ്റ്റുകൾ റോഡുകളിൽ നിൽക്കുന്നത് വളരെയധികം അപകടം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അരൂർ മണ്ഡലത്തിൽ ഏതൊക്കെ റോഡുകളിലാണ് യാത്രക്കാർക്ക് ബുദ്ധിമുട്ട്

ഉണ്ടാകുന്ന രീതിയിൽ വൈദ്യുതി പോസ്റ്റുകൾ റോഡുകളിൽ നിൽക്കുന്നത്; വിവരം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിലുള്ള പോസ്റ്റുകൾ മാറ്റുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സാമ്പത്തിക പ്രതിസന്ധി

2766 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആസൂത്രണത്തിലെ ഗുരുതരമായ പാളിച്ചകൾമൂലം വൈദ്യുതിബോർഡ് വൻസാമ്പത്തിക പ്രതിസന്ധിയിലായി എന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) കേന്ദ്ര നിലയങ്ങളിൽ നിന്നും,സ്വകാര്യ വൈദ്യുതി നിലയങ്ങളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്ത് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) കേന്ദ്രനിലയങ്ങളിൽ നിന്നും,സ്വകാര്യ നിലയങ്ങളിൽ നിന്നും വൈദ്യുതി ലഭ്യമാക്കിയ ഇനത്തിൽ ഇതിനകം എത്ര രൂപയാണ് ബോർഡ് നൽകിയതെന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത ഇനത്തിൽ ഇനി എത്ര രൂപ കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## അംഗൻജ്യോതി പദ്ധതി

2767 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ മണ്ഡലങ്ങളിൽ അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിലെ അംഗൻവാടികളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കാസർഗോഡ് ജില്ലയിലെ മൈലാട്ടി ഡീസൽ പ്ലാന്റ്

2768 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ ഡീസൽ പ്ലാന്റ് സ്ഥാപിച്ച സ്ഥലത്ത് കെ.എസ്.ഇ.ബി. ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയെ കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## ഹരിത ഊർജ്ജ വരുമാന പദ്ധതി

2769 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത ഊർജ്ജ വരുമാന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതിനകം എത്ര വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ബി) ഹരിത ഊർജ്ജ ഉൽപാദനത്തിന്റെ ആനുകൂല്യങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിൽ ഹരിത ഊർജ്ജ വരുമാന പദ്ധതി എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദമാക്കാമോ ?

## <u>സബ്സ്റ്റേഷന്റെ നിർമ്മാണം</u>

2770 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ തേവലക്കരയിൽ പുതിയ സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## <u>വൈദ്യുതി ലൈനുകൾ കേബിളാക്കുന്ന നടപടി</u>

2771 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകൾ കേബിളാക്കുന്ന പദ്ധതി കൊണ്ടുള്ള ഗുണവശങ്ങൾ വിശദമാക്കുമോ;

(ബി) തിരുവമ്പാടി മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ട പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

## <u>വാമനപുരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ</u>

2772 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാറിന്റെ കാലം മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രധാന പദ്ധതികളെന്തെല്ലാമാണെന്നും അതിന് ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ?

## <u>കാരപ്പാറ- കുരിയാർകുറ്റി ജലവൈദ്യുത പദ്ധതി</u>

2773 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരപ്പാറ- കുരിയാർകുറ്റി ജലവൈദ്യുത പദ്ധതി തുടങ്ങുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

**<u>കെ.എസ്.ഇ.ബി. യുടെ പുരപ്പുറ സോളാർ പദ്ധതി</u>**

2774 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ പുരപ്പുറ സോളാർ പദ്ധതികൾ ഏതൊക്കെയാണെന്നും ഈ പദ്ധതിയിൽ എത്ര ഉപഭോക്താക്കൾ ഉണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ചറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ സംസ്ഥാനത്ത് എത്ര കിലോവാട്ട് അധിക വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

**<u>മണ്ണാർക്കാട് മണ്ഡലത്തിലെ വിവിധ വൈദ്യുത പദ്ധതികൾ</u>**

2775 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ കെ.എസ് .ഇ.ബി.യുടെ പ്രവൃത്തികളിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായ വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

**<u>സ്ഥലം വിട്ടുനല്കുന്നതിന് നഷ്ടപരിഹാരം</u>**

2776 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിന്തളം-വയനാട് 400 കെ.വി ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളിലെ സ്ഥലം വിട്ടുനല്കുന്ന ആളുകൾക്ക് നഷ്ടപരിഹാരം നല്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇരിക്കൂർ മണ്ഡലത്തിൽ ഇതിനായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരും; ഇത് മൂലം എത്ര പേരുടെ വീടും സ്ഥലവും നഷ്ടമാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നഷ്ടപരിഹാരത്തിനായി പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>കോതമംഗലം ടൗണിലെ വൈദ്യുതി വിതരണം</u>**

2777 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ടൗണിലെ വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ആയതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

**<u>നടുവണ്ണൂർ കെ.എസ്.ഇ.ബി. സെക്ഷനു കീഴിൽ ട്രാൻസ്ഫോർമർ</u>**

2778 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ കെ.എസ്.ഇ.ബി. സെക്ഷനു കീഴിൽ വോൾട്ടേജ് ക്ഷാമമുള്ള എത്ര പ്രദേശങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പുതിയ ട്രാൻസ്ഫോർമർ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ഇളവുകൾ**

2779 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം ഇളവുകളാണ് സർക്കാർ നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) വൈദ്യുതി ബില്ലിൽ ബി.പി.എൽ. വിഭാഗക്കാർക്ക് നിലവിലുള്ള സൗജന്യങ്ങൾ എന്തൊക്കെയാണ്; ഇത്തരം കുടുംബങ്ങൾക്ക് സൗജന്യമായി ഉപയോഗിക്കാൻ അനുമതിയുള്ളത് എത്ര യൂണിറ്റ് വൈദ്യുതിവരെയാണെന്ന് വ്യക്തമാക്കാമോ?

**സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിനുള്ള പദ്ധതികൾ**

2780 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിനായി കെ.എസ്.ഇ.ബി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമെന്നു വ്യക്തമാക്കുമോ?

**സൗരജ്യോതി പദ്ധതി**

2781 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ വൈദ്യുത നിലയങ്ങൾ സ്ഥാപിക്കാൻ വായ്പ നൽകുന്ന സൗരജ്യോതി പദ്ധതിയിൽ ഏതെല്ലാം സഹകരണ സംഘങ്ങൾ വഴിയാണ് വായ്പ നൽകുന്നത്; വിശദമാക്കാമോ?

**ഗുരുവായൂർ മണ്ഡലത്തിൽ സോളാർ പാനൽ**

2782 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ മണ്ഡലങ്ങളിൽ കെ.എസ്.ഇ.ബി.എൽ. സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നുണ്ടെന്ന് അറിയിക്കാമോ?

**വീടുകളിൽ സോളാർപ്ലാന്റ്**

2783 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ സബ്സിഡി സംബന്ധിച്ച വിവരങ്ങൾ നൽകുമോ?

**<u>സൗരപദ്ധതിയിലെ സബ്സിഡി നിരക്ക്</u>**

2784 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. വഴി രജിസ്റ്റർ ചെയ്യുന്ന സൗര പദ്ധതിയിൽ സബ്സിഡി കുറവും എന്നാൽ എം.എൻ.ആർ.ഇ. വഴി രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് സബ്സിഡി കൂടുതലുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് വീടുകളിൽ സോളാർ സ്ഥാപിക്കുന്നതിന് രണ്ട് തരം സബ്സിഡി നിരക്കുള്ളത് ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**<u>സോളാർ വൈദ്യുതി ഉല്പാദനം</u>**

2785 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ സോളാർ വൈദ്യുതി ഉല്പാദനം എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) സോളാർ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>വാമനപുരം മണ്ഡലത്തിലെ സൗരോർജ്ജ പ്ലാന്റുകൾ</u>**

2786 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിലും എത്ര വീടുകളിലുമായാണ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പുതുതായി സൗരോർജ്ജ പ്ലാന്റിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും സ്വീകരിച്ച തുടർ നടപടികളും വ്യക്തമാക്കാമോ?

**<u>കൈപ്പമംഗലം മണ്ഡലത്തിലെ സോളാർ പദ്ധതിയുടെ പുരോഗതി</u>**

2787 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ എത്ര വീടുകളെ സോളാർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ഇനി എത്ര വീടുകളെ ഉൾപ്പെടുത്താനുണ്ട് എന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഇലക്ട്രിസിറ്റി ഓഫീസുകൾ മുഖേന സോളാർ പദ്ധതിക്കുള്ള വിപുലമായ പ്രചാരണ പരിപാടികളും വീടുകൾതോറും സമ്പർക്ക പരിപാടികളും സംഘടിപ്പിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ;

(സി) സോളാർ പദ്ധതിക്കായി ബാങ്ക് ലോൺ ഏർപ്പെടുത്തി പ്രസ്തുത മണ്ഡലത്തിലെ എല്ലാ വീടുകളിലും പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## സോളാർ വൈദ്യുത നിലയങ്ങൾ

2788 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി എത്ര സോളാർ വൈദ്യുത നിലയങ്ങൾ ഉണ്ടെന്നും ഇതിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിലയങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് വില നിശ്ചയിച്ചിരിക്കുന്നതെന്ന് സ്ഥാപനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

## ആണവ വൈദ്യുതോൽപ്പാദനം

2789 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി തോറിയം അധിഷ്ഠിത ആണവ വൈദ്യുതോല്പാദനത്തിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കരിമണലിൽ നിന്നും വൈദ്യുതോല്പാദനത്തിന് ആവശ്യമായ തോറിയം ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആണവ നിലയങ്ങൾ എന്നത്തേക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## തോറിയം അധിഷ്ഠിത ആണവ നിലയം

2790 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോറിയം അധിഷ്ഠിത ആണവ നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ബി) ഗുണനിലവാരമുള്ള തോറിയം സംസ്ഥാനത്ത് ലഭ്യമാണെന്ന കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

**പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ**

2791 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായി പരിഗണിക്കപ്പെടുന്നത് ഏതെല്ലാം ഊർജ്ജ സ്രോതസ്സുകളെയാണ് എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പദ്ധതിയുടെ സബ്സിഡി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

**ചാത്തന്നൂർ മണ്ഡലത്തിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

2792 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ തെരുവുവിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും കാലതാമസം നേരിട്ടത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നേടുന്നതിനായി ഇനി എന്തെല്ലാം നടപടികൾ പൂർത്തിയാക്കാനുണ്ട് എന്ന് അറിയിക്കാമോ?

**ഇലക്ട്രിക് സെക്ഷനുകളിലെ ഓഫീസുകളുടെ പുനഃക്രമീകരണം**

2793 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ, വൈപ്പിൻ, ചെറായി, വരാപ്പുഴ ഇലക്ട്രിക് സെക്ഷനുകളിലെ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**ബ്രഹ്മപുരം സബ്സ്റ്റേഷന്റെ നവീകരണം**

2794 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ബ്രഹ്മപുരം സബ്സ്റ്റേഷനിൽ നടന്നു വരുന്ന

നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) കേന്ദ്രാവിഷ്കൃത നവീകരണ വിതരണ മേഖല പദ്ധതിയിൽ കുന്നത്തുനാട് മണ്ഡലത്തിൽ അംഗീകാരം ലഭിച്ച പ്രവൃത്തികൾ എതെല്ലാമെന്നും അതിന് അനുവദിച്ച തുക, പ്രവർത്തന പുരോഗതി എന്നിവയുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്ത് പുതിയ സബ്സ്റ്റേഷൻ**

2795 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്തുണ്ടാകുന്ന വൈദ്യുതി തടസ്സത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി പ്രസ്തുത പ്രദേശത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ഇരിക്കൂർ മണ്ഡലത്തിലെ 110 കെ.വി. സബ്സ്റ്റേഷൻ**

2796 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ തിമിരി വില്ലേജിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നല്കാമോ?

**കുറ്റിക്കോൽ 110 കെ.വി. സബ്സ്റ്റേഷൻ**

2797 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഏതൊക്കെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്; ഇനി ഏതൊക്കെ പ്രവൃത്തികൾ ആരംഭിക്കാനുണ്ട്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് യാഥാർഥ്യമാക്കാനാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

**കോതക്കുറിശ്ശി 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം**

2798 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ കോതക്കുറിശ്ശി 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**സബ് സ്റ്റേഷൻ നിർമ്മാണത്തിന്റെ പുരോഗതി**

2799 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരവട്ടം കാടാമ്പുഴ സബ് സ്റ്റേഷൻ നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) സബ് സ്റ്റേഷനിലേക്കുള്ള 110 കെ.വി ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) സബ് സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

**<u>വാഴൂർ 110 കെ.വി. സബ്‌സ്റ്റേഷൻ</u>**

2800 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂർ 110 കെ.വി. സബ്‌സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

**<u>33 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം</u>**

2801 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ പുതിയ 33 കെ.വി. സബ് സ്റ്റേഷനുകൾ ആരംഭിക്കാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ;

(ബി) വേലൂർ ഗ്രാമപഞ്ചായത്തിൽ പുതിയ 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>ഞാറക്കൽ സബ്‌സ്റ്റേഷൻ</u>**

2802 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ചേറായി-ഞാറക്കൽ 110 കെ.വി. ഡി.സി. ലൈൻ (14.1 കിലോമീറ്റർ) നിർമ്മാണ പ്രവൃത്തിയുടെയും ഞാറക്കൽ 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. ലെവൽ ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>പിണ്ണാക്കനാട് സബ്‌സ്റ്റേഷന് സ്ഥലം ഏറ്റെടുക്കാൻ നടപടി</u>**

2803 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്‌സ്റ്റേഷനുവേണ്ടി സ്ഥലം

ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്ന നടപടി വേഗത്തിലാക്കി പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**കെ.എസ്.ഇ.ബി. ഓഫീസുകളിൽ ജീവനക്കാരുടെ ഒഴിവ് നികത്താൻ നടപടി**

2804 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി. ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച കണക്ക് ഓഫീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം കെ.എസ്.ഇ.ബി. ഓഫീസുകളിൽ ജീവനക്കാരുടെ ഒഴിവ് നിലവിലുണ്ട്;

(സി) നിലവിലുള്ള ഒഴിവ് നികത്താൻ നടപടി എടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

**കക്കയം ഹൈഡൽ ടൂറിസം കേന്ദ്രം വികസനം**

2805 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ഹൈഡൽ ടൂറിസം കേന്ദ്രം വികസിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ടൂറിസം കേന്ദ്രത്തിൽ വിനോദസഞ്ചാരികൾക്ക് നിലവിൽ എന്തെല്ലാം വിനോദ ഉപാധികളാണുള്ളത്; വിശദമാക്കാമോ; പ്രസ്തുത കേന്ദ്രത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ വികസനത്തിനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമായി വനം വകുപ്പിന്റെ സഹകരണത്തോടെ പുതിയ പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതി**

2806 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാറിൽ മുൻപ് പ്രഖ്യാപിച്ച ഹൈഡൽ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഏറെ ടൂറിസം വികസന സാധ്യതകളുള്ള ഈ പ്രദേശത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ടൂറിസവുമായി ബന്ധപ്പെട്ട് ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക് നൽകിയിട്ടുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഇടുക്കി മോഡലിൽ ഉത്സവ സീസണുകളിലെങ്കിലും നിയന്ത്രണ വിധേയമായി പൊതുജനങ്ങൾക്ക് ഡാമിലും പരിസര പ്രദേശങ്ങളിലും പ്രവേശനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മല്ലപ്പള്ളി താലൂക്ക് ആശുപത്രി നിർമ്മാണം</u>**

2807 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി എസ്.പി.വി ആയി നിശ്ചയിച്ചിട്ടുള്ള മല്ലപ്പള്ളി താലൂക്ക് ആശുപത്രി നിർമ്മാണം തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

**<u>കോങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>**

2808 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>ഉഡുപ്പി-കാസർഗോഡ് 400 കെ.വി. ലൈൻ നിർമ്മാണ പദ്ധതി</u>**

2809 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഡുപ്പി-കാസർഗോഡ് 400 കെ.വി. ലൈൻ നിർമ്മാണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>വൈദ്യുത ബോർഡ് ജീവനക്കാരുടെ ശമ്പളം</u>**

2810 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ജീവനക്കാരുടെ ശമ്പളം,പെൻഷൻ എന്നിവ ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

**<u>കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ</u>**

2811 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ അനുവദിച്ച ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെയും പോയിന്റുകളുടെയും എണ്ണം വ്യക്തമാക്കാമോ;

(ബി) പുതിയ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ, സ്റ്റേഷനുകൾ എന്നിവ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അറിയിക്കാമോ?

## കല്ലമ്പലം-പോങ്ങനാട് റോഡിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

2812 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ തലവിളമുക്കിൽ കല്ലമ്പലം-പോങ്ങനാട് റോഡിന്റെ വശത്തായി സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കൽ

2813 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരത്തിൽ യു.ജി.കേബിൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കാമോ?

## വൈദ്യുത കമ്പികൾ മാറ്റി ഏരിയൽ ബഞ്ച് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ

2814 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ നഷ്ടം തടയുന്നതിനും അപകടങ്ങളുടെ കാഠിന്യം കുറയ്ക്കുന്നതിനും നിലവിലെ വൈദ്യുത കമ്പികൾ മാറ്റി ഏരിയൽ ബഞ്ച് കേബിൾ (എ.ബി.സി.) സ്ഥാപിക്കുന്ന പ്രവൃത്തികൾ മണലൂർ മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനാകും; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ?

## പാറശ്ശാല മണ്ഡലത്തിൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ

2815 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന് കീഴിൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് പോസ്റ്റ് നമ്പർ ഉൾപ്പെടെ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ കൂടുതൽ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) മണ്ഡലത്തിൽ ഇ.വി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## കെ.എസ്.ഇ.ബി. യുടെ യു.ജി. കേബിൾ സ്ഥാപിക്കൽ

2816 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര തിരുവൈരൂർ മഹാദേവക്ഷേത്രം എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി. യുടെ യു.ജി. കേബിൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>പുരപ്പുറ സൗരോർജ്ജ പദ്ധതി</u>**

2817 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) മട്ടന്നൂർ മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി എത്ര വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ അനെർട്ട് മുഖേനയുള്ള പദ്ധതികൾ</u>**

2818 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ അനെർട്ട് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അവയ്ക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ചുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സൗരോർജ്ജം ഉപയോഗിച്ച് സർക്കാർ ഓഫീസുകൾ, സർക്കാർ സ്കൂളുകൾ എന്നിവ വൈദ്യുതവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

**<u>പുരപ്പുറ സോളാർ പദ്ധതി</u>**

2819 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023-ൽ പുരപ്പുറ സോളാർ പദ്ധതി മുഖേന എത്ര വീടുകളിലും സ്ഥാപനങ്ങളിലും വൈദ്യുതോല്പാദനം ആരംഭിച്ചുവെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ അനെർട്ട് മുഖേന ഇതര മാർഗ്ഗങ്ങളിൽ ഏതൊക്കെ ഊർജ്ജോല്പാദന സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

**<u>ഒറ്റപ്പാലം മണ്ഡലത്തിൽ അനെർട്ട് മുഖേനയുള്ള പദ്ധതികൾ</u>**

2820 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ അനെർട്ട് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അതിനായി മാറ്റി വച്ചിട്ടുള്ള തുക എത്രയാണെന്നും

വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സൗരോർജ്ജം ഉപയോഗിക്കുന്ന എത്ര ഗവൺമെന്റ് ഓഫീസുകൾ ഉണ്ട്; അവ ഏതെല്ലാമെന്നുള്ള വിശദവിവരം ലഭ്യമാക്കാമോ?

**<u>പൊന്നാനി തുറമുഖ നിർമ്മാണം</u>**

2821 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി തുറമുഖത്തിന് തറക്കല്ല് ഇട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തറക്കല്ല് ഇട്ടത് എന്നാണെന്നും ആരാണ് ഇട്ടതെന്നും വ്യക്തമാക്കാമോ;

(ബി) പൊന്നാനി തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പൊന്നാനി തുറമുഖത്തിന്റെ നിർമ്മാണം സംബന്ധിച്ച് സർക്കാർ ഏതെങ്കിലും കമ്പനികളുമായി കരാറിലോ ധാരണയിലോ എത്തിയിട്ടുണ്ടോ; വിശാദംശങ്ങൾ നൽകാമോ;

(ഇ) പൊന്നാനി തുറമുഖം യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(എഫ്) ടി തുറമുഖത്തിന്റെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്ന് അറിയിക്കാമോ;

(ജി) പൊന്നാനി തുറമുഖത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നതിന്റെ ഇനവും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**<u>വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള പദ്ധതി</u>**

2822 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിന് അഞ്ച് വർഷം കൊണ്ട് വിനിയോഗിക്കാവുന്ന രീതിയിൽ 475 കോടി രൂപയുടെ പദ്ധതിക്ക് രൂപം നൽകിയിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(സി) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് തീരശോഷണമുണ്ടായാൽ ബാധിക്കപ്പെടുന്നവർക്ക് നഷ്ടപരിഹാരവും അവരുടെ പുനരധിവാസവും സർക്കാരിന്റെ ചുമതലയിലായിരിക്കുമെന്ന് പ്രസ്തുത പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയിൽ സ്ഥലം ഏറ്റെടുക്കൽ, വീട് നിർമാണം, ജീവിതോപാധി കണ്ടെത്തൽ, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസ സഹായം, വാർദ്ധക്യകാല

പരിചരണം, കപ്പാസിറ്റി ബിൽഡിങ് എന്നീയിനങ്ങളിൽ വകയിരുത്തിയ തുക കാര്യക്ഷമമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## വിഴിഞ്ഞം തുറമുഖ പദ്ധതി

2823 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസഹായം ഉപയോഗപ്പെടുത്തി നടത്തുന്ന അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്ക വേണ്ട കാപെക്സ് ഫണ്ടിനായി സർക്കാർ സമർപ്പിച്ച അപേക്ഷയിൽ വിഴിഞ്ഞം പദ്ധതിക്ക ചെലവിട്ട തുകയുടെ ബില്ലുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതി കരാർ പ്രകാരമുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ കേന്ദ്രഗവൺമെന്റ് ഇതുവരെ നൽകിയ തുകയും ഇനി നൽകാനുള്ള തുകയും എത്രയെന്ന് അറിയിക്കുമോ;

(സി) വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടും മൂന്നും ഘട്ട നിർമ്മാണ പ്രവത്തനങ്ങൾക്കായി പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്?

## വിഴിഞ്ഞം പോർട്ടിൽ നിന്നുമുള്ള വരുമാനം

2824 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി നാളിതു വരെ അനുവദിച്ച തുക എത്ര; എത്ര തുകയാണ് നടപ്പു സാമ്പത്തിക വർഷം വിഴിഞ്ഞം ഇന്റർ നാഷണൽ സീപോർട്ട് ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ക്രെയിനുമായി ആദ്യ കപ്പൽ വിഴിഞ്ഞം തുറമുഖത്തെത്തിയതിന്റെ ഉദ്ഘാടന ചടങ്ങിനായി സർക്കാർ എന്തു തുക ചെലവഴിച്ചു; ഇപ്രകാരം ആദ്യ കപ്പൽ വന്നതിനെ തുടർന്ന് സർക്കാരിന് ലഭ്യമായ വരുമാനത്തിന്റെ വിവരങ്ങൾ അറിയിക്കാമോ;

(സി) കരാർ പ്രകാരം സംസ്ഥാന സർക്കാർ എത്ര തുക വിഴിഞ്ഞം ഇന്റർ നാഷണൽ സീപോർട്ട് ലിമിറ്റഡിന് നിലവിൽ നൽകാനുണ്ട്; നാളിതു വരെ എത്ര വരുമാനം വിഴിഞ്ഞം പോർട്ടിൽ നിന്നും സർക്കാരിന് ലഭ്യമായിട്ടുണ്ട്; വിശദമാക്കുമോ?

## തുറമുഖങ്ങൾ നവീകരിക്കുന്നതിന് കർമ്മ പദ്ധതി

2825 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യൂ ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തിന്റെ സാധ്യതകൾ പരിഗണിച്ച് കേരളത്തിന്റെ തുറമുഖങ്ങൾ നവീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ തുറമുഖങ്ങളെ ബന്ധിപ്പിച്ച കപ്പൽ സർവീസ് നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കൊല്ലം, ആലപ്പുഴ, കോഴിക്കോട് ഉൾപ്പെടെ എല്ലാ തുറമുഖങ്ങളും നവീകരിക്കുന്നതിന് ഒരു കർമ്മ പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ആലപ്പുഴയിലെ പോർട്ട് നവീകരണം

2826 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴയിൽ നിർമ്മിക്കുന്ന പുതിയ കടൽ പാലത്തിന്റെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതോടൊപ്പം ആലപ്പുഴയിലെ പോർട്ട് നവീകരിച്ച് സഞ്ചാരികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ യാത്രാ സംവിധാനവും ടൂറിസ്റ്റുകൾക്കുള്ള സൗകര്യവും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

## ഗ്രീൻഫീൽഡ് തുറമുഖം

2827 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ ആരംഭിക്കാൻ പോകുന്ന മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ് ലിമിറ്റഡ് എന്ന പേരിൽ പ്രത്യേക കമ്പനി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നു വരുന്ന ഗ്രീൻഫീൽഡ് തുറമുഖത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പോർട്ടിന്റെ ഡി.പി.ആർ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കൊല്ലം തുറമുഖ വികസനം

2828 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്ത് നിന്നും ഫലപ്രദമായി യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൊല്ലം തുറമുഖത്ത് നിന്നും ലക്ഷദ്വീപിലേക്ക് യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇതിനായി ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) അന്താരാഷ്ട്ര കപ്പൽ ചാലിന് സമീപം സ്ഥിതി ചെയ്യുന്ന കൊല്ലം തുറമുഖത്ത് കപ്പലുകൾക്ക് നങ്കൂരമിടാൻ ബങ്കറിംഗ് സംവിധാനം ഒരുക്കുന്നതിനുള്ള നിർദ്ദേശം

പരിഗണനയിലുണ്ടോ; പ്രസ്തുത സംവിധാനം തുറമുഖ വികസനത്തിന് സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കൊല്ലം തുറമുഖ വികസനത്തിന് സഹായകരമാകുന്ന മറ്റെന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## അഴീക്കൽ തുറമുഖത്ത് ചരക്ക് കപ്പൽ ഗതാഗതം

2829 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്ത് ചരക്ക് കപ്പൽ ഗതാഗതം ആരംഭിക്കുന്നതിന് മാരിടൈം ബോർഡ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുറമുഖത്ത് ചരക്ക് കപ്പൽ ഗതാഗതം ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കേരള മാരിടൈം ബോർഡ് വഴി ലൈസൻസ് വിതരണം

2830 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മാരിടൈം ബോർഡ് വഴി ബോട്ട് സ്രാങ്ക്, ഡ്രൈവർ, ലസ്കർ തസ്തികകളിലേക്കുള്ള ലൈസൻസ് വിതരണം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) മാരിടൈം ബോർഡ് വഴി വിതരണം ചെയ്യുന്ന ലൈസൻസിന്റെ ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ബോട്ട് മാസ്റ്റർ ലൈസൻസ് തുറമുഖ വകുപ്പ് വഴി പുതുക്കി നൽകുന്നുണ്ടെങ്കിലും ഉദ്യോഗാർത്ഥികൾക്ക് പുതുതായി ലൈസൻസ് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പുതുതായി ബോട്ട് മാസ്റ്റർ ലൈസൻസ് വിതരണം ചെയ്യാൻ കഴിയില്ലെങ്കിൽ നിലവിലുള്ള ലൈസൻസ് പുതുക്കി നൽകുന്നത് നിയമപ്രകാരമാണോ എന്ന് വ്യക്തമാക്കുമോ?

## ലാന്റ് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ

2831 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മാരിടൈം ബോർഡിനു കീഴിലുള്ള സ്ഥലങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും വേണ്ടി ആരംഭിച്ച ലാന്റ് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) 2023-24 ബജറ്റിൽ തുക അനുവദിച്ച ബേപ്പൂർ തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) കോഴിക്കോട് ബീച്ചിലെ ചെറുകിട കച്ചവടക്കാരെ ലൈസൻസ് നൽകി പുനരധിവസിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി

അറിയിക്കാമോ;

(ഡി) കോഴിക്കോട് പോർട്ട് മറൈൻ ബംഗ്ലാവ് പി. പി. പി. വ്യവസ്ഥയിൽ സ്വകാര്യ സംരംഭകർക്ക് നൽകാൻ മുന്നോട്ടുവെച്ച പദ്ധതിയുടെ അവസ്ഥ വ്യക്തമാക്കാമോ?

## മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിലെ കോഴ്സുകൾ പുനരാരംഭിക്കുവാൻ നടപടി

2832 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജക മണ്ഡലത്തിലെ നീണ്ടകരയിൽ സ്ഥിതിചെയ്യുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുണ്ടായിരുന്ന കോഴ്സുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## അഴീക്കോട് മാരിടൈം കോളേജിൽ നൂതന കോഴ്സുകൾ

2833 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കീഴിലുള്ള അഴീക്കോട് മാരിടൈം കോളേജിൽ മികച്ച ക്യാമ്പസ് സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്ന സാഹചര്യത്തിൽ ഇവ പ്രയോജനപ്പെടുത്തും വിധമുള്ള നൂതന കോഴ്സുകൾ തുടങ്ങാൻ സാധിക്കുമോ; വിശദമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും കോളേജിൽ പുതിയ സർട്ടിഫിക്കേഷൻ കോഴ്സുകൾ തുടങ്ങുകയും ചെയ്ത് പ്രസ്തുത കോളേജിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

## തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി

2834 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തുറമുഖവകുപ്പിന്റെ അധീനതയിൽ എവിടെയെല്ലാം ഭൂമി ഉണ്ടെന്ന് വില്ലേജും വിസ്തീർണ്ണവും തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ ഭൂമികളിൽ ഏതെല്ലാം കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(സി) കെട്ടിടങ്ങളോ മറ്റു സ്ഥാപനങ്ങളോ ഇല്ലാതെ തുറമുഖ വകുപ്പിന്റെ വെറുതെ കിടക്കുന്ന ഭൂമികൾ ഏതൊക്കെയാണെന്ന് വില്ലേജും വിസ്തീർണ്ണവും തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ ഭൂമി ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുവാൻ തുറമുഖ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) മറ്റ് വകുപ്പുകളുടെ ഏതെങ്കിലും പദ്ധതികൾക്കായി ഈ ഭൂമി വിട്ടു കൊടുക്കുമോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് ഭൂമി വിട്ടു കൊടുക്കാമെന്നും അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

## സഹകരണ വ്യവസായ പാർക്കുകൾ

2835 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും സഹകരണ വ്യവസായ പാർക്കുകൾ തുടങ്ങാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**<u>സഹകരണ വകുപ്പിലെ ബൈ ട്രാൻസ്ഫർ പ്രമോഷൻ</u>**

2836 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ യു.ഡി ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും ജൂനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ പ്രമോഷൻ നൽകുന്നതിന് വേണ്ടി നിലവിൽ മാറ്റിവെച്ചിട്ടുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഇത്തരത്തിലുള്ള പ്രമോഷന് യോഗ്യരായ എത്ര ഉദ്യോഗസ്ഥരാണ് വകുപ്പിൽ ഉള്ളത് എന്ന് വിശദമാക്കാമോ;

(സി) യു.ഡി. ക്ലാർക്ക് /ടൈപ്പിസ്റ്റിൽ നിന്നും ജൂനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലേക്ക് ബൈട്രാൻസ്ഫർ പ്രമോഷൻ നൽകുന്നതിന് യോഗ്യരായ ഉദ്യോഗസ്ഥർ ഇല്ലാത്തപക്ഷം ഈ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>സഹകരണ വകുപ്പിലെ ഓൺലൈൻ സ്ഥലമാറ്റം</u>**

2837 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ വകുപ്പിൽ ഓൺലൈൻ സ്ഥലമാറ്റം പൂർണമായും എന്ന് മുതൽ നടപ്പിലാക്കി തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ വകുപ്പിൽ ഈ വർഷം ഓൺലൈൻ മുഖാന്തിരമാണോ സ്ഥലമാറ്റം നടത്തുന്നത് എന്നറിയിക്കാമോ?

**<u>റിസ്ക് ഫണ്ട്</u>**

2838 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യമായി എത്ര തുകയാണ്

അനുവദിച്ചിട്ടുള്ളതെന്നും ആനുകൂല്യങ്ങൾ നല്കുവാൻ എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നുമുള്ള വിവരം അറിയിക്കുമോ; വ്യക്തമാക്കുമോ;

(സി) അർഹരായ മുഴുവൻ പേർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>സഹകരണ മേഖലയുടെ സമഗ്രപരിഷ്കരണം</u>**

2839 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്രപരിഷ്കരണം ലക്ഷ്യമിട്ട് സർക്കാർ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് നിയമ പ്രാബല്യം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക വികസനത്തിനായി സഹകരണ മേഖലയെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമായ സാഹചര്യത്തിൽ സർക്കാർ രൂപം നൽകിയ നിയമത്തിന് അനുമതി നൽകാതെ കാലവിളംബം വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് ഈ മേഖലയിലെ വികസനത്തെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച മറ്റു നടപടികൾ വിശദമാക്കുമോ?

**<u>സഹകരണ പരീക്ഷാ ബോർഡുകൾ വഴിയുള്ള നിയമനം</u>**

2840 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ അംഗീകൃത സ്റ്റാഫ് പാറ്റേൺ പ്രകാരം സഹകരണ പരീക്ഷാ ബോർഡുകൾ വഴി നിയമനം നൽകാവുന്ന എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) സ്ഥാപനങ്ങൾ പരീക്ഷാ ബോർഡ് വഴി അപേക്ഷിച്ചിട്ടും ഒഴിവ് നികത്താൻ ആവശ്യമായ ആളുകളെ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സഹകരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

**<u>സഹകരണ മേഖല പുനസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത</u>**

2841 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ട് സംസ്ഥാനത്തിന്റെ സഹകരണ

മേഖല പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ നടപ്പാക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച സഹകരണ പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിക്കാൻ കഴിയുന്ന വിധം സഹകരണ നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടി

2842 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിൽ നിന്ന് ലോൺ എടുത്ത ആൾ മരണപ്പെട്ടാൽ അവർക്ക് നഷ്ടപരിഹാരമായി നൽകുന്ന റിസ്ക് ഫണ്ട് അനുവദിക്കുന്നത് ആരാണെന്നും പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിൽ പലപ്പോഴും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി

2843 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നിന്നും എത്ര റിസ്ക് ഫണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും; അവ ഏതെല്ലാമെന്നും; ഇവയിൽ എത്രപേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും; വ്യക്തമാക്കാമോ;

(ബി) ഇനി ധനസഹായം കിട്ടാനുള്ളവർ ആരെല്ലാമെന്നും; ഇവരുടെ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നും; വ്യക്തമാക്കാമോ?

## പൊക്കാളി നെൽകർഷകരുടെ നെല്ലിന്റെ ന്യായവില

2844 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ പൊക്കാളി നെൽകർഷകരുടെ നെല്ല് ന്യായവിലയ്ക്ക് സംഭരിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നത് സംബന്ധിച്ച സഹകരണ വകുപ്പിലെ സി2/298/2022 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## സഹകരണ വകുപ്പിൽ ജീവനക്കാരുടെ ഓൺലൈൻ ട്രാൻസ്ഫർ

2845 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ജീവനക്കാരുടെ ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കാത്തത് അഴിമതിയും ക്രമക്കേടുകളും വർദ്ധിക്കുന്നതിന് കാരണമാകും എന്നതിനാൽ അടിയന്തരമായി ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സഹകരണ ഓഡിറ്റ് ഓഫീസ്

2846 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കേന്ദ്രമായി സഹകരണ ഓഡിറ്റ് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

## ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ

2847 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സഹകരണ സംഘങ്ങളുടെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും; അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

## സഹകരണ വകുപ്പിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി

2848 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) വകുപ്പിലെ എൻടി കേഡർ ആയ ജൂനിയർ കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) സഹകരണ വകുപ്പിൽ പുനഃസംഘടനയും ടീം ഓഡിറ്റ് സംവിധാനവും കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

## സഹകരണമേഖലയുടെ ആധുനികവത്കരണം

2849 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് മേഖലയിൽ ഉപഭോക്താക്കൾക്ക് നൂതനബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) സഹകരണരംഗത്ത് പ്രൊഫഷണലിസം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) സഹകരണസംഘങ്ങൾ സംയുക്തമായി വൻകിട പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവർത്തനം മന്ദീഭവിച്ച സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതികൾ വിശദമാക്കാമോ?

## <u>റിസ്ക് ഫണ്ട് അപേക്ഷ</u>

2850 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിന്റെ മുക്കം ശാഖയിൽ നിന്നും വായ്പയെടുത്ത ഏറാടി പറമ്പത്ത് മൂസ എന്നയാൾ മരണപ്പെട്ടതിനാൽ, റിസ്ക് ഫണ്ടിൽ നിന്നും സഹായധനം ലഭിക്കാനായി നൽകിയ അപേക്ഷ ഇതുവരെ തീർപ്പു കൽപ്പിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) 2021 ജൂലൈയിൽ അപേക്ഷ നൽകിയിട്ടും ഇതുവരെ സഹായധനം നൽകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) അപേക്ഷ പരിഗണിച്ച് അടിയന്തരമായി റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>സഹകരണ സ്ഥാപനങ്ങൾ</u>

2851 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; എത്ര കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ;

(ബി) 2022-23 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് ലക്ഷ്യമിട്ടത്; എത്ര കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു; മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണുണ്ടായത്; വ്യക്തമാക്കുമോ?

## <u>സർഫാസി നിയമം ബാധകമായ സഹകരണ ബാങ്കുകൾ</u>

2852 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സഹകരണ ബാങ്കുകൾക്കാണ് സർഫാസി നിയമം ബാധകമാക്കിയിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) സർഫാസി നിയമവുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകൾ നടത്തിയ റിക്കവറി/ അറ്റാച്ച്മെന്റ് നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) സർഫാസി നിയമവുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷം എത്ര കേസുകൾ തീർപ്പാക്കേണ്ടതുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

**സഹകരണ ജീവനക്കാരുടെ ഇൻസെന്റീവ് തുക**

2853 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വീടുകളിൽ എത്തിച്ച് നൽകുന്നതിന് സഹകരണ ജീവനക്കാർക്ക് നൽകിയിരുന്ന ഇൻസെന്റീവ് തുക ആദ്യം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ പ്രസ്തുത തുക എത്രയായി വെട്ടിക്കുറച്ചു എന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഇൻസെന്റീവ് തുക നൽകുന്നതിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്നും ആയത് എപ്പോൾ നൽകാൻ കഴിയും എന്നും വിശദമാക്കാമോ?

**സഹകരണ സ്ഥാപനങ്ങളിലെ ജാതി സംവരണം**

2854 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ എസ്. സി/എസ് .ടി സംവരണവും ഭിന്നശേഷി സംവരണവും കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇവ നടപ്പിൽ വരുത്തിയ പ്രധാന സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ?

**വിനോദസഞ്ചാര വികസനത്തിനായി സഹകരണ ബാങ്കുകളുടെ കൺസോർഷ്യം**

2855 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയുടെ സാധ്യതകൾ കണക്കിലെടുത്ത് വിനോദസഞ്ചാര വികസനത്തിനായി സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) വൈപ്പിൻകരയിലെ വിനോദസഞ്ചാര മേഖലയുടെ സാധ്യതകൾ കണക്കിലെടുത്ത് വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ഈ മേഖലയിലെ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**കോപ് മാർട്ട് ബ്രാന്റിംഗ്**

2856 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ഉല്പന്നങ്ങളുടെ ഓൺലൈൻ വ്യാപാരത്തിനായി ആരംഭിച്ച കോപ് മാർട്ട് ബ്രാന്റിംഗ് വഴി കൈവരിക്കാനായ പുരോഗതി വിശദമാക്കുമോ; കൂടുതൽ ഉല്പന്നങ്ങൾ ബ്രാന്റിംഗിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**<u>സഹകരണ മേഖലയിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി</u>**

2857 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ജീവനക്കാർക്ക് നടപ്പിലാക്കാൻ തീരുമാനിച്ച ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എങ്ങനെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് ലഭിച്ച പേക്ഷകൾ</u>**

2858 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകളാണ് റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി പരിഹരിക്കുന്നതിന് ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) അതിൽ എത്രയെണ്ണം പരിഹരിച്ചിട്ടുണ്ടെന്നും എത്രയെണ്ണം പരിഹരിക്കാൻ ബാക്കിയുണ്ടെന്നും എത്ര രൂപയുടെ ആനുകൂല്യം ആകെ നൽകിയിട്ടുണ്ടെന്നും പറയാമോ?

**<u>യുവാക്കളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ</u>**

2859 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ വി ജോയി**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ യുവാക്കളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സഹകരണ മേഖലയിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ള തൊഴിലവസരങ്ങൾ എത്രയെന്ന് വിശദമാക്കുമോ;

(സി) യുവജനങ്ങൾക്ക് തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

**<u>സ്നേഹതീരം വായ്പ പദ്ധതി</u>**

2860 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരമുഖം - സഹകരണ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്നേഹതീരം വായ്പ പദ്ധതി പ്രകാരം ഗുരുവായൂർ മണ്ഡലത്തിൽ നൽകിയ വായ്പകളുടെ വിശദാംശം നൽകുമോ; പ്രസ്തുത വായ്പ പദ്ധതിയുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

**റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച തുക**

2861 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച തുകയുടെ വിശദവിവരം ജില്ല അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര താലൂക്കിൽ അനുവദിച്ച തുകകളുടെ വിശദവിവരം ലഭ്യമാക്കുമോ?

**നവകേരളീയം ഒറ്റതവണ തീർപ്പാക്കൽ പദ്ധതി**

2862 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിന് ആരംഭിച്ച നവകേരളീയം ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി നടപ്പുസാമ്പത്തിക വർഷത്തിന്റെ അവസാനം വരെ ദീർഘിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാണോ; വ്യക്തമാക്കാമോ?

**സഹകരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

2863 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിലൂടെ സഹകരണ മേഖലയ്ക്ക് ലഭിച്ച അംഗീകാരങ്ങളും നേട്ടങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ?

**റിസ്ക് ഫണ്ട് അപേക്ഷകളുടെ വിശദാംശം**

2864 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര പേർക്കാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) അപേക്ഷ സമർപ്പിച്ചവരിൽ എത്ര പേർക്കാണ് ഇനിയും റിസ്ക് ഫണ്ട് അനുവദിക്കാനുള്ളതെന്നും റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് കാലതാമസം

നേരിടുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ?

**<u>സഹകരണ സംരംഭകത്വ-തൊഴിൽ സൃഷ്ടിക്കൽ പദ്ധതി</u>**

2865 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംരംഭകത്വ-തൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ അനുവദിച്ചിട്ടുള്ള സഹായങ്ങളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര വനിത സഹകരണ സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>കേരള ബാങ്ക്</u>**

2866 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ 2022-23 ഓഡിറ്റ് വർഷത്തിലെ ലാഭം/നഷ്ടം എത്ര രൂപയാണ്;

(ബി) 2023-24 വർഷത്തിൽ ബാങ്കിൽ നബാർഡ് ഇൻസ്പെക്ഷൻ നടന്നിട്ടുണ്ടോ; എങ്കിൽ അത് പ്രകാരം ബാങ്ക് ലാഭത്തിലാണോ നഷ്ടത്തിലാണോ; ലാഭമെങ്കിൽ എത്ര രൂപ ലാഭത്തിൽ ആണ്; നഷ്ടമെങ്കിൽ എത്ര രൂപ നഷ്ടത്തിലാണ്;

(സി) സർക്കാർ ഗ്യാരണ്ടിയിൽ കേരള ബാങ്ക് വായ്പ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് നൽകിയിട്ടുള്ളത്;

(ഡി) ആയതിന്റെ സ്ഥിതിവിവരം നൽകാമോ; ആയത് ബാങ്കിന് ബാധ്യതയാണോ; പ്രസ്തുത വായ്പകൾ എൻ.പി.എ ആയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>കേരള ബാങ്ക്</u>**

2867 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് നിലവിൽ വന്നതിന് ശേഷം അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മറ്റ് ബാങ്കുകളോടൊപ്പം മത്സരാധിഷ്ഠിതമായി പ്രവർത്തിക്കുവാൻ കേരള ബാങ്കിനെ എങ്ങനെ പ്രാപ്തമാക്കാൻ കഴിയുമെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ അഭാവത്തിൽ, ട്രഷറി ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഫണ്ടുകൾ കേരള ബാങ്ക് മുഖാന്തിരം കൈകാര്യം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അത് എപ്രകാരമാണെന്ന് വിശദമാക്കാമോ?

**<u>കേരള ബാങ്കിന്റെ വികസനം</u>**

2868 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ വി ജോയി**

**ശ്രീമതി യു പ്രതിഭ**
**ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് ലോക സഹകരണ മോണിറ്റർ പ്രകാരം ലോകത്തെ ഏറ്റവും മികച്ച സഹകരണ സ്ഥാപനങ്ങളുടെ പട്ടികയിൽ ഇടം പിടിക്കുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കേരള ബാങ്കിന്റെ നടപ്പു സാമ്പത്തിക വർഷത്തെ ആകെ ബിസിനസിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കേരള ബാങ്കിന്റെ വികസനവുമായി ബന്ധപ്പെട്ട മിഷൻ റയിൻബോ പദ്ധതിയുടെ വിശദാംശം നൽകുമോ?

## കേരള ബാങ്ക്

2869 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് ജീവനക്കാർക്ക് നൽകാനുള്ള ക്ഷാമബത്ത കുടിശിക എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കുടിശിക നൽകുന്നതിന് തടസ്സമെന്തെങ്കിലുമുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ക്ഷാമബത്ത കുടിശിക ഭാഗികമായെങ്കിലും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്ത സ്ഥാപനങ്ങളിലെ ക്ഷാമബത്ത കുടിശിക നൽകുന്നതിന് സർക്കാർ നിയന്ത്രണമേർപ്പെടുത്താറുണ്ടോ; വ്യക്തമാക്കുമോ?

## കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ

2870 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിച്ചതിനു ശേഷം പ്രസ്തുത സ്ഥാപനം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കേരള ബാങ്കിന്റെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) പ്രധാന നഗരങ്ങളിലും സാധാരണക്കാർ ആശ്രയിക്കുന്ന ചെറുപട്ടണങ്ങളിലും എ.ടി.എം. കൗണ്ടർ ആരംഭിക്കുന്നതിന് കേരളബാങ്ക് തയ്യാറാവുമോ; വിശദമാക്കാമോ?

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ലഭിച്ച ആനുകൂല്യങ്ങൾ

2871 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ ബാങ്കുകളിൽ

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എത്ര തവണ നടത്തിയിട്ടുണ്ടെന്നും ഇത് വഴി എന്തു തുകയുടെ പലിശ ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

**സഹകരണ ബാങ്ക് ലോൺ കുടിശ്ശിക ഒഴിവാക്കാൻ നടപടി**

2872 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത ശേഷം മാരക രോഗത്താലോ മരണംമൂലമോ കുടിശ്ശികയായവരുടെ കുടുംബങ്ങൾക്ക് ബാധ്യതയിൽ നിന്ന് ഒഴിവായിക്കിട്ടാൻ എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ;

(ബി) ബാങ്ക് ഭരണസമിതികൾ പ്രസ്തുത ബാധ്യത ഒഴിവാക്കി കൊടുക്കാൻ തീരുമാനമെടുക്കുന്നപക്ഷം ആയതിന് സർക്കാർ അനുമതി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി**

2873 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാരുടെ ക്ഷേമത്തിനായി നിലവിൽ വന്ന 1994-ലെ സ്വാശ്രയ പെൻഷൻ പദ്ധതി, ഫണ്ട് ദൗർലഭ്യം കാരണം പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പെൻഷൻ പദ്ധതി പരിഷ്കരണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പെൻഷൻ പദ്ധതി പരിഷ്കരണ റിപ്പോർട്ട് നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; പരിഷ്കരണ നടപടികൾ വൈകുന്ന പക്ഷം ഇടക്കാല ആശ്വാസം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പെൻഷൻ ഫണ്ട് വിപുലീകരിക്കുവാനായി പെൻഷൻ പദ്ധതി ഫണ്ട് നീക്കിയിരിപ്പിന്റെ പത്ത് ശതമാനം തുക സംസ്ഥാന ബജറ്റിൽ വകയിരുത്തണമെന്ന പെൻഷൻ സംഘടനകളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**യുവസഹകരണ സംഘങ്ങൾ**

2874 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) യുവസഹകരണ സംഘങ്ങൾക്കുള്ള സാധ്യതകൾ എന്തെല്ലാമാണെന്നും; ആയതിന് സർക്കാർ നൽകിവരുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്; അവയുടെ പ്രവർത്തന മേഖലകളുടെയും പ്രവർത്തന

രീതികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ഡി) ടൂറിസം മേഖലയിൽ യുവസഹകരണ സംഘങ്ങൾക്കുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>**

2875 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹകരണ മന്ത്രാലയത്തിൻ കീഴിൽ ആരംഭിച്ച മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ എത്രയെണ്ണം കേരളം കൂടി പ്രവർത്തന മേഖലയായി നിശ്ചയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഏതെങ്കിലും കോ-ഓപ്പറേറ്റീവ് സൊസൈറ്റി മൾട്ടി സ്റ്റേറ്റ് ആകുന്നതിന് തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാന സഹകരണ നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ നിക്ഷേപങ്ങൾക്ക് നൽകുന്നതിലും കൂടുതൽ പലിശ ഇത്തരം മൾട്ടി സ്റ്റേറ്റ് സംഘങ്ങൾ കേരളത്തിൽ വാഗ്ദാനം ചെയ്യുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം മൾട്ടി സ്റ്റേറ്റ് സംഘങ്ങൾ കൂടുതൽ പലിശ നൽകുന്നത് സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ ബാധിക്കില്ലേ; ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>സംസ്ഥാനത്തെ റബ്ബർ പ്രോസസിംഗ് സൊസൈറ്റികൾ ശക്തിപ്പെടുത്താൻ നടപടി</u>**

2876 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബ്ബർ പ്രോസസിംഗ് സൊസൈറ്റികൾ ശക്തിപ്പെടുത്തുന്നതിനും ഇടനിലക്കാരില്ലാതെ റബ്ബർ കർഷകർക്ക് ലാറ്റക്സും റബ്ബർ ഷീറ്റും ഉയർന്ന വിലക്ക് വിൽക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**<u>ടൂറിസം മേഖലയിലെ സഹകരണ സംഘങ്ങൾ</u>**

2877 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ടൂറിസം മേഖലയിൽ സഹകരണ സംഘങ്ങൾക്കുള്ള സാധ്യതകൾ എന്തെല്ലാമാണെന്നും ആയതിന് സർക്കാർ നൽകിവരുന്ന സഹായങ്ങളും പ്രോത്സാഹനങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ.;

(സി) കണ്ണൂർ ജില്ലയിൽ ടൂറിസം മേഖലയിൽ നിലവിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്; അവയുടെ പ്രവർത്തന മേഖലകളുടെയും പ്രവർത്തന രീതികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ഡി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ മലബാർ റിവർ ക്രൂയിസ് പദ്ധതികൾ

പ്രകാരമുള്ള ബോട്ട് ജെട്ടികളുടെ നടത്തിപ്പും പരിപാലനവും ഇത്തരം സഹകരണ സംഘങ്ങളെ ഏൽപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ?

**<u>കോഴിക്കോട് ജില്ലാ ലേബർ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>**

2878 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കാക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പ്രവർത്തിക്കുന്ന കോഴിക്കോട് ജില്ലാ ലേബർ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുകയും കൺവീനറെ നിയമിക്കുകയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കൺവീനറുടെ പേരും അഡ്രസ്സും ഫോൺ നമ്പറും വ്യക്തമാക്കാമോ;

(ബി) എഫ്.ഐ.ആർ. നമ്പർ 437 രജിസ്റ്റർ ചെയ്തതും സംഘത്തിന്റെ നഷ്ടം കണക്കാക്കിയതും ഓഡിറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ, എൻക്വയറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ എന്ന് വിശദമാക്കാമോ?

**<u>സഹകരണ അംഗ സമാശ്വാസ നിധി</u>**

2879 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി പ്രകാരം 2021-22, 2022-23 എന്നീ വർഷങ്ങളിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ?

**<u>കൺസ്യൂമർഫെഡിന്റെ കീഴിലെ നീതി മെഡിക്കൽ സ്റ്റോറുകൾ</u>**

2880 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ കീഴിലെ നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള മരുന്നുകളുടെ ശേഖരണ രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി വൻകിട മരുന്നുകമ്പനികളിൽ നിന്നും നേരിട്ടു മരുന്നു വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇങ്ങനെ കമ്പനികളിൽ നിന്നു നേരിട്ടു ശേഖരിക്കുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കുള്ള സംവിധാനത്തെക്കുറിച്ചുള്ള വിശദവിവരം നല്കാമോ; സഹകരണ വകുപ്പിനു കീഴിലെ മെഡിക്കൽ സ്റ്റോറുകളുടെ എണ്ണത്തിൽ വർദ്ധനവു വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ;

(ഡി) മരുന്നുകളുടെ ശേഖരണം, വിതരണം എന്നിവയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

**<u>കോ-ഓപറേറ്റീവ് അക്കാഡമി ഓഫ് പ്രഫഷണൽ എജ്യൂക്കേഷൻ</u>**

2881 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നിയന്ത്രണത്തിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രഫഷണൽ എജ്യൂക്കേഷൻ (കേപ്പ്) എന്നാണ് നിലവിൽ വന്നത്; ഇതിന്റെ കീഴിൽ എ.ഐ.സി.ടി.ഇ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര എഞ്ചിനീയറിംഗ് കോളേജുകളും മാനേജ്മെന്റ് കോളേജുകളും ഉണ്ട്; ഇതിൽ എത്ര റഗുലർ അദ്ധ്യാപകരുണ്ട്;

(ബി) കേപ്പിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് എ.ഐ.സി.ടി.ഇ /യു.ജി.സി നിഷ്കർഷിക്കുന്ന പ്രമോഷനുകൾ കാലാകാലങ്ങളായി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) കേപ്പിനു കീഴിലുള്ള കോളേജുകളിലെ റഗുലർ അദ്ധ്യാപകർക്ക് സർക്കാർ അംഗീകരിച്ച കരിയർ അഡ്വാൻസ്മെന്റ് സ്കീം (സി.എ.എസ്) നടപ്പിലാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേപ്പ് എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്; ഇത് പ്രകാരം എത്ര അദ്ധ്യാപകർക്ക് സ്ഥാനകയറ്റം ലഭിച്ചിട്ടുണ്ട്;

(ഡി) കേപ്പ് നിലവിൽ വന്നതിന് ശേഷം നാളിതു വരെ അനദ്ധ്യാപക ജീവനക്കാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ധ്യാപകർക്ക് മാത്രം പ്രമോഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) കേപ്പിലെ കോളേജുകളിൽ അദ്ധ്യാപകരുടെ കേഡർ റേഷ്യോ നിലനിർത്തുന്നതിനും എൻ.ബി.എ അക്രഡിറ്റേഷന് കാലാകാലങ്ങളിൽ അപേക്ഷിക്കുന്നതിനും കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനും സി.എ.എസ് നടപ്പിലാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം

അംഗീകരിച്ച തീയതി: 05-02-2024
ഷാജി സി. ബേബി,
സെക്രട്ടറി ഇൻ ചാർജ്

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].